# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം**

Pages -52

വാല്യം - 16 | ലക്കം - 11 | തുലാം - 1200 | നവംബർ - 2024



## എറണാകുളം കരയോഗം നവരാത്രി ആഘോഷം....









## ചൈത്രത്തിന്റെ 17-ാം വാർഷികാഘോഷങ്ങളിൽ നിന്ന് ....





## എഡിറ്റോറിയൽ



# അഭിമാനകരം ഈ വളർച്ച

ഏറെ തിളക്കമുള്ള ഒരു നേട്ടം കൂടി കൈവരിച്ചിരിക്കുന്നു നമ്മുടെ രാജ്യം. നമ്മുടെ വിദേശനാണ്യശേഖരം 70000 കോടി ഡോളർ കടന്നിരിക്കുന്നു. ഇതൊരു ചരിത്ര സംഭവമാണ്. പണ്ട് ലോക സമ്പദ് വ്യവസ്ഥയെ കൈപ്പിടിയിലൊതുക്കി നിയന്ത്രിച്ചിരുന്ന ചില വമ്പൻ രാജ്യങ്ങളെയെല്ലാം പിന്നിലാക്കികൊണ്ടാണ് ഭാരതം ഇന്ന് ഏറ്റവും കൂടുതൽ വിദേശനാണ്യ നിക്ഷേപമുള്ള രാജ്യങ്ങളുടെ പട്ടികയിൽ നാലാം സ്ഥാനത്തെത്തിയിരിക്കുന്നത്. ഭാരതത്തിലെ ഓരോ പൗരനും ഏറെ അഭിമാനിക്കാൻ വക നൽകുന്നതാണ് ഈ നേട്ടം . കാരണം പത്ത് പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ നാട് അതിദുർബല സാമ്പത്തിക അടിത്തറയുള്ള രാജ്യങ്ങളുടെ പട്ടികയിലായിരുന്നു. അവിടെ നിന്നുള്ള ഈ വളർച്ച ലോകത്തെ സകല രാജ്യങ്ങളെയും സാമ്പത്തിക വിദഗ്ദ്ധരേയും അത്ഭുതപ്പെടുത്തുകയാണ്. ഈ നേട്ടം കൈവരിക്കുവാനും രാജ്യത്തിന്റെ സാമ്പത്തികനില ഭദ്രമാക്കികൊണ്ട് ആഗോള സമ്പദ് വ്യവസ്ഥയിൽ മുൻനിരയിൽ നിൽക്കുന്ന ഒരു രാജ്യമായി മാറാനും ഇന്ന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം എങ്ങനെനേടി എന്ന് ചോദിച്ചാൽ ഭരണകർത്താക്കളും ജനങ്ങളും ഒന്നായി നിന്നുകൊണ്ടുള്ള കൂട്ടായ പ്രവർത്തനം രാജ്യ പുരോഗതിക്കുതകുന്ന ഉത്തമമായ പദ്ധതികൾ ആവിഷ്കരിച്ച്, കൃത്യതയോടു

# ഉള്ളടക്കം

വാല്യം 16 | ലക്കം 11 | നവംബർ 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു. | 9 |
| ക്ഷേത്രങ്ങളിലൂടെ. | 11 |
| കാളിദാസൻ ഒരു ആമുഖം | 16 |
| സുഭാഷിതം | 18 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-7 | 19 |
| നൈപുണ്യ പരിശീലനം | 22 |
| വിഷാദ രോഗം | 24 |
| പ്രണയം | 26 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| ചതുരംഗ വീഥി | 30 |
| നമഃശിവായ | 33 |
| പശ്ചിഘട്ട മലനിരകളും വയനാട് ദുരന്തവും | 36 |
| യാത്രാ വിവരണം | 38 |
| ദൃക്ക് ദൃശ്യ വിവേകം | 40 |
| എന്റെ അമ്മയുടെ കഥ, എന്റെയും | 44 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |


## പത്രാധിപസമിതി


**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

കൂടി സമയബന്ധിതമായി അവ നടപ്പാക്കുന്നതിനുള്ള ചാതുര്യം രാജ്യ പുരോഗതിയുടെ താക്കോൽ വാഹകരും മുൻനിര പ്രവർത്തകരുമായ കർഷകരുടെയും തൊഴിലാളികളുടെയും ആവശ്യാഭിലാഷങ്ങൾ കണ്ടറിഞ്ഞ് അവർക്ക് വേണ്ടതെല്ലാം നൽകി കർമ്മരംഗത്ത് അവരെ ഉർജ്ജസ്വലരായി നിർത്തുമ്പോൾ എല്ലാം സാധിതപ്രായമാകും.

ഒരു രാജ്യത്തിന്റെ വളർച്ച നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് ആ രാജ്യത്തിന്റെ കയറ്റുമതി ഇറക്കുമതി നയമാണ്. കയറ്റുമതി കൂടുതലും ഇറക്കുമതി കുറവുമായാൽ മാത്രമേ സമ്പദ് വ്യവസ്ഥ വളരുകയുള്ളു. അത് സാധ്യമാവണമെങ്കിൽ ആഭ്യന്തര ഉത്പാദനം വർദ്ധിക്കണം. കൃഷിയും വ്യവസായവും വളരണം. മറ്റുള്ള രാജ്യത്തെ ജനങ്ങളുടെ ആവശ്യങ്ങൾ കൂടി കണ്ടറിഞ്ഞ്, അവർക്ക് വേണ്ടുന്ന വസ്തുക്കളുടെ ഉത്പാദനം നാം നടത്തുമ്പോഴാണ് കയറ്റുമതി വർദ്ധിക്കുന്നത്. അത് അന്താരാഷ്ട്ര നിലവാരത്തിൽ ഗുണമേന്മയുള്ള, ഉപഭോക്താവിന്റെ പ്രീതിപിടിച്ചു പറ്റുംവിധമുള്ള ഉൽപന്നങ്ങളായിരിക്കണം ഉൽപാദിപ്പിക്കേണ്ടത്. ഒപ്പം നമ്മുടെ രാജ്യം എല്ലാവിധത്തിലും സ്വയം പര്യാപ്തതയും കൈവരിക്കണം അപ്പോൾ മാത്രമേ ഇറക്കുമതി കുറയ്ക്കാനും കയറ്റുമതി വർദ്ധിപ്പിക്കാനും കഴിയുകയുള്ളു. ഈ ആശയങ്ങളെല്ലാം മുൻനിർത്തിക്കൊണ്ടാണ് ഇന്നത്തെ നമ്മുടെ 'Make in India' പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ വളരെ കൂടുതൽ പണം ചെലവഴിച്ചിരുന്നതും വിദേശ രാജ്യങ്ങളെ ആശ്രയിച്ചിരുന്നതും പ്രതിരോധമേഖലയ്ക്കാവശ്യമായ വസ്തുക്കളും ആയുധങ്ങളും ഇറക്കുമതി ചെയ്യുന്നതിനായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി മാറി. നമുക്ക് ആവശ്യമുള്ളത്ര ആയുധങ്ങളും ആ മേഖലയിലേക്ക് ആവശ്യമായ വസ്തുക്കളും ഏറിയ പങ്കും നാം തന്നെ ഉത്പാദിപ്പിക്കുന്നു എന്നുമാത്രമല്ല പല രാജ്യങ്ങളിലെയ്ക്കും നാം ഇന്ന് ആയുധ കയറ്റുമതി നടത്തുന്നുണ്ട് . ഇത് ആയുധ കച്ചവടത്തിന്റെ കുത്തകാവകാശികളായി നടിച്ചിരുന്ന ചിലരെയൊക്കെ ചൊടിപ്പിച്ചിട്ടുമുണ്ട്. പക്ഷെ അന്താരാഷ്ട്രതലത്തിൽ നാം നേടിയിട്ടുള്ള അംഗീകാരവും നമ്മുടെ സാമ്പത്തിക മേന്മയും സൈനീകശക്തിയും ഒക്കെകൊണ്ട്, പണ്ടത്തെ ഭാരതമല്ല ഇതെന്ന് എല്ലാവർക്കും ബോധ്യമുണ്ട്.

കൃഷിയേയും കൃഷിക്കാരനേയും പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് തന്നെ കാർഷികോല്പന്നങ്ങളുടെ കയറ്റുമതിയും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എടുത്തു പറയേണ്ടുന്ന മറ്റൊരു മേഖല ശാസ്ത്രജ്ഞരുടെ സംഭാവനയാണ്. ശാസ്ത്രത്തിന്റെ സമസ്ത മേഖലകളിലും നാം അത്ഭുതപൂർവ്വമായ വളർച്ചയാണ് കാഴ്ച വെച്ചിരിക്കുന്നത്. വിദേശനാണ്യശേഖരം നേടിയെടുക്കുന്നതിൽ ഈ വിഭാഗം ഒട്ടേറെ മുന്നിലെത്തിക്കഴിഞ്ഞിരിക്കുന്നു. വ്യവസായ വളർച്ചയ്ക്കു വേണ്ട അടിസ്ഥാന ഘടകങ്ങളായ റോഡ്, വൈദ്യുതി മുതലായ എല്ലാ സകാര്യങ്ങളും ദ്രുതഗതിയിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ് . ഇതേ ഗതിവേഗതയോടെ മുന്നോട്ടു കുതിച്ചാൽ, സമസ്തമേഖലയിലുമുള്ള ഇന്നത്തെ വളർച്ചയ്ക്ക് കോട്ടം തട്ടാതെ കാത്തുസൂക്ഷിച്ചാൽ സാമ്പത്തിക ഭദ്രതയിലും വിദേശനാണ്യശേഖരത്തിലും ഭാരതം ഒന്നാമത് എന്ന് കേൾക്കാൻ അധികനാൾ വേണ്ടിവരില്ല . ആ സുദിനത്തിനായി കാത്തിരിക്കാം - പ്രത്യാശയോടെ!

ജയ് ഹിന്ദ്



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

*പ്രിയ കരയോഗാംഗങ്ങളെ,*

എറണാകുളം കരയോഗത്തിന്റെ ശതാബ്ദി 2025ലാണ് എന്ന് വീണ്ടും ഓർമ്മപ്പെടുത്തേണ്ട ആവശ്യം ഇല്ലല്ലോ. എന്നാൽ അതോടനുബന്ധിച്ചുള്ള പദ്ധതികളും പരിപാടികളും നിരന്തരം നമ്മുടെ ശ്രദ്ധയിലും ഓർമ്മയിലും വേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എല്ലാം തന്നെ ഓരോന്നോരോന്നായി പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് ഭരണസമിതി. സ്വപ്നപദ്ധതികളായ തുടർ ചികിത്സാകേന്ദ്രവും 'വസുധൈവകുടുംബകം' എന്ന ആശയത്തിലുള്ള സ്വച്ഛ ഗ്രാമപദ്ധതിയും ഉൾപ്പെടുന്ന രണ്ടു പദ്ധതികൾ ഭാരിച്ച സാമ്പത്തിക ചിലവ് വരുന്നതായതുകൊണ്ട് അത് ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകും എന്നത് സ്വാഭാവികമാണ്.

ശതാബ്ദിയോഘോഷപരിപാടികൾ എങ്ങനെ, ഏത് രീതിയിൽ എത്ര ദിവസം നടത്തണം എന്ന കാര്യങ്ങളെകുറിച്ചുള്ള ചിന്തയിലും ചർച്ചയിലുമാണ് ഭരണസമിതി. ജനുവരിയോടുകൂടി അതിനുള്ള കൂടിയാലോചനായോഗങ്ങളും കരട് തീരുമാനങ്ങളും എല്ലാം പ്രാഥമികമായി നടപ്പിലാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. കരയോഗ സൗഹൃദയത്തിന്റെ മുൻ ലക്കങ്ങളിൽ ടി വിഷയങ്ങൾ പലപ്പോഴായി പ്രതിപാദിച്ചിട്ടുള്ളതാണ്. കഴിഞ്ഞ പൊതുയോഗത്തിന്റെ തീരുമാനമനുസരിച്ച് കരയോഗാംഗങ്ങൾ ശതാബ്ദിയാഘോഷപരിപാടികൾക്ക് നിശ്ചയിച്ചിട്ടുള്ള തുക അടയ്ക്കണമെന്നും കൂടാതെ ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക ഉണ്ടെങ്കിൽ അതും അടയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു. അതുപോലെ തന്നെ കരയോഗത്തിന്റെ നിയമാവലി 7 (IV) ൻെറ നോട്ട് പ്രകാരം അംഗസംഖ്യ 5000 ആയി നിജപ്പെടുത്തിയിട്ടുള്ളതാണെന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. എറണാകുളം കരയോഗത്തിൽ നിലവിലുള്ള അംഗങ്ങളുടെ കുടുംബത്തിന് (അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മക്കൾ എന്നിവർക്ക്) ഉൾപ്പെടെ നിലവിലുള്ള ആജീവനാംഗത്വ ഫീസിൽ 10000 രൂപ ഇളവ് നൽകി അംഗത്വമെടുക്കുവാനുള്ള അവസരം അംഗങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് വീണ്ടും ഓർമ്മപ്പെടുത്തുകയാണ്.

അംഗത്വത്തിനുള്ള ഒഴിവുകൾ വളരെ കുറച്ച് മാത്രമാണ് കരയോഗത്തിലുള്ളതെന്നും ആയതുകൊണ്ട്, മുൻഗണനാക്രമത്തിൽ നൽകുകയാണ് ചെയ്യുന്നതെന്നും അറിയിക്കുന്നു ശതാബ്ദിയാഘോഷപരിപാടികൾക്കും പദ്ധതികൾക്കും എല്ലാ അംഗങ്ങളും ആത്മാർത്ഥമായി സഹകരണങ്ങളും നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

2024 നവംബർ 18-ാം തീയതി മുതൽ 22-ാം തീയതി വരെ എല്ലാ ദിവസവും വൈകുന്നേരം 6 മണി മുതൽ 8.30 വരെ ടി.ഡി.എം ഹാളിൽ ജ്ഞാനപ്പാന പ്രഭാഷണ പരമ്പര നടത്തപ്പെടുന്നു. പ്രഭാഷണം നടത്തുന്നത് ശരത് .എ. ഹരിദാസൻ. ഏവർക്കും സ്വാഗതം.

2024 നവംബർ 21-ാം തീയതി മുതൽ 23-ാം തീയതി വരെ, മണ്ഡലകാലത്തോടനുബന്ധിച്ച് ടി.ഡി.എം ഹാളിൽ രാവിലെ 7.30 മുതൽ അയ്യപ്പഭാഗവതപാരായണം ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വേൾഡ് ഹെറിറ്റേജ് വീക്ക് എന്ന പ്രോഗ്രാം നവംബർ 23, 24, 25 തിയതികളിൽ വൈകുന്നേരം 5 മണി മുതൽ 7 മണി വരെ ടി.ഡി.എം ഹാളിൽ ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗം സാംസ്ക്കാരികവേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം നവംബർ 17 ഞായറാഴ്ച വൈകിട്ട് 4 മണിക്ക് വയലാർ, ബ്രഹ്മാനന്ദൻ, കമുകറ പുരുഷോത്തമൻ എന്നിവരുടെ ഗാനങ്ങൾ ടി.ഡി.എം. ഹാളിൽ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം സാഹിതിയോഗത്തിന്റെ 2024 നവംബർ മാസത്തെ പരിപാടി 24-ാം തീയതി ഞായറാഴ്ച 3.30 മണിക്ക് ടി.ഡി.എം. ഹാളിൽ. വിഷയം: നളചരിതം അവതരണം ശ്രീ. കെ .രാധാകൃഷ്ണൻ.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2024 നവംബർ 26 ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് അർജ്ജുൻ മാസ്റ്റർ അനുസ്മരണം . കൊച്ചിൻ ബാങ്ക് അവതരിപ്പിക്കുന്ന 'തളിർവലയോ' ഗാനമേള. ഏവർക്കും സ്വാഗതം.

കൂടുതൽ സജീവമായ പ്രവർത്തനങ്ങളും ഇടപെടലുകളും നിങ്ങളിൽ നിന്ന് ഉണ്ടാകണമെന്നും കരയോഗത്തിന്റെ പരിപാടികളിൽ നിങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉറപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

*****

## 99-ാമത് സ്ഥാപകദിനവും, 2024-ലെ കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ **99-ാമത് സ്ഥാപകദിനവും, 2024-ലെ കുടുംബസംഗമവും** ഡിസംബർ 25 ബുധനാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം ഹാളിൽ സമുചിതമായി ആഘോഷിക്കുന്നു. അന്നേ ദിവസം രാവിലെ 5 മണിക്ക് അഷ്ടദ്രവ്യഗണപതിഹോമം, നവകം, പഞ്ചഗവ്യം, എന്നീ ചടങ്ങുകൾ ക്ഷേത്രതന്ത്രി പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തുന്നു.

കുടുംബസംഗമത്തോടനുബന്ധിച്ച് രാവിലെ മുതൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കരയോഗം അംഗങ്ങൾ ഡിസംബർ 15ന് മുമ്പ് പ്രൊഫ. സുമംഗലാദേവിയെയോ, ശ്രീമതി ശുഭാ വിജയനേയോ ഫോണിൽ ബന്ധപ്പെടേണ്ടതാണ്. നമ്പർ: 9447785214, 9446357315.

കുടുംബസംഗമത്തോടനുബന്ധിച്ച് കരയോഗം ഒരുക്കുന്ന സൽക്കാരത്തിൽ പങ്കെടുക്കുന്നതിനുള്ള കൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-2361160 Extn: 111, 112

**10.00 മണി മുതൽ : വിവിധ കലാപരിപാടികൾ**

**ഉച്ചയ്ക്ക് 1 മണിക്ക് : ഉച്ചഭക്ഷണം, വൈകുന്നേരം 5.30 ന് : അയ്യപ്പൻ പാട്ട്**

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷ ഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

### കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടേയോ ജോയിൻ ചെയ്യാവുന്നതുമാണ്.

**☞ 8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## വാക്കിന്റെ വില

**പ്രിയപ്പെട്ടവരേ,**
ഒരു കഥ വായിച്ചോളൂ.

ഒരിടത്ത് ഒരു മഹാക്ഷേത്രത്തിന്റെ പണി നടക്കുകയായിരുന്നു. നൂറുകണക്കിനു നിർമ്മാണത്തൊഴിലാളികൾ അവിടെ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുകയാണ്.

അപ്പോഴാണ്, അതുവഴിപോയാൽ എവിടെ എത്തുമെന്ന് ചോദിച്ച് ഒരു സന്യാസി വന്നത്.

'ഇവിടെ അടുത്ത് ഒരു സിദ്ധാശ്രമമുണ്ടെന്നു കേട്ട് വന്നതാണ്. ഇതുവഴിയല്ലേ അങ്ങോട്ട് എളുപ്പം?

'അതെയതെ. കുറച്ചുചെല്ലുമ്പോൾ വഴിപിരിയും. വലത്തോട്ടുതിരിഞ്ഞ് അല്പം ചെല്ലുമ്പോൾ അത്രയൊന്നും ദൂരെയല്ലാതെ കാണാം ഗുരുവിന്റെ പർണ്ണശാലയും ആശ്രമവും.'

പണിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് നിന്ന ആൾ പറഞ്ഞു.

'ഇപ്പോൾ ചെന്നാൽ എങ്ങനെ, ഗുരുവിനെ കാണാൻ പറ്റുമോ?'

'ചെന്നു നോക്കു. വലിയ സിദ്ധനെന്നാ എല്ലാവരും പറഞ്ഞു കേൾക്കണേ. എപ്പോഴും പല വേഷത്തിൽ യാത്ര പോകും ഗുരു. ഞങ്ങൾ കൂടി ഇതുവരെ ഒന്നു കണ്ടിട്ടില്ല.

'ഓഹ്. അങ്ങനെയോ. ചെന്നു നോക്കട്ടെ' അയാൾക്ക് നന്ദി പറഞ്ഞ് നടക്കാൻ തുടങ്ങുമ്പോൾ സന്യാസി അവിടെ കണ്ട ഒരു കല്ലാശാരിയോട് ചോദിച്ചു.

'നിങ്ങൾ എന്തിനുവേണ്ടിയാണ് ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത?'

കല്ലാശാരി മുഖമുയർത്തി.

'ഇതെന്റെ വയറ്റിപ്പിഴപ്പാണ്. കുടുംബത്തെ പോറ്റണ്ടേ. അതിനായി മാത്രം ഞാൻ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.' സന്യാസി മുൻപോട്ടു നടന്നു.

കല്ലിൽനിന്ന് കരകൗശലത്താൽ ഏതൊരുരൂപം കൊത്തിയുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന മറ്റൊരാശാരിയെ സന്യാസി കണ്ടു. അയാളോടും അദ്ദേഹം ചോദ്യം ആവർത്തിച്ചു. അയാളുടെ മറുപടി മറ്റൊന്നായിരുന്നു. അയാൾ പറഞ്ഞു. 'നോക്ക് ഞാനൊരു ശില്പിയാണ്. ഈ ശില്പത്തിലൂടെ എന്റെ കഴിവ് എനിക്ക് ലോകത്തെ അറിയിക്കണം. അതിനായികൊണ്ടുമാത്രം ഞാനിവിടെ ജോലി ചെയ്യുന്നു.'

സന്യാസി നടന്ന് മൂന്നാമതൊരു കല്ലാശാരിയുടെ അടുത്തെത്തി. അയാളോടും ചോദിച്ചു അദ്ദേഹം അതെ ചോദ്യം.

മൂന്നാമന്റെ ഉത്തരം തീർത്തും വ്യത്യസ്തവും ചിന്താപരവുമായിരുന്നു.

'ഇതൊരു വിഷ്ണുക്ഷേത്രമാണ് ഇവിടെ പണിതുയർത്തുന്നത്. വിഷ്ണു എന്റെ പ്രഭുവാണ്. ഈ ലോകത്തിന്റെ തന്നെയും പ്രഭുവിനെ നിത്യവും കണ്ട് ഉപാസിക്കുന്നതിനായി കാലാന്തരത്തിൽ ഇവിടെ എത്ര ലക്ഷം പേരെത്തും. അവർക്കുവേണ്ടി ഈ ക്ഷേത്രത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണമെന്നുണ്ട്. ആ മഹത് കർമ്മത്തിനുവേണ്ടി ഇവിടെ ഞാൻ എന്നെത്തന്നെ സമർപ്പിച്ചിരിക്കുന്നു.'

മൂന്നാമത്തെ ആശാരിയുടെ പ്രതികരണം സന്യാസിയെ വല്ലാതെ സന്തോഷിപ്പിച്ചു. അദ്ദേഹം പറഞ്ഞു.

'വിലയുള്ള വാക്കുകളാണിത്.'

സന്യാസി നിലത്തുനിന്ന് ഒരു കല്ലെടുത്ത്

( ശേഷം 23-ാം പേജിൽ)



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## അന്ധവിശ്വാസവും വാസ്തുശാസ്ത്രവും


ഞാൻ പോയി നോക്കിയ ഒരു വീടിന്റെ മുഖം പടിഞ്ഞാറോട്ടാണ്. ഗേറ്റ് പടിഞ്ഞാറ് മദ്ധ്യത്തിലും. വീടിന്റെ ചുറ്റുമുള്ള ഒഴിഞ്ഞസ്ഥലം വടക്കും, തെക്കും ഏതാണ്ട് ഒരു പോലെയാണ്. കിഴക്കിനേക്കാൾ കൂടുതൽ സ്ഥലം പടിഞ്ഞാറുണ്ട്. കിഴക്കുവശം വടക്കോട്ടു പോകുംതോറും രണ്ടു സ്ഥലത്തു മുറിഞ്ഞു പോയിട്ടുണ്ട്. അതായതു വീടിന്റെ തെക്കുവശം വീതികുടുതലും, വടക്കുവശം വീതികുറവുമാണ്. ഗൃഹനാഥൻ അമ്പലത്തിലേക്കു പോകാൻവേണ്ടി കാറിൽ യാത്ര ചെയ്യുമ്പോൾ പുറകിൽ ഒരു ബൈക്ക് വന്നിടിച്ചു കാറിന്റെ നിയന്ത്രണം വിട്ടുവെങ്കിലും ആർക്കും ഒരു പരിക്കും പറ്റിയില്ല. എങ്കിലും മനസികപ്രശ്നം കാരണം ജ്യോതിഷൻ എന്ന് പറയപ്പെടുന്ന ഒരാളിന്റെ അടുത്തുപോയി, പ്രശ്നം വെച്ചപ്പോൾ വീടിന്റെ കണക്കുകളിൽ പിഴവുണ്ടെന്നും, പടിഞ്ഞാറുഭാഗത്തു റോഡാണെകിലും പടിഞ്ഞാട്ട് മുഖമുള്ള വീടിന്റെ മുഖം വടക്കോട്ടുമാറ്റി വടക്കോട്ട് ഇറങ്ങണമെന്ന് നിർദ്ദേശിച്ചതനുസരിച്ചു വടക്കുവശത്തു ഒരു മുറിയും, വരാന്തയും ഉണ്ടാക്കി വടക്കോട്ടിറങ്ങി പടിഞ്ഞാറോട്ടു പോകാൻ പാകത്തിന് ശരിയാക്കി. അതോടുകൂടി വീടിന്റെ ഒഴിഞ്ഞസ്ഥലം തെക്കിനേക്കാൾ വടക്കുവശം പകുതിയായി കുറഞ്ഞു. വടക്കുകിഴക്കെ മൂലയിൽ ഒരാൾക്ക് നടക്കുവാൻ പോലും സ്ഥലമില്ലാതായി.

വീടിന്റെ മുഖം പടിഞ്ഞാറോട്ടുള്ളത് വടക്കോട്ടാക്കിമാറ്റി, എല്ലാമുറികളുടെയും കണക്കുകൾ ശരിയാക്കി. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ കുടുംബത്തിൽ ആകെ ബന്ധങ്ങൾ തകർന്നു. സമാധാനം പോയി. എല്ലാവരവുകളും നിന്നു. വീണ്ടും അദ്ദേഹത്തെ പോയിക്കണ്ടു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ആഭരണങ്ങൾ പണയം വെച്ച് പൈസയുണ്ടാക്കി തെക്കും, വടക്കുമുള്ള അമ്പലങ്ങളിൽ പോയി പൂജകൾ ചെയ്ത് ആകെ കടം കേറി. വീട് ജപ്തിയിലെത്തിയിരിക്കുന്നു. വീടിന്റെ വടക്കുവശത്തും, കിഴക്കുവശത്തും ധാരാളം സ്ഥലമുണ്ടായിരുന്ന സമയത്തു യാതൊരു പ്രശ്നങ്ങളുമില്ലാതെ സുഖമായി ജീവിച്ചിരുന്നവരാണ്. അദ്ദേഹം പറഞ്ഞതനുസരിച്ച വടക്കുവശത്തു മുറിയെടുത്തു മുഖം വടക്കോട്ടാക്കി മാറ്റിയപ്പോൾ വീടിന്റെ വടക്ക്കിഴക്കു മൂല അടയുകയും വീട്ടിലേക്കു വരുന്ന എല്ലാ എനർജിയും കുറയുകയും എല്ലാവരുടെയും മാനസിക ആരോഗ്യത്തിൽ പ്രശ്നങ്ങൾ വരുകയും ചെയ്തു.

വീട് പണിയുമ്പോൾ മുഖം എവിടേക്കായാലും, റോഡ് എവിടെയായാലും പടിഞ്ഞാറും, തെക്കും ഏറ്റവും കുറച്ചു സ്ഥലം ഒഴിച്ചിട്ടു വടക്കും, കിഴക്കും ധാരാളം സ്ഥലം വിടണം. ഏതെങ്കിലും കാരണവശാൽ വടക്കിനേക്കാൾ കൂടുതൽ തെക്കും, കിഴക്കിനേക്കാൾ കൂടുതൽ പടിഞ്ഞാറും ഒഴിഞ്ഞ സ്ഥലം ഉണ്ടെങ്കിൽ തെക്കും, പടിഞ്ഞാറും ചെറിയ കുട്ടിമതിൽ കെട്ടി തെക്കുപടിഞ്ഞാറെ മൂല വടക്കുകിഴക്കിനേക്കാൾ കുറവായിവരാൻ പാകത്തിന് ശരിയാക്കണം. കുട്ടിമതിലിന്റെ നീളം വീടിന്റെ നീളത്തിന്റെയും വീതിയുടെയും നാലിൽ ഒന്ന് മതി.

അല്പജ്ഞാനികളുടെയും, അന്ധവിശ്വാസം പ്രചരിപ്പിക്കുന്നവരുടെ ഉപദേശങ്ങൾ ഒഴിവാക്കണം. മേൽപറഞ്ഞ ആളെ കാണുകയും വടക്ക് മുറിയെടുത്തു മുഖം വടക്കോട്ടാക്കുകയും ചെയ്തതോടെയാണ് സർവ്വ നാശവും സംഭവിച്ചത്. ദയവായി നിസ്സാരകാര്യങ്ങൾക്കു ഇങ്ങനെയുള്ളവരെ കാണരുത് അവർക്കു വാസ്തുശാസ്ത്രം അറിയണമെന്നില്ല. ജോതിഷ്യം ഗ്രഹനില മാത്രം നോക്കി കാര്യങ്ങൾ തീരുമാനിക്കുന്നു. ആകാശത്തുനിൽക്കുന്ന ഗ്രഹങ്ങളുടെ സ്ഥാനം മാറ്റുവാൻ ആർക്കും സാധ്യമല്ല. എന്നാൽ വാസ്തുശാസ്ത്രപ്രകാരം വീട്ടിൽ അടുക്കളയുടെ കിഴക്കുവശത്തു ഒരു ജനൽ വയ്ക്കുന്നതിനും,

കിടപ്പുമുറിയുടെ കിഴക്കോ തെക്കോ പടിഞ്ഞാറോ ഒരു ജനൽ വെച്ചാൽ വീട്ടിലേക്കു രാവിലത്തെ വെയിലും, വൈകുന്നേരത്തെ പോക്കുവെയിലും കടത്തിവിട്ടു അവിടെ താമസിക്കുന്നവരുടെ ശരീരത്തിനും മനസ്സിനും ആരോഗ്യമുള്ളതാക്കാൻ പറ്റും. ചുരുക്കിപ്പറഞ്ഞാൽ പഞ്ചഭൂതങ്ങളെ (ഭൂമി, ആകാശം, ജലം, വായൂ, അഗ്നി ) വീടിനു അനുകൂലമായി മാറ്റുന്നതാണ് വാസ്തുശാസ്ത്രം. സ്കെച്ച് നോക്കുക. വടക്ക് കിഴക്കു മുറിഞ്ഞ വീട്.




പണ്ടു കാലത്ത് വീടു പണിക്ക് ഉപയോഗിച്ചിരുന്ന അളവുകൾ കോലും, വിരലും ആയിരുന്നു. ഇന്ന് മീറ്ററും, സെന്റിമീറ്ററുമായി. അന്നെല്ലാം കല്ലും, മരവും, ഓലയും, ഓടും ഉപയോഗിച്ചാണ് വീടുകൾ പണിതിരുന്നത്. വീടിന്റെ മേൽക്കൂരയ്ക്ക് മരം മുറിക്കുന്നതിനും കഴുക്കോലുകളുടെ നീളം കണക്കാക്കുന്നതിനും ഉപയോഗിച്ചിരുന്ന കണക്കു പട്ടിക (കണക്കുകോൽ) ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം മാറി. ഒന്നും തന്നെയില്ല. ഇത്രയും പറഞ്ഞതിന്റെ കാരണം ഇന്നലെ പോയ വീട്ടിലെ ഭാര്യാഭർത്താക്കന്മാർ തമ്മിൽ നിസ്സാരകാര്യങ്ങൾക്ക് കലഹം ഉണ്ടാക്കുന്നു. രാവിലെ തന്നെ കാറിന്റെ താക്കോൽ, മൊബൈൽ ഫോൺ എന്നിവ വച്ച സ്ഥലങ്ങൾ ഓർമ്മയില്ലാത്തതാണ് കാരണം. ഇതിനെല്ലാം സ്ഥിരമായി ഒരു സ്ഥലം തീരുമാനിച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. കുടുംബകലഹത്തിന്റെ കാരണം തേടിയപ്പോൾ സമീപിച്ച ആൾ രണ്ടു കാര്യങ്ങളാണ് കണ്ടെത്തിയത്.

1) ആ വീടിന്റെ അടുക്കളയുടെ കണക്കും ഗൃഹനാഥന്റെ നാളും തമ്മിൽ യോജിക്കുന്നില്ല.

2) വീടിന്റെ പ്രധാനവാതിൽ കന്നിമൂലയിലാണ് എന്ന് ജ്യോത്സ്യൻ പറഞ്ഞു.

ഗൃഹനാഥന്റെ നാളും, അടുക്കളയുടെ അളവും തമ്മിൽ ബന്ധം വന്നാൽ കുടുംബകലഹം ഉണ്ടാകുന്നില്ലങ്കിൽ Divorce-ഉം മറ്റും ഉണ്ടാകില്ലല്ലോ. ഇന്നത്തെ കാലത്ത് പലർക്കും അവരുടെ നാളുകൾ അറിയില്ല. പണ്ട് നാളുകൾ നോക്കിയാണ് പിറന്നാളും, മറ്റുപല കർമ്മങ്ങളും ചെയ്തിരുന്നത്. ഇന്നത്തെ കാലത്തു Date of Birth മാത്രമേ ആളുകൾ ഓർമ്മവയ്ക്കുന്നുള്ളു. ഗൃഹനാഥന്റെ നാളുനോക്കി കണക്കു ശരിയാക്കിയാൽ അടുത്ത തലമുറ വരുമ്പോൾ വീണ്ടും കണക്കു ശരിയാക്കേണ്ടിവരും

മറ്റൊന്ന് കന്നിമൂലയിലെ പ്രധാന വാതിൽ ആണ്. പരിശോധനയിൽ വാതിൽ കന്നിമൂലയിലല്ല. കന്നിമൂല എന്ന് പറയുന്നത് വീടിന്റെ തെക്കുപടിഞ്ഞാറ് മൂലയാണ്. പഴയകാലത്ത് എല്ലാവരും മൂന്നു മണിക്കും, നാലുമണിക്കുമിടയിൽ ഉണർന്നു വാതിൽ തുറക്കുകയും, തൊഴുത്തു വൃത്തിയാക്കുകയും, പശുവിനെ കറക്കുകയും ആവശ്യം കഴിഞ്ഞുള്ള പാൽ മറ്റു വീട്ടുകാർക്കോ, ബന്ധുക്കൾക്കോ കൊടുക്കുകയുമായിരുന്നു പതിവ്. എല്ലാവീടുകളുടെയും മുഖവും കിഴക്കോട്ടുമാത്രമായിരുന്നു. ഉത്തരായനകാലത്ത് വാതിലുകൾ തുറക്കുമ്പോൾ രാവിലെ 4.30 മുതൽ 6 വരെയുള്ള പ്രഭാത രശ്മികൾ വീടിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ വരികയും അത് പുറത്തേക്കു പോകുകയും ചെയ്യുന്നു. ഇന്നത്തെ കാലത്ത് 6 മണിക്ക് മുമ്പ് പ്രധാനവാതിൽ തുറക്കുന്നത് അപൂർവ്വമാണ്. ഇപ്പോൾ എല്ലാവരും ക്ലോക്ക്, മൊബൈൽ എന്നിവ നോക്കിയാണ് എഴുന്നേൽക്കുന്നത്. പഴയകാലത്ത് അമ്പലത്തിലെ വെടിയോ, പള്ളിയിലെ മണിയോ കേട്ടാണ് ആളുകൾ എണീറ്റിരുന്നത്. രാവിലെ 6 മണിക്ക് ശേഷം തുറക്കുന്ന വാതിൽ കന്നിമൂലയിലായാലും കുഴപ്പമില്ല. വാതലിനു ഒരടിപ്പടി (Bottom Sill) വച്ചു കഴിഞ്ഞാൽ കന്നിമൂലയിലും വാതിൽ കുഴപ്പമില്ല. ഞാൻ പരിശോധിച്ച വീട്ടിൽ വാതിൽ കന്നിമൂലയിലല്ല. തുലാം രാശിയിലാണ്. വീടിന്റെ കണക്കും, നാളും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇത് ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്.

*****

ക്ഷേത്രങ്ങളിലൂടെ

# മുരിയമംഗലം ശ്രീ നരസിംഹമൂർത്തി ശ്രീ ധർമ്മശാസ്താ ക്ഷേത്രം

**ഇന്ദിരാഭായി ഫോൺ : 8078552892**

ഭക്തി പൂർവ്വം ഈശ്വരനാമം ജപിക്കുന്നവർ ഈശ്വരനു പ്രിയപ്പെട്ടവരാകുന്നു. അറിഞ്ഞോ അറിയാതയോ ബോധപൂർവ്വമോ അല്ലാതെയോ ശരിയായോ തെറ്റായോ ജപിച്ചാലും ജപം ഭക്തിപൂർവ്വമാണെങ്കിൽ അതിനു ഫലം സിദ്ധിക്കും. ഈശ്വരനാമത്തിനു പാപനാശന ശക്തിയുണ്ട്. നിത്യേനയുള്ള നാമജപം സകല പാപങ്ങളേയും നശിപ്പിക്കുന്നു, ദുഃഖശമനമുണ്ടാകുന്നു, ബുദ്ധിയും ഓർമ്മശക്തിയും വർദ്ധിപ്പിക്കുന്നു, മനസ്സിലെ ദുഷ്ച്ചിന്തകളെ അകറ്റി ഏകാഗ്രത കൈവരുത്തുന്നു. കൂടാതെ നിത്യവും നാമജപം നടത്തുന്നവർ അതിദിവ്യമായ അഗ്നിശുദ്ധിയെ കൈവരിക്കും എന്നാണ് ഋഷിവര്യന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. കലിയുഗ ദുരിതങ്ങളിൽ നിന്നും മുക്തി നേടാൻ നാമജപം മാത്രമാണാശ്രയം. നിഷ്ഠയോടെയുള്ള ഭക്ത്യോപാസനയാൽ ഭഗവത് ദർശനം നേടിയ ഭക്തോത്തമനാണ് പ്രഹ്ലാദൻ. പ്രഹ്ലാദന്റെ രക്ഷക്കായി ഭഗവാൻ നേരിട്ടെത്തി. ഭഗവാനെ മനസ്സിരുത്തി പ്രാർത്ഥിച്ചാൽ ഒരിക്കലും മനസ്സിൽ ദുഷ്ചിന്തകളുണ്ടാവില്ല. മനസ്സിൽ ഭക്തിയുടെ വെളിച്ചം ഉണ്ടാകുകയും, ചെയ്യുന്ന പ്രവർത്തികളെല്ലാം സത്പ്രവർത്തികളാകുകയും ചെയ്യും. മനസ്സിനെ ഭഗവാൻ നേർവഴികളിലൂടെ നയിക്കുകയും ചെയ്യും. ഭക്തനെ ഒരിക്കലും ഭഗവാൻ കൈവിടില്ല എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്, നരസിംഹാവതാരത്തിലൂടെ തെളിയുന്നത്. തന്നിൽ വിശ്വാസമർപ്പിച്ച ഭക്തന്റെ വാക്കിനെ സത്യമാക്കിതീർത്ത ഭഗവാൻ ഭക്തവത്സലനും ആപൽബാന്ധവനുമായ സത്യമൂർത്തിയാണ്. ശ്രീ മഹാവിഷ്ണു ഭഗവാന്റെ നിത്യോപാസകനായ ഒരു ബ്രാഹ്മണോത്തമൻ നിത്യവും ഹോമപൂജാദികൾ നടത്തി ഭഗവാനെ ഉപാസിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഭഗവാൻ ഹോമാഗ്നിയിൽ ഉയർന്നു വന്ന് ദർശനം നൽകി. ഭഗവാൻ പല അവതാരരൂപങ്ങളിലും അദ്ദേഹത്തിന് പ്രത്യക്ഷദർശനം നൽകി എന്നാൽ നരസിംഹരൂപദർശനത്തിനുശേഷം ആ ചൈതന്യത്തെ അദ്ദേഹം തന്റെ മനയിൽ പ്രതിഷ്ഠിച്ചു. അതിനുശേഷം ആ മന നരസിംഹമൂർത്തിക്ഷേത്രമായി അറിയപ്പെട്ടു. പ്രൗഢിയുടെയും പ്രതാപത്തിന്റെയും ഗതകാലസ്മരണകളുമായി ഈ പുണ്യപുരാതന ക്ഷേത്രം ഇന്നും നിലനിൽക്കുന്നു. ഈ ക്ഷേത്രത്തോടുചേർന്നു തന്നെ ഒരു സ്വതന്ത്രക്ഷേത്ര പ്രതീതിയിൽ ശ്രീ ധർമ്മശാസ്താക്ഷേത്രവും കാണാം. ഈ രണ്ടു ക്ഷേത്രങ്ങളും ചേർന്നാണ് മുരിയമംഗലം ശ്രീ നരസിംഹമൂർത്തി ശ്രീ ധർമ്മശാസ്താക്ഷേത്രം എന്ന് അറിയപ്പെടുന്നത്

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ തിരുവാങ്കുളത്തിനടുത്ത് (കൊച്ചി മധുര ദേശീയ പാത) മാമല വെണ്ണിക്കുളം റോഡിനു സമീപമാണ് മുരിയമംഗലം ശ്രീ നരസിംഹമൂർത്തിശ്രീ ധർമ്മശാസ്താക്ഷേത്രം സ്ഥിതിചെയ്യുന്നത്. പണ്ട് കാലത്ത് വേദാദ്ധ്യായനം നടത്തുന്നതിന് അധികാരമുണ്ടായിരുന്ന ഒരു കൂട്ടം ബ്രാഹ്മണ പ്രമുഖർ അധിവസിച്ചിരുന്ന സ്ഥലമായിരുന്നു മുരിയമംഗലം ദേശം. ഓത്തിന് അധികാരികളായിരുന്ന തദ്ദേശബ്രാഹ്മണരെ അടികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. അവർക്കിടയിൽ സിദ്ധനും തപസ്വിയുമായിരുന്ന ഒരാൾ തികഞ്ഞ വിഷ്ണു ഉപാസകനായിരുന്നു. മുരിയമംഗലം എന്ന പേരു ലോപിച്ച് മുരിങ്ങോത്തു അടികൾ എന്ന പേരിൽ പ്രസിദ്ധനായിരുന്നു അദ്ദേഹം. മുരിങ്ങോത്തടികളെപ്പറ്റി പറയാതെ മുരിയമംഗലം ക്ഷേത്രവിവരണം പൂർണ്ണമാകില്ല. മഹാപാപങ്ങൾക്കു പോലും ഫലപ്രദമായ പ്രതിവിധിയും പരിഹാരങ്ങളും നിർദ്ദേശിക്കുന്നതിനുള്ള അറിവും പാണ്ഡിത്യവുമുള്ള യോഗിവര്യനായിരുന്നു അദ്ദേഹം. പല ക്ഷേത്രങ്ങളിലെയും വിഗ്രഹ പ്രതിഷ്ഠാകർമ്മങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. തന്ത്രി മുഖ്യനും യോഗിവര്യനുമായിരുന്ന അദ്ദേഹം

സത്യപാലനത്തിനു മുൻതൂക്കം നൽകിയിരുന്നു. സ്വർണ്ണം കൈകൊണ്ടുതൊടുകയില്ല എന്ന് ദൃഢപ്രതിജ്ഞയെടുത്തിരുന്നു അദ്ദേഹം. ഒരിക്കൽ ഒരു ക്ഷേത്രപ്രതിഷ്ഠാനന്തരം രാജാവ് അദ്ദേഹത്തിന് വെള്ളിത്തളികയിൽ ദക്ഷിണ നൽകി. ഈ തളികയിൽ സ്വർണ്ണ നാണയങ്ങളായിരുന്നു. ദക്ഷിണ വാങ്ങിയ അടികൾ തന്റെ പ്രതിജ്ഞക്കു ഭംഗംവന്നുവല്ലോ എന്ന് ദുഃഖിച്ചു. ദക്ഷിണ തിരിച്ചു രാജാവിനെത്തന്നെ ഏല്പിച്ച് തപശ്ശക്തി വർദ്ധിപ്പിക്കുന്നതിനായി താൻ കാശിക്കു പോവുകയാണ്, മടങ്ങി വന്ന് ദക്ഷിണ വാങ്ങി കൊള്ളാം എന്നറിയിച്ചു. അദ്ദേഹം വാരണാസിയിലെ നരസിംഹഘട്ടിലെത്തി തപസ്സാരംഭിച്ചു. ഒരു ദിവസം അദ്ദേഹത്തിന് നരസിംഹസ്വാമിയുടെ ദർശനം ലഭിക്കുകയും ഒപ്പം ഇവിടെനിന്നും മടങ്ങിക്കൊള്ളുക എന്ന് ഒരു അരുളപ്പാടു കേൾക്കനുമിടയായി. ഭഗവാന്റെ അരുളപ്പാടനുസരിച്ചു അദ്ദേഹം മടങ്ങിപ്പോന്നു. രാജാവിന് കൊടുത്ത വാക്കനുസരിച്ചു തന്റെ ദക്ഷിണ വാങ്ങി ക്ഷേത്രനിർമ്മാണചിലവിനായി ഉപയോഗിച്ചു. അങ്ങനെ മുരിങ്ങോത്തടികൾ നിർമ്മിച്ച് നരസിംഹ പ്രതിഷ്ഠനടത്തിയ ക്ഷേത്രമാണ് തുറവൂർ നരസിഹമൂർത്തി ക്ഷേത്രം. പിന്നീട് ആഴ്വാർമാരുടെ കാലത്ത് പുതുക്കി പണിതതാണ് ഇന്നു നാം കാണുന്ന ക്ഷേത്രം എന്നുമാണ് ഐതീഹ്യം ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണ് തുറവൂർ നരസിംഹമൂർത്തിക്ഷേത്രം.

സത്യധർമ്മാദികൾ പാലിക്കുന്നതിനുവേണ്ടി ഗുരുഹത്യാപാപം ചെയ്യുവാൻ നിർബന്ധിതനായ ഒരു പെരുമാൾ പാപപരിഹരാർത്ഥം ഉപദേശം തേടി മുരിങ്ങോത്തടികളെ സമീപിച്ചു. അടികളുടെ നിർദ്ദേശപ്രകാരം രാജാവ് പാപകർമ്മം ചെയ്യുവാനിടയായ സ്ഥലത്ത് ശുദ്ധികർമ്മങ്ങൾ കഴിപ്പിച്ചു അവിടെത്തന്നെ ഒരു ക്ഷേത്രം പണികഴിപ്പിച്ച് പരമശിവനെ പ്രതിഷ്ഠിച്ചു. ഗുരുവിന്റെ സായൂജ്യ പ്രാപ്തിക്കായി മഹാവിഷ്ണുവിനേയും അവിടെ പ്രതിഷ്ഠിച്ചു. മുരിങ്ങോത്തടികളുടെ ഉപദേശപ്രകാരം പാപപരിഹാരകർമ്മങ്ങൾ ചെയ്തു പെരുമാൾ പാപമുക്തനായി പരമപദം പ്രാപിച്ചു. അങ്ങനെ പാപപരിഹാരാർത്ഥം പെരുമാൾ പണികഴിപ്പിച്ച് മുരിങ്ങോത്തടികളാൽ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ച ക്ഷേത്രമാണ് അങ്കമാലിക്കടുത്ത് നായത്തോട് ശങ്കരനാരായണ ക്ഷേത്രം.

മുരിങ്ങോത്തടികൾ തന്റെ മനയിൽ നിത്യവും അതിവിശിഷ്ടമായ പൂജകളും ഹോമവും പതിവാക്കിയിരുന്നു. ധൂപദീപാദികളാലും മന്ത്രധ്വനികളിലും മുഖരിതമായിരുന്ന ആ മനയിൽ ഭഗവത് ചൈതന്യം നിറഞ്ഞു നിന്നിരുന്നു. ഭക്തി നിർഭരമായ ഉപാസനയുടെ ഫലമായി ഭഗവാൻ ശ്രീ നരസിംഹമൂർത്തി ഹോമാഗ്നിയിൽ അദ്ദേഹത്തിന് പ്രത്യക്ഷദർശനം നൽകി അനുഗ്രഹിച്ചു. തന്റെ ഇഷ്ടദേവനായ നരസിംഹ ഭഗവാനെ, ഹോമാഗ്നിയിൽ ദർശിച്ച ഭാവത്തെ അദ്ദേഹം അവിടെ തന്നെ പ്രതിഷ്ഠിച്ചു. ഹോമാഗ്നിയിൽ നിന്നുയർന്നുവന്ന നരസിംഹമൂർത്തി, ധ്യാനത്തിൽ, പടിഞ്ഞാട്ടു ദർശനമായി ചതുർബാഹുവായ മഹാവിഷ്ണുരൂപത്തിലാണ് മുരിയമംഗലം ക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്നത്. ധ്യാനരൂപത്തിലാണെങ്കിലും ഭഗവാൻ അഗ്നിയിൽ നിന്നുയർന്നുവന്നതിനാൽ ഉഗ്രതാപം ശമിപ്പിക്കുന്നതിനായി ആയിരം കുടം അഭിഷേകം നടത്താറുണ്ട്. മഹാവിഷ്ണു ക്ഷേത്രങ്ങളിൽ ആയിരം കുടം അഭിഷേകം നടത്തുന്നതായി അറിവില്ല. ആയിരം കുടം അഭിഷേകം മുരിയമംഗലം ക്ഷേത്രത്തിലെ മാത്രം പ്രത്യേകതയാണ്, അത് ഇവിടുത്തെ പ്രധാന വഴിപാടുമാണത്.

മുരിങ്ങോത്തടികളുടെ കാലശേഷം ക്ഷേത്രത്തിന്റെ ഭരണാധികാരച്ചുമതല ഗ്രാമാധിപന്മാരായിരുന്ന നമ്പൂതിരിമാർ ഏറ്റെടുക്കുകയും ഗ്രാമക്ഷേത്രമായി ആരാധിച്ചുപോരുകയും ചെയ്തു. കിഴക്കു ഭാഗത്തുള്ള മന, കോമന ഇല്ലം, മങ്കുഴി മന, കുഴിക്കാട്ടില്ലം, മധുരത്താറ്റില്ലം എന്നി ഊരാഴ്മക്കാരായിരുന്നു ക്ഷേത്രഭരണം നിർവ്വഹിച്ചിരുന്നത്. ഊരാഴ്മക്കാരുടെ മേൽനോട്ടത്തിലുള്ള മറ്റു അഞ്ചു ക്ഷേത്രങ്ങളും ഈ ഗ്രാമത്തിലുണ്ടായിരുന്നു. ഇതെല്ലാം ചേർന്ന് മുരിയമംഗലം ദേവസ്വം എന്നാണറിയപ്പെട്ടിരുന്നത്. അഞ്ചു കിലോമീറ്റർ ചുറ്റളവിലുള്ള വസ്തുവ

കകൾ ക്ഷേത്രത്തിന്റെ വകയായുണ്ടായിരുന്നു. ഭുപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ ദേവന്റെ സ്വത്തുക്കളെല്ലാം അന്യാധീനപ്പെട്ടു. ക്ഷേത്രഭരണം തന്നെ ബുദ്ധിമുട്ടിലായി. 12000 പറ നെല്ല് അളന്നു കൂട്ടിയിരുന്ന പത്തായപ്പുരയും ക്ഷേത്രദർശനത്തിനെത്തിയിരുന്ന രാജകുടുംബാംഗങ്ങൾ വിശ്രമിച്ചിരുന്ന ഇരട്ട തൂണുകളുള്ള വലിയ മണിമാളികകയും ഇന്ന് കാഴ്ച വസ്തുക്കൾ മാത്രമായി, പ്രതാപകാലത്തിന്റെ സ്പന്ദിക്കുന്ന അസ്ഥിമാടങ്ങളായി ഈ ക്ഷേത്രാങ്കണത്തിൽ നില കൊള്ളുന്നു. ക്ഷേത്രാങ്കണത്തിലെ കൂറ്റൻ ആൽമരങ്ങളും പരിസരങ്ങളിലെ വിശാലമായ പാടശേഖരങ്ങളും വൃക്ഷലതാദികളും എല്ലാം ഗ്രാമീണഭംഗി വിളിച്ചോതുന്നു. ക്ഷേത്രത്തിന്റെ ചുറ്റുമതിൽ ആനപ്പള്ള രീതിയിലുള്ളതാണ്. ഇതു കാലപ്പഴക്കത്തെ സൂചിപ്പിക്കുന്നു. ക്ഷേത്രമതിൽക്കെട്ടിനു പുറത്ത് തെക്കുകിഴക്കു ഭാഗത്ത് ശ്രീ ധർമ്മശാസ്താവിന്റെ ക്ഷേത്രമുണ്ട്. ഇവിടെ നാലമ്പലത്തിനു വെളിയിൽ വടക്കു പടിഞ്ഞാറു ഭാഗത്തായി ചെറിയ ശ്രീകോവിലിൽ ഭദ്രകാളിയമ്മയെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഒരു സ്വതന്ത്ര ക്ഷേത്ര പ്രതീതിയോടെയാണ് ഈ ധർമ്മശാസ്താ ക്ഷേത്രം കാണപ്പെടുന്നത്. ശ്രീ നരസിംഹ ക്ഷേത്രവും ശ്രീ ധർമ്മശാസ്താക്ഷേത്രവും പരിസരങ്ങളും കണ്ണിനാനന്ദകരമായ ഒരു കാഴ്ചയാണ്. ഇവിടുത്തെ നേർകാഴ്ചകളെ അക്ഷരങ്ങൾ കൊണ്ട് വർണ്ണിക്കുക പ്രയാസമാണ്. നേർകാഴ്ചയിലൂടെ മാത്രമേ പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കുകയുള്ളു ധർമ്മശാസ്താക്ഷേത്രത്തിന്റെ തെക്കുകിഴക്കു ഭാഗത്ത് അല്പം മാറിയാണ് അതിവിശാലമായ ക്ഷേത്രക്കുളം കാണപ്പെടുന്നത്. പണ്ട് ചോറ്റാനിക്കരയമ്മയുടെ ഉത്സവ ആറാട്ടു നടന്നിരുന്ന കുളമാണിത്. ഇടക്കാലത്ത് അതു മുടങ്ങിയെങ്കിലും ഇന്നും അമ്മയുടെ ആറാട്ട് ഇവിടെ നടത്തപ്പെടുന്നു.

ദാരു ശില്പങ്ങളാൽ സമ്പന്നമായ ഒരു ക്ഷേത്രമാണ് മുരിയമംഗലം നരസിംഹമൂർത്തി ക്ഷേത്രം. ക്ഷേത്രഗോപുരം കടന്നു ചെന്നാൽ ഉയരമുള്ള കൊടിമരം, ദാരുശില്പങ്ങളാൽ മനോഹരമാക്കിയ ബലിക്കൽപ്പുര, സാമാന്യം ഉയർന്ന ബലിക്കല്ല്, വിളക്കുമാടം, മുഖമണ്ഡപം, നമസ്കാര മണ്ഡപം എന്നിവയുടെ കാഴ്ചകൾ ആരെയും വിസ്മയിപ്പിക്കുന്നതാണ്. പ്രകൃതിദത്തമായ നിറക്കൂട്ടുകളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വാതിൽമാടത്തിന്റെ മുകൾത്തട്ടിൽ നരസിംഹമൂർത്തിയുടെ അവതാരരൂപം കൊത്തിവെച്ചിരിക്കുന്നു. ബലിക്കൽപുരയുടെ മുകൾത്തട്ടിൽ സഹസ്രദളപത്മാസനസ്ഥയായ സരസ്വതി ദേവിയുടെ ശിൽപം കാണാം. നമസ്കാരമണ്ഡപത്തിന്റെ മുകൾത്തട്ടിൽ നവഗ്രഹ ശില്പങ്ങളെയും അവയ്ക്കു ചുറ്റുമായി ക്ഷേത്രം എഴുന്നള്ളിപ്പ്, സന്താനഗോപാലം, പാലാഴിമഥനം, കിരാതം എന്നിങ്ങനെയുള്ള ശില്പങ്ങളും കണ്ട് ശ്രീകോവിൽ നടയിലെത്തിയാൽ. സാമാന്യം വലുപ്പമുള്ളതും ചെമ്പു മേഞ്ഞതുമായ വട്ട ശ്രീകോവിലിൽ പീഠത്തോടൊപ്പം അഞ്ചടിയോളം ഉയരത്തിൽ ചതുർബാഹുവായ ശ്രീ മഹാവിഷ്ണു വിഗ്രഹം ദർശിക്കാം. ശ്രീകോവിലിനു പിന്നിലായി ശ്രീ മഹാലക്ഷ്മിയെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ കാലപ്പഴക്കത്തെപ്പറ്റി കൃത്യമായി അറിയില്ല എങ്കിലും തിടപ്പള്ളിക്കടുത്ത് ചവിട്ടുപടികളിൽ കാണുന്ന വട്ടെഴുത്തും കോലെഴുത്തും കാലപ്പഴക്കം വിളിച്ചോതുന്നവയാണ്. നാലമ്പലത്തിനുവെളിയിൽ തെക്കുകിഴക്കുഭാഗത്തായി മുരിങ്ങോത്തടികളെ ബ്രഹ്മരക്ഷസ്സായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഭക്തിയുള്ള ഇടം ഭഗവാന്റെ ഇരിപ്പിടം. ഭഗവത് ചൈതന്യം കുടികൊള്ളുന്ന ഏതു സ്ഥലത്തും ഒരു പ്രത്യേക ഊർജ്ജം ഉള്ളതായി അനുഭവപ്പെടും. പ്രകൃതിക്കും ജൈവവ്യവസ്ഥകൾക്കും പ്രാധാന്യം നൽകികൊണ്ടുള്ള ഒരു ജീവിതരീതി ഹൈന്ദവധർമ്മത്തിന്റെ ഒരു പ്രത്യേകതയാണ്. നമ്മുടെ ആരാധനാലയങ്ങളും പരിസരങ്ങളും ജൈവവ്യവസ്ഥിതിയെ പരിപോഷിപ്പിക്കുന്നു. ജലാശയങ്ങളും വൃക്ഷങ്ങളും വിവിധതരം സസ്യജാലങ്ങളും നിറഞ്ഞ ചെറുതും വലുതുമായ ക്ഷേത്രാങ്കണങ്ങൾ അതിനുദാഹരണങ്ങളാണ്.

1936-ൽ തിരുവിതാംകൂർ രാജാവ് ക്ഷേത്ര

പ്രവേശനവിളംബരം പ്രഖ്യാപിച്ചപ്പോൾ കൊച്ചി രാജാവ് അതിനു ഭ്രഷ്ട് കല്പിച്ചു. അതെതുടർന്ന് കൊച്ചി രാജ്യത്തെ ചോറ്റാനിക്കരയമ്മയുടെ ക്ഷേത്രവും തിരുവിതാംകൂറിലായിരുന്ന മുരിയമംഗലം നരസിംഹസ്വാമി ക്ഷേത്രവും തമ്മിലുള്ള ബന്ധത്തിന് കോട്ടം തട്ടി. അത് ഉത്സവ ചടങ്ങുകളെയും ബാധിച്ചു. അക്കാലത്ത് ചോറ്റാനിക്കരയമ്മയുടെ കുംഭമാസത്തിലെ ഉത്സവത്തിന് ഉത്രം നാളിൽ മുരിയമംഗലം നരസിംഹമൂർത്തി ക്ഷേത്രത്തിലായിരുന്നു ആറാട്ട് നടത്തിയിരുന്നത്. അതുപോലെ നരസിംഹമൂർത്തി ക്ഷേത്രത്തിലെ മേടവിഷു ഉത്സവത്തിന് ഊരുചുറ്റു പറക്കെഴുന്നള്ളുമ്പോൾ ചോറ്റാനിക്കര ക്ഷേത്രത്തിൽ നമസ്കാരമണ്ഡപത്തിൽ ഇറക്കിപൂജയും സദ്യയും നടത്തിയിരുന്നു. ക്ഷേത്ര പ്രവേശനവിളംബരത്തെ തുടർന്ന് ചോറ്റാനിക്കരയമ്മ മുരിയമംഗലത്തേക്ക് ആറാട്ടിനെത്താറില്ല, നരസിംഹസ്വാമിയുടെ ഊരുചുറ്റും ചോറ്റാനിക്കരയിലും പ്രവേശിക്കാറില്ലായിരുന്നു. ചോറ്റാനിക്കരദേവി ക്ഷേത്രത്തിലെ ദേവപ്രശ്നത്തിൽ പറഞ്ഞതനുസരിച്ച് 76 വർഷങ്ങൾക്കു ശേഷം 2012-ൽ ഈ ചടങ്ങുകൾ പുനരാരംഭിച്ചു. ശാസ്താസമേതനായി ചോറ്റാനിക്കരയമ്മ 2012-ൽ മുരിയമംഗലം ക്ഷേത്രത്തിൽ ആറാട്ടിനെത്തി.

മുരിങ്ങോത്തപ്പന്റെ തിരുസന്നിധിയിൽ ഭഗാവതചരിതങ്ങൾ മാറ്റൊലികൊള്ളുന്ന സുദിനങ്ങൾ അടുത്തുവരുന്നു. രണ്ടാമത്തെ ശ്രിമദ് മഹാഭാഗവതസത്രം 2024 ഡിസംബർ 29 മുതൽ 2025 ജനുവരി 7 വരെ നടത്തപ്പെടുകയാണ്. മിഥുനപ്പിള്ളി വാസുദേവൻ നമ്പൂതിരിയാണ് യജ്ഞാചാര്യൻ. ക്ഷേത്രക്ഷേമ സമിതിയാണ് ഇന്ന് ക്ഷേത്രഭരണം നടത്തുന്നത്. ചോറ്റാനിക്കരദേവീക്ഷേത്രത്തിൽ നിന്നും രണ്ടു കിലോമീറ്റർ മാത്രം ദൂരത്തായാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

മുരിങ്ങോത്തടികളുടെ ഇഷ്ടദേവനായ നരസിംഹ ഭഗവാൻ മുരിയമംഗലം ദേശനാഥനായി ഇവിടെ പരിലസിക്കുന്നു. ഭക്തവത്സലനായ ഭഗവാന്റെ അനുഗ്രഹാശിസ്സുകൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ഈ ലേഖനത്തെ മുരിയമംഗലത്തപ്പന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

*******




**രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1200 (2024)-മാണ്ടത്തെ**

## ഏകാദശിവിളക്ക് മഹോത്സവം

**രവിപുരം പൗരസമിതി ടെമ്പിൾ ട്രസ്റ്റിന്റേയും**
**കൊച്ചിൻ ദേവസ്വം ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ**
**ഡിസംബർ 10, 11 (വൃശ്ചികം 25, 26) തീയതികളിൽ ആഘോഷിക്കപ്പെടുന്നു.**

**10.12.2024 ഞായർ (നവമി)**

**രാവിലെ 8.30 മുതൽ 9 വരെ** - നവകം, പഞ്ചഗവ്യാഭിഷേകം
**വൈകിട്ട് 6.00 ന്** നിറമാല, ചുറ്റുവിളക്ക് (നെയ് വിളക്ക്), ദീപാരാധന

**11.12.2024 തിങ്കൾ (ഏകാദശിവിളക്ക് )**

**ഉദയാസ്തമനപൂജ**
**രാവിലെ 5.30** മുതൽ ഹരിനാമകീർത്തനം,
**രാവിലെ 7** മുതൽ നടക്കൽ പറ
**8.00 മുതൽ 11** വരെ ശിവേലി, പഞ്ചാരിമേളം
**വൈകീട്ട് 4 മുതൽ 7 വരെ** കാഴ്ചശിവേലി
**7 മുതൽ 7.30 വരെ** ദീപാരാധന, ചുറ്റുവിളക്ക്, പഞ്ചവാദ്യം
**രാത്രി 10.00** മുതൽ - **ഏകാദശിവിളക്ക്**

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## 2024 നവംബർ 10 മുതൽ ഡിസംബർ 10 വരെ

| | | | | |
|---|---|---|---|---|
| 1. | 11-11-2024<br>09-12-2024 | തിങ്കൾ | വുമൺസ് ഫോറം | 3.00 p.m - 5.00 p.m. |
| 2. | 13-11-2024<br>20-11-2024<br>27-11-2024<br>04-12-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 3. | 14-11-2024<br>21-11-2024<br>28-11-2024<br>05-12-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4. | 17-11-2024 | ഞായർ | അകായിലെ സംഗീതം - വയലാർ, ബ ഹ്മാനന്ദൻ, കമുകറ പുരുഷോത്തമൻ- എന്നിവരടെ ഗാനങ്ങൾ | 4.00 p.m |
| 5. | 23-11-2024<br>24-11-2024<br>25-11-2024 | ശനി<br>ഞായർ<br>തിങ്കൾ | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വേൾഡ് ഹെറിറ്റേജ് വീക്ക് എന്ന പ്രോഗ്രാം | 5.00 p.m. - 7.00 p.m. |
| 6. | 24-11-2024 | ഞായർ | സാഹിതിയോഗം - നളചരിതം<br>അവതരണം - ശ്രീ കെ രാധാകൃഷ്ണൻ (ബീം) | 3.30 p.m |
| 7. | 26-11-2024 | ചൊവ്വ | ബീം - ഗാനമേള - THALIRVALAYO | 6.15 p.m. |

### 2024 ഒക്ടോബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ബാലചന്ദ്ര വർമ്മ. എ**
**L/0693 ,** Symal Plot - No. 4
ഹൗസിംഗ് ബോർഡ്, പനമ്പള്ളി നഗർ,
കൊച്ചി - 682036




**എം. മുകുന്ദൻ മേനോൻ**
**L/0883,** അമ്മു , 28/2975 എ,
ഇലഞ്ചേരിൽ റോഡ്,
കടവന്ത്ര, കൊച്ചി - 682020



**കെ.ആർ. വിജയരാഘവൻ**
**L/1131,** വിജയൻസ് റെസിഡൻസി,
തണിക്കപ്പിള്ളി ഹൗസ് , ടി.ഡി. റോഡ്,
കൊച്ചി - 682011



**രാധമ്മ. കെ**
**L/3657,** മാന്നുള്ളിപാടത്തു ഹൗസ്, പറമ്പിത്തറ റോഡ്,
പനമ്പള്ളി നഗർ, കൊച്ചി - 682036



**രാമൻകുട്ടി മേനോൻ**
**L/975,** പൊന്നായിൽ, ചന്ദനത്തിൽ റോഡ്,
ഇടപ്പള്ളി, കൊച്ചി - 682024

# കാളിദാസൻ ഒരു ആമുഖം

**അജിത് കുമാർ - 9544527241**

ഒരു മഴക്കാലത്ത്, ദൂരെ കടൽ കാണാവുന്ന ഒരു കുന്നിൻ മുകളിലെ ഗസ്റ്റ് ഹൗസിൽ അതിഥിയായെത്തിയ യുവതി രാത്രിയിൽ താഴ്വരയിൽ നിന്നുയർന്നു വന്ന മഴമേഘങ്ങളിൽ രാമഗിരിയിലെ യക്ഷനെ തേടുന്ന സ്വപ്നാടകയായി സ്വയം മാറിയ കഥ ടി. പത്മനാഭൻ എഴുതുന്നത് ഏറ്റവും പുതിയ ഓണപ്പതിപ്പിലാണ്. കാളിദാസൻ ഇപ്പോഴും സർഗ്ഗധനരായ എഴുത്തുകാരെ പ്രചോദിപ്പിച്ചു കൊണ്ടിരിക്കുന്നു.

സംസ്കൃതഭാഷയിൽ കാവ്യങ്ങളെഴുതിയ അനേകം പ്രശസ്തരുടെ പേരുകൾ നമുക്കറിയാം. ഭാസനും ഭവഭൂതിയും ബാണഭട്ടനും മാഘനും അശ്വഘോഷനും ഭർതൃഹരിയും ഭാരവിയും ശ്രീഹർഷനും എല്ലാം അങ്ങനെയുള്ളവരാണ്. എന്നാൽ ഇതിഹാസ സൃഷ്ടാക്കളായ വ്യാസനും വാത്മീകിയ്ക്കും പുറമേ പേര് കേൾക്കുമ്പോൾ തന്നെ, നമ്മുടെ സ്വന്തം എന്ന് തോന്നിപ്പിക്കുന്ന സാഹിത്യ സൗഹൃദം ഭാരതീയമനസ്സുകളിൽ തലമുറകളായി നിലനിർത്തുന്ന ഒരേയൊരു സംസ്കൃതകവി കാളിദാസനാണ് .

ഏത് നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്ന് ഇന്നും സർവ്വ സമ്മതിയോടെ അറിയപ്പെട്ടിട്ടില്ലാത്ത അത്ഭുതപ്രതിഭാശാലിയായ കവിയാണ് കാളിദാസൻ. രണ്ടായിരം വർഷം മുൻപ് ജീവിച്ചിരുന്നു എന്ന് പ്രസ്താവിക്കുന്ന ജീവചരിത്രങ്ങൾ മലയാളത്തിലും ലഭ്യമാണ്. ബി.സി. രണ്ടാം നൂറ്റാണ്ട് മുതൽ എഡി 7-ാം നൂറ്റാണ്ട് വരെ കാളിദാസന്റെ ജീവിതകാലം വ്യത്യസ്ത മേഖലകളില ഗവേഷകരും പണ്ഡിതന്മാരും പറഞ്ഞ് വയ്ക്കുന്നുണ്ട്. എഡി ഏഴാം നൂറ്റാണ്ടിനിപ്പുറം കാളിദാസകൃതികളെക്കുറിച്ചുള്ള പരാമർശരേഖകൾ അവിടവിടെയായി കണ്ടുതുടങ്ങുന്നതിനാൽ അതിന് മുൻപാണ് എന്നത് മാത്രമാണ് ഉറപ്പിച്ച് വിശ്വസിക്കാവുന്ന ഏക വിവരം .

ചരിത്ര സൂചനകളും കഥകളും ഐതിഹ്യങ്ങളും കെട്ടുപിണഞ്ഞ്, കാളിദാസന്റെ ജനനവും ജീവിതവും മരണവും സംബന്ധിച്ച ആഖ്യാനങ്ങൾ തലമുറകളായി കൈമാറിവരുന്നു. ഐതിഹ്യമാലയിൽ പോലും കാളിദാസൻ എന്ന പേരിൽ ഒരു വിവരണം കാണാം. പക്ഷേ, ഗവേഷണഫലങ്ങളും പഠനങ്ങളും നിരന്തരമായി വന്നു കൊണ്ടിരിക്കുന്ന പുതിയ ലോകം കാളിദാസനെ ശംഭുവെന്ന വിഡ്ഢിയായ മരം വെട്ടുകാരന്റെ പരിണാമമായി കാണുന്നില്ല എന്നത് വസ്തുതയാണ്. കവിയെ സംബന്ധിക്കുന്ന അൽഭുത കഥകൾക്കും അക്കാഡമിക് ലോകം വലിയ പ്രാധാന്യം കൊടുക്കുന്നില്ല. കാളിദാസമഹാകവിയും വിക്രമാദിത്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ചരിത്രപണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല .

താൻ എഴുതുന്ന കാലം വരെയുണ്ടായിരുന്ന സർവ്വവിജ്ഞാനമേഖലകളിലും അവഗാഹമുണ്ടായിരുന്ന ഒരു മഹാപ്രതിഭയെയാണ് കാളിദാസൻ തന്റെ കൃതികളിലൂടെ വെളിപ്പെടുത്തുന്നത്. നാല് വേദങ്ങളും ആറ് വേദാംഗങ്ങളും നാല് ഉപാംഗങ്ങളും ഉൾപ്പെടുന്ന പതിന്നാല് വിദ്യകൾ, നാട്യശാസ്ത്രം, തർക്കശാസ്ത്രം, യജ്ഞ വിധികൾ, ജ്യോതിഷ ശാസ്ത്രം തുടങ്ങിയവയിലെ പാണ്ഡിത്യം കൃതികളിൽ നിന്ന് വായിച്ചെടുക്കാം. പ്രപഞ്ചവിജ്ഞാനം മുതൽ രാഷ്ട്രതന്ത്രം വരെ വിന്യസിക്കുന്ന വ്യത്യസ്തമേഖലകളുടെ പശ്ചാത്തലം കാളിദാസന്റെ കഥാപാത്രങ്ങളിലും കഥാസന്ദർഭങ്ങളിലും വ്യക്തമായി ദർശിക്കാം .

വേദരചനാകാലവും ഇതിഹാസരചനാകാലവും പുരാണ രചനാകാലവും പിന്നിട്ട് വരുന്ന കാവ്യ രചനാകാലഘട്ടത്തിൽ ഭാസന് മുൻപുള്ള നാടകങ്ങളോ കാളിദാസനു മുൻപുള്ള കാവ്യങ്ങളോ സർവ്വസമ്മതമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അവരിൽ തന്നെ നാടകങ്ങളും കാവ്യങ്ങളും ഒരേ പ്രാഗൽഭ്യത്തോടെ അവത

രിപ്പിച്ച ആൾ കാളിദാസൻ മാത്രവും.വിക്രമോർവശീയം, മാളവികാഗ്നിമിത്രം, അഭിജ്ഞാന ശാകുന്തളം, ഇവയാണ് കാളിദാസന്റെ നാടകങ്ങൾ . ഋതു സംഹാരം, മേഘസന്ദേശം, കുമാര സംഭവം, രഘുവംശം എന്നിവ കാവ്യങ്ങളും.

സർഗാത്മക സാഹിത്യ ചരിത്രത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യരചന ഒരു പക്ഷേ കാളിദാസന്റേതായിരിക്കും. ജന്മദേശമെന്ന് കരുതപ്പെടുന്ന ഉജ്ജയിനിയുടെ സൂഷ്മ വിവരണങ്ങൾ മേഘ സന്ദേശത്തിൽ ഉണ്ട്. വിന്ധ്യനും ഉജ്ജയിനിക്കും ഇടയിലുള്ള മദ്ധ്യേന്ത്യയുടെ അന്നത്തെ കാഴ്ചകൾ സുവ്യക്തമായാണ് വിവരിക്കുന്നത്. രാമഗിരി മുതൽ കൈലാസത്തിനുമപ്പുറത്തെ അളകാപുരി വരെയുള്ള സ്ഥലവിവരണങ്ങൾ യക്ഷൻ മേഘത്തിന് നൽകുന്നുണ്ട്. അളകാപ്പുരിയുടെ നഗരചിത്രം ഉൾപ്പെടെ. ഋതു സംഹാരത്തിലും വിന്ധ്യാപർവ്വത വിവരണം കാണാം.

വീണ്ടെടുത്ത സീതയോടൊപ്പം പുഷ്പകവിമാനത്തിൽ മടങ്ങുമ്പോൾ ലങ്ക മുതൽ അയോധ്യ വരെയുള്ള സ്ഥലങ്ങൾ രാമൻ സീതക്ക് കാണിച്ച് കൊടുക്കുന്നുണ്ട്, രഘുവംശകാവ്യത്തിൽ. രഘുവംശത്തിന്റെ ആദ്യ സർഗ്ഗങ്ങളിൽ ഭാരതത്തിന്റെ എല്ലാ അതിരുകളിലുമുള്ള ദേശങ്ങൾ കീഴടക്കുന്ന രഘുവിന്റെ ദിഗ്‌വിജയാഖ്യാനത്തിലും സൂക്ഷ്മമായ പ്രദേശ വർണ്ണനകൾ കാണാം. കുമാരസംഭവത്തില ഹിമാലയ വിശേഷങ്ങൾ പ്രസിദ്ധമാണല്ലോ.

ഇങ്ങനെ നോക്കിയാൽ ഭാരതഖണ്ഡത്തിന്റെ ഏതാണ്ട് മുഴുവൻ ഭൂപ്രകൃതിയും കാളിദാസ കാവ്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം.

മഹാഭാരതം ആദിപർവ്വത്തിൽ തന്റെ പൂർവ്വികരെ കുറിച്ചുള്ള ജനമേജയന്റെ സംശയത്തിന് മറുപടിയായി മാർക്കണ്ഡേയമുനി നൽകുന്ന വിവരണത്തിലാണ് ശകുന്തളോപാഖ്യാനം കടന്നുവരുന്നത്. മഹാഭാരതത്തിലെ വിവരണ പ്രധാനമായ ഈ ഭാഗം തന്റേതായ കലാ പ്രക്രിയയിലൂടെ രൂപപ്പെടുത്തി പുനരാവിഷ്കരിച്ചപ്പോൾ അത് എക്കാലത്തേയും മഹത്തായ സർഗ്ഗാത്മകസാഹിത്യകൃതിയായി മാറി. അഭിജ്ഞാന ശാകുന്തളം ഭാരതീയ സാഹിത്യത്തിലെ ഏറ്റവും പ്രശസ്തവും ലക്ഷണയുക്തവുമായ നാടക രചനയായി കണക്കാക്കപ്പെടുന്നു. വില്യം ജോൺസിന്റെ ഇംഗ്ലീഷ് പരിഭാഷയിലൂടെ അഭിജ്ഞാന ശാകുന്തളം വിശ്വസാഹിത്യത്തിന്റെയും ഭാഗമായി.

ഭാസന്റെ സ്വപ്നവാസവദത്തത്തിന്റേയും പ്രതിജ്ഞായൗഗന്ധരായണത്തിന്റേയും ഘടനാവഴികൾ പിൻതുടർന്നാണ് കാളിദാസൻ തന്റെ മൂന്ന് നാടകങ്ങളും എഴുതിയിട്ടുള്ളത്. മാളവിഗാഗ്നി മിത്രവും വിക്രമോർവശീയവും അഭിജ്ഞാന ശാകുന്തളവും രാജാക്കന്മാർ നായകരാകുന്ന നാടകങ്ങളാണ്. ഇവയിൽ കാളിദാസനെ കാളിദാസനാക്കിയ നാടകം അഭിജ്ഞാനശാകുന്തളം തന്നെ.

മാറി വരുന്ന ഋതുക്കൾ ഭൂമിയിൽ പ്രകൃതിക്ക് വരുത്തുന്ന പരിണാമങ്ങളെ കാവ്യാത്മകമായി വർണ്ണിക്കുന്ന ഖണ്ഡകാവ്യമാണ് ഋതുസംഹാരം. ഋതുവർണ്ണനകളുടെ സമാഹാരമാണ് ഋതുസംഹാരം (സംഹാരം എന്ന വാക്കിന് പ്രചരിത അർത്ഥം തേടേണ്ടതില്ല എന്ന് സാരം.) വേനലിന്റേയും മഴയുടെയും ജലപുഷ്പങ്ങളുടേയും നിലാവെളിച്ചത്തിന്റെയും മഞ്ഞിന്റെയും കാറ്റിന്റേയും വർണ്ണനകളിൽ ഋതുഭേദങ്ങളുടെ മനോഹാരിത ആവരണം ചെയ്യപ്പെടുന്നു ഋതുസംഹാരത്തിൽ .

ഋതുസംഹാരം കാളിദാസന്റേതല്ല എന്ന് ആധുനിക ഗവേഷകർക്ക് അഭിപ്രായമുണ്ട്. കാളിദാസന്റെ മറ്റ് കാവ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഋതുസംഹാരത്തിലെ ഭാവനാത്മകതയുടെ നിലവാരം താണിരിക്കുന്നു എന്നതാണ് ഒരു കാരണം. അശ്വഘോഷന്റേയും കാളിദാസന്റെയും കാലത്തിനിടയിലെ ഏതോ കവിയുടേതാകാം ഈ കൃതി എന്നാണ് അവരുടെ സമർത്ഥനം. കാളിദാസന്റെ ആദ്യകാല കൃതിയായതിനാലാണ് അങ്ങനെ തോന്നുന്നത് എന്ന മറുവാദവും ഉണ്ട്.

******* (തുടരും....)

# സുഭാഷിതം

വിദ്വൽപ്രഭ. ജെ. എസ് – 9847537007

നാമെല്ലാം എപ്പോഴും പറയാറുള്ളതാണ് 'തീരെ സമയമില്ല' എന്ന്. പ്രായഭേദമെന്യേ ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്. വീട്ടമ്മ മുതൽ ഭരണകർത്താക്കൾ വരെ പാടുന്ന പല്ലവിയാണിത്. എല്ലാവർക്കും കിട്ടുന്നത് '24' മണിക്കൂറാണ് ആ സമയം (24 മണിക്കൂർ) എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും ജീവിതത്തിലെ നേട്ടവും കോട്ടവും.

ഗാന്ധിജി ഈ വിധം പറയുന്നു. 'സമയനിഷ്ഠ (Punctuality) സ്വഭാവമായിത്തീർന്നാൽ നമ്മുടെ കാര്യങ്ങൾ വർദ്ധിക്കുകയും ലക്ഷ്യസ്ഥാനത്തിലേക്കുള്ള പ്രയാണം ത്വരിതമാകുകയും ചെയ്യും. കൂടാതെ ജോലി ചെയ്യുന്നവരുടെ ആരോഗ്യവർദ്ധനയ്ക്കും, ദീർഘായുസ്സിനും അത് വഴിയൊരുക്കും. സന്ദർഭോചിത കാര്യങ്ങൾ ചെയ്തു തീർക്കുന്നതിനുള്ള ഔചിത്യബോധം അയാൾക്കുണ്ടാകും.'

വിനോദങ്ങളാകാം, പക്ഷേ അവയ്ക്കു ക്ലിപ്ത സമയം പാലിക്കണം. നാമെല്ലാം ഒഴിവുസമയം കാംക്ഷിക്കുന്നവരാണ്. പണം പോയാൽ തിരിച്ചു നേടാം, സമയം പോയാൽ പോയതാണ്. അതിനാൽ സമയം പൂർണ്ണമായും പ്രയോജനപ്പെടുത്തണം, നഷ്ടപ്പെടുത്തരുത്. ചിലർ പ്രസംഗപീഠത്തിൽ കയറിയാൽ ഔചിത്യബോധമില്ലാതെ സമയം വിനിയോഗിക്കുന്ന പ്രവണത നമ്മെ അലോസരപ്പെടുത്താറില്ലേ .

സമയത്തെ കാണിക്കുന്ന **WATCH** എന്ന വാക്കിന്റെ വ്യാഖ്യാനം ഇക്കാര്യത്തിൽ നമ്മെ ബോധവാന്മാരാക്കും

**W**-"Word" (വാക്ക്), **A**-"action"(പ്രവർത്തി), **T**-"Thought" (ചിന്ത) – വാക്കും പ്രവർത്തിയും നന്നാകണമെങ്കിൽ ചിന്ത സംശുദ്ധമായിരിക്കണം.

**C**-"Character" (സ്വഭാവം) – നല്ല സ്വഭാവം അത്യാവശ്യമാണ്. അത് തന്നെയും തന്റെ സഹജീവികളെയും ശ്രേയസ്കരമാക്കും.

**H**-"Heart" (ഹൃദയം) വിശാലമനസ്കത –ഹൃദയം സ്നേഹവും സാഹോദര്യവും നിറഞ്ഞുതുളുമ്പുന്നതാകണം.

**WATCH** – ന്റെ പൂർണ്ണത എത്ര വിശിഷ്ഠമാണ്.

മഹാന്മാർ ആ പൂർണ്ണത എല്ലാവിധേനയും അർത്ഥവത്താക്കുന്നു. അത് എല്ലാവർക്കും പാലിക്കാവുന്നതേയുള്ളു. സ്വന്തം അലസതയും, കഴിവുകേടും മറച്ചുവെയ്ക്കാനുള്ള കുടയാകരുത് 'സമയമില്ല' എന്ന സ്ഥിരം പല്ലവി.

**'നല്ല മാർഗ്ഗം' 'നല്ല ലക്ഷ്യം'** ഇതാകട്ടെ നമ്മുടെ പ്രതിജ്ഞ.

---

## 07–ാം ചരമവാർഷികം

**25.11.2024**



**വിമല കൃഷ്ണൻ**

**എഴുത്തുള്ളിൽ, രവിപുരം**

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം. 7

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

കാശ്മീരം തൊട്ട് കേരളം വരെ ശാക്തേയ ഉപാസനാ രീതികൾ നിലനിന്നെങ്കിലും ഇവ വ്യത്യസ്ഥങ്ങളായിരുന്നു. പൊതുവേ ശാക്തേയ ഉപാസനാ രീതിയിൽ പ്രധാനപ്പെട്ട ഒന്നാണ് കൗളമാർഗ്ഗം. കൗളമാർഗ്ഗത്തിൽ 'പരസേവിതാ' എന്ന് ലളിതാസഹസ്രനാമം ദേവിയെ വാഴ്ത്തുന്നു. കൗളത്തിന് പൂർവ്വ കൗളം എന്നും ഉത്തരകൗളം എന്നും രണ്ട് ഭാഗങ്ങൾ ഉണ്ട്. സാധനകളിലൂടെ ഉപാസനകളിലൂടെ തന്റെ ഉള്ളിലുള്ള അനന്തസാധ്യതകളെ ഉണർത്താമെന്നു പൂർവ്വ കൗളം പഠിപ്പിച്ചപ്പോൾ ഉത്തരകൗളം പഞ്ചമകാരം (മദ്യം, മത്സ്യം, മാംസം, മുദ്ര, മൈഥുനം) പോലത്തെ ബാഹ്യ പൂജകൾക്ക് പ്രാധാന്യം നൽകി. വേദസമ്മതമല്ലാത്ത ഈ ഉത്തര കൗളവും ഭാരതമൊട്ടാകെ വ്യാപിച്ചിരുന്നു. കേരളത്തിലും ബംഗാളിലും ഈ ശാക്തേയ പാരമ്പര്യം ശക്തമായിരുന്നു. ഭാരതത്തിലെ പ്രധാന ശാക്തേയ കേന്ദ്രങ്ങളിലൊന്നായ കാമാഖ്യയിൽ ഇന്നും ആടിനെയും പോത്തിനെയും ബലി കൊടുക്കുന്നുണ്ട്. കൽക്കട്ടയിലെ കാളിഘട്ടിലും അജബലി നടന്നിരുന്നു. 1936 ൽ കോഴി വെട്ട് നിരോധിക്കുന്നത് വരെ കേരളത്തിലെ കാവുകളിൽ ഗുരുതി നിലനിന്നിരുന്നു. ശബരിമലയിലും അജബലി നടന്ന് വന്നിരുന്നതായി തെളിവുകൾ ഉണ്ട്. ഇന്നും ഉത്തര കേരളത്തിലെ 11 ശാക്തേയ കാവുകളിൽ മത്സ്യമാംസാദികൾ നിവേദിക്കുന്നുണ്ട്. ഭാരതമൊട്ടാകെ കൗളാചാരം സനാതനധർമ്മത്തിന്റെ ഭാഗമായി പിന്തുടർന്നു വരുന്നുണ്ട്. ഈ വ്യത്യസ്തകളെ എല്ലാം ഉൾക്കൊള്ളുന്നതാണ് ഹിന്ദു ധർമ്മം എന്ന് നാം മനസ്സിലാക്കണം.

വേദകാലത്തും ഇതിഹാസകാലത്തും ഭാരതത്തിൽ മത്സ്യമാംസാദികൾ ഉപയോഗിച്ചതായി തെളിവുകൾ ഉണ്ട്. വാത്മീകി രാമായണം അയോദ്ധ്യകാണ്ഡത്തിൽ രാമലക്ഷ്മണന്മാർ ആഹാരത്തിനായി പന്നി, മരമാൻ, കരിമാൻ, പുള്ളിമാൻ എന്നീ നാലു മൃഗങ്ങളെ കൊന്നതായി പറയുന്നുണ്ട് (സർഗ്ഗം 52 ) ശ്രീരാമൻ അയോധ്യയിൽ മടങ്ങിയെത്തിയാൽ താൻ സഹസ്രം ഗോക്കളെക്കൊണ്ടും നൂറു കുടം മദ്യം കൊണ്ടും കാളിന്ദിയെ പൂജിക്കാമെന്നും സീതാദേവി പ്രാർത്ഥിക്കുന്നുണ്ട്. ചിത്ര കൂടത്തിലെത്തി ലക്ഷ്മണൻ പണി തീർത്ത പർണ്ണശാല കണ്ട് അനുജനോട് രാമൻ പറഞ്ഞു 'മാനിന്റെ മാംസം കൊണ്ട് ശാലാ പൂജ നടത്തണം. ലക്ഷ്മണാ വേഗം ഒരു മാനിനെ കൊന്ന് കൊണ്ട് വരൂ'. കൃഷ്ണമൃഗത്തെ കൊന്ന് ലക്ഷ്മണൻ തീയ്യിലിട്ടു അത് ചോര വറ്റി വെന്തു കഴിഞ്ഞപ്പോൾ ലക്ഷമണൻ പറഞ്ഞു 'കൃഷ്ണമൃഗത്തെ മുഴുവനായി വേവിച്ചു. ദേവതാ പൂജ കഴിച്ചാലും. അങ്ങേക്ക് പൂജ അറിയാമല്ലോ'. ഇത്തരം നിരവധി സന്ദർഭങ്ങൾ വാത്മീകി രാമായണത്തിലും മഹാഭാരതത്തിലും കാണാം. ശാക്തേയ പൂജയിലെ കൗളാചാരത്തെ വിമർശിക്കുന്നവർ ഇത് ഭാരതീയർ പ്രാചീന കാലത്ത് പിന്തുടർന്നിരുന്ന ഒന്നാണ് എന്ന് മനസ്സിലാക്കണം. ശ്രീരാമകൃഷ്ണദേവൻ തന്ത്ര സാധന ചെയ്യുന്ന സമയത്ത് ഭൈരവി ബ്രാഹ്മണിയുടെ നിർദ്ദേശാനുസരണം മത്സ്യവും മാംസവും ദേവിക്ക് നിവേദിച്ച ശേഷം സ്വയം ഭക്ഷിക്കേണ്ട സാഹചര്യം ഉണ്ടായി. അതിന് അദ്ദേഹം ആദ്യം മടിച്ചെങ്കിലും തന്ത്രസാധനയുടെ നിയമാനുസൃതം അദ്ദേഹത്തിന് അത് ചെയ്യേണ്ടി വന്നു. ആദ്യം തന്നെ പ്രേമം കൊണ്ട് മാത്രം ദേവീ ദർശനം ലഭിച്ച ശേഷമാണ് വ്യത്യസ്ഥങ്ങളായ നിരവധി ഉപാസനാ സമ്പ്രദായങ്ങളിലൂടെ പരമതത്ത്വത്തെ അറിയാനുള്ള സാധനകൾ അനുഷ്ഠിച്ചത്. അതിന്റെ ഭാഗമായാണ് തന്ത്ര സാധന ചെയ്യേണ്ടി വന്നത്. അവസാനമായി തോതാപുരിയിലൂടെ ജ്ഞാന

സാധനയിലൂടെ നിർവ്വികൽപ്പ സമാധിയുടെ തലത്തിൽ അദ്ദേഹം എത്തിച്ചേർന്നു. ഈ വ്യത്യസ്തകളാണ് സനാതന ധർമ്മത്തിന്റെ സൗന്ദര്യം എന്ന് നാം മനസ്സിലാക്കണം.

ബുദ്ധമതത്തിന്റെ സ്വാധീനത്തിന് ശേഷമാണ് ഭാരതത്തിൽ അഹിംസ പരമധർമ്മമായി മാറി യത്. തങ്ങൾ ഉപയോഗിച്ചിരുന്നതായ ഉത്ത മമായ ആഹാരം ഈശ്വരോപാസനക്ക് ഉപ യോഗിച്ചതിനെ തെറ്റ് എന്ന് പറയാനൊക്കില്ല. നായർ തറവാടുകളിൽ കോഴിവെട്ട് നടത്തിയി രുന്ന കാലം ഓർമ്മയുള്ള ചിലരെങ്കിലും ഇന്നും കണ്ടേക്കും. സസ്യാഹാരശീലമുള്ള ഒരു കു ടുംബത്തിൽ ജനിച്ചിട്ടും എന്റെ കുട്ടിക്കാലത്ത് തറവാട്ടിൽ കോഴി വെട്ടിയിരുന്ന അവ്യക്തമായ ഒരു ഓർമ്മ എനിക്കുണ്ട്. പക്ഷേ അക്കാലത്ത് മാംസം പ്രസാദരൂപത്തിലാണ് ഉപയോഗിച്ചിരു ന്നത് എന്ന് കാണാം. മദ്യപാനിയായിരുന്ന രാ മകൃഷ്ണദേവന്റെ ഭക്തനായിരുന്ന ബംഗാളിലെ പ്രസിദ്ധ നാടക പ്രവർത്തകനും നടനുമായ ശ്രീ ഗിരീഷ് ചന്ദ്ര ഘോഷ് മദ്യത്തിന് അടിമയായി രുന്നു. ശ്രീരാമകൃഷ്ണ ദേവൻ അദ്ദേഹത്തോട് മദ്യം അമ്മക്ക് നേദിച്ചിട്ട് പ്രസാദമായി കഴിച്ചു കൊള്ളാനാണ് പറഞ്ഞത്. മദ്യം ഉപയോഗിക്കു ന്നതിനുള്ള അനുവാദമായിരുന്നില്ല അത് മറിച്ച് മദ്യത്തെ പ്രസാദബുദ്ധ്യാ സ്വീകരിക്കുന്നതിലൂടെ നിയന്ത്രിക്കാനായിരുന്നു. പക്ഷേ ക്രമേണ അദ്ദേഹം മദ്യപാനം നിർത്തി വിവേകാനന്ദസ്വാ മികളെപ്പോലെ തന്നെ പ്രസിദ്ധനായ ഒരു ശ്രീ രാമകൃഷ്ണ ഭക്തനായിത്തിരുകയും ചെയ്തു.

എന്നാൽ പഞ്ചമകാരങ്ങളുടെ സൂക്ഷ്മത ത്ത്വം മനസ്സിലാക്കാതെയാണ് അതിനെ വിമർ ശിക്കുന്നത് എന്നാണ് ചിലരുടെ അഭിപ്രായം. മദ്യമെന്നത് കുണ്ഡലിനി സഹസ്രാരത്തിൽ ചെന്ന് അമൃതപാനം ചെയ്ത് തിരിച്ച് വരുന്ന തിന്റെ ആവർത്തനമാണെന്നും മാംസം ജഡി ലമായ ശരീരമല്ലെന്നും സാധകൻ തന്റെ സർവ്വകർമ്മങ്ങളെയും ഈശ്വരനിൽ അർപ്പി ക്കലാണെന്നും മത്സ്യമെന്നത് സർവ്വജീവി കളുടെയും സുഖദുഃഖങ്ങളെ പങ്ക് വക്കലാ ണന്നും മൈഥുനം സാധക ശരീരത്തിലെ സ്ത്രീശക്തി പ്രതീകമായ കുണ്ഡലിനി ശക്തിയെ സഹസ്രാരത്തിൽ യോജിപ്പിക്കലാണന്നുമുള്ള സൂക്ഷ്മതത്ത്വ പ്രകാരം പൂർവ്വ ഉത്തര കൗള ങ്ങൾ തമ്മിൽ വ്യത്യാസം ഇല്ലാതാകുന്നു. തന്ത്ര ശാസ്ത്ര പണ്ഡിതനായ ജോൺ വുഡ്റോഫ് ഇതേപ്പറ്റി പറയുന്നത്. ‘ സഹസ്രാരത്തിൽ നിന്ന് ഇറ്റിറ്റ് വീഴുന്ന സോമധാരയാണ് മദ്യം. മാ എന്ന ജിഹ്വാംശമായ വാക്പ്രവൃത്തിയാണ് മാംസം. അതിനെ ഭക്ഷിക്കുന്ന സാധകൻ വാക്കിനെ നിയന്ത്രിക്കുന്നു. ഇഡ പിംഗളകളിലൂടെയുള്ള ശക്തി പ്രവാഹത്തിന്റെ ചലനമാണ് മത്സ്യം പ്രാ ണായാമം കൊണ്ട് ശ്വാസനിശ്വാസങ്ങളെ അട ക്കുന്നവൻ മത്സ്യത്തെ ഭക്ഷിക്കുന്നു. സഹസ്രാര ത്തിൽ ലീനമായ ജ്ഞാനത്തിന്റെ ഉണർത്തലാണ് മുദ്ര. മൂലാധാരത്തിൽ നിന്നുള്ള സൂക്ഷ്മശക്തി സഹസ്രാരത്തോട് ചേരുമ്പോൾ സാധകൻ ബ്രഹ്മാ നന്ദാനുഭൂതി കൈവരിക്കുന്നതാണ് മൈഥുനം’ എന്നാണ്. ഈ ആശയം നിലനിൽക്കുമ്പോഴും ബാഹ്യാർത്ഥത്തിലുള്ള പഞ്ചമകാര പൂജയും ഇവിടെ നിലനിന്നിരുന്നു. ഭാവചൂഡാമണി എന്ന തന്ത്രത്തിൽ കൗളദർശനത്തെപ്പറ്റി പറഞ്ഞിരി ക്കുന്നത് ഇപ്രകാരമാണ്

കർദമേ ചന്ദന്യഭിന്നം പുത്രേ ശത്രൗ<br>
തഥാ പ്രിയേ<br>
ശുശാനേ ഭവനേ ദേവി തഥൈവം കാ<br>
ഞ്ചനേതൃണേ<br>
ന ഭേദോ യസ്യ ദേവേശി സ കൗല:<br>
പരികീർത്തിത

ചന്ദനവും ചെളിയും ശത്രുവും മിത്രവും ശ്മ ശാനവും ഭവനവും സ്വർണ്ണവും പുല്ലും ഇവയിൽ ആർക്കാണോ ഭേദഭാവനയില്ലാത്തത് അവരാണ് കൗളൻ. ഇവിടെ കൗള ദർശനവും അദ്വൈത ദർശനവും തമ്മിൽ സമാനത കാണാം.

ദാരികനിഗ്രഹം കഴിഞ്ഞ് കോപിഷ്ടയായ കാ ളിയെക്കണ്ട് ഭയന്ന് ഋഷിമാരും ദേവകളും ഓടി യകന്നു. ശ്രീപരമേശ്വരന്റെ നിർദ്ദേശമനുസരിച്ച് ശ്രീ ഗണപതിയും നന്ദികേശ്വരനും ശിശുരൂപ ത്തിൽ വഴിയിൽ കിടന്നു. ഈ ഓമനക്കുട്ടികളെ ക്കണ്ട് കാളിയുടെ കോപമടങ്ങി. ശാന്തയായ കാളി പരമശിവപാദങ്ങളിൽ നമസ്കരിച്ചു

ഭക്തർ ആദരവോടെ നൽകുന്നതും സ്വീകരിച്ച് ഭക്തന്മാരെ അനുഗ്രഹിക്കണമെന്ന് ശിവൻ കാളിക്ക് നിർദ്ദേശം നൽകി. ഇതാവാം കൗളത്തിലെ ഉത്തരഭാഗം പ്രചാരത്തിൽ വരാനുള്ള ഒരു ജനകീയ അടിത്തറയിട്ടത്. തമിഴ്നാട്ടിൽ ഭക്തോത്തമനായ കണ്ണപ്പന്റെ കഥയിൽ കണ്ണപ്പൻ താൻ വേട്ടയാടിക്കിട്ടിയ മാംസത്തിൽ നിന്ന് താൻ കടിച്ച് നോക്കി നല്ലത് മാത്രം ഭഗവാന് നൽകുന്നു. അഭിഷേകത്തിനുള്ള ജലം വായിലാണ് കൊണ്ട് വരുന്നത്. ഇവിടെ ഭക്തൻ തനിക്കിഷ്ടപ്പെട്ടത് ഭഗവാന് നൽകുന്നു. ഭഗവാൻ പ്രത്യക്ഷപ്പെട്ട് കണ്ണപ്പനെ അനുഗ്രഹിക്കുന്നു. മന്ത്ര തന്ത്രാദികൾ കൊണ്ട് തന്നെ നിത്യവും പൂജിക്കുന്ന ബ്രാഹ്മണനേക്കാൾ ഭഗവാന്റെ അനുഗ്രഹത്തിന് പാത്രീഭൂതനാവുന്നത് കണ്ണപ്പനാണ്.

മത്സ്യമാംസാദികൾ പൂജക്ക് ഉപയോഗിക്കുന്ന സമ്പ്രദായം ശാക്തേയ സമ്പ്രദായത്തിന് പ്രാധാന്യം നൽകുന്ന കേരളത്തിലും നിലനിന്നിരുന്നു. പിൽക്കാലത്ത് കരിക്ക്, തേൻ മുതലായവ മദ്യത്തിന് പകരമായി ഉപയോഗിച്ച് തുടങ്ങിയതാണ്. ചുണ്ണാമ്പും മഞ്ഞളും ചേർത്ത ഗുരുതി രക്തത്തിന് പകരവും കുമ്പളങ്ങ മുറിക്കൽ മൃഗബലിക്ക് പകരവും ആരംഭിച്ചതാണ്. പല കാളിക്ഷേത്രങ്ങളിലും നിവേദ്യത്തിന് പകരം ഉപയോഗിക്കാറുള്ള പിടിയൻ (ഉദാ. മുക്കൂട്ടിൽ ക്ഷേത്രം) കോഴിപ്പിടിയന്റെ പരിണിത രൂപമാണ്. കൊടുങ്ങല്ലൂരിലെ ഭരണിക്ക് കോഴിക്കല്ലു മൂടലും കോഴിയെ പറപ്പിക്കലും ആചാരത്തിന്റെ ഭാഗമായി നടന്നു വരുന്നുണ്ട്. കുറച്ച് കാലം മുമ്പ് വരെ നിലനിന്നിരുന്ന മൃഗബലിയുടെ ഓർമ്മ നിലനിർത്തുന്നതാണ് ഈ ചടങ്ങുകൾ. ശബരിമലയിൽ ഗുരുതി നടത്തുന്നത് നായർ സമുദായാംഗങ്ങളാണ്. ഏഴാം ഗുരുതിക്ക് ശേഷം ചില രഹസ്യക്രിയകൾ നടത്തി വരുന്നുണ്ട് എന്ന് അവർ പ്രസ്താവിച്ചിട്ടുണ്ട്. 1936 ൽ നിരോധിക്കുന്നത് വരെ ശബരിമലയിൽ അജബലി നടന്നിരുന്നുവെന്നാണ് കരുതപ്പെടുന്നത്

ദാരികന്റെ ശിരസ്സ് കയ്യിലേന്തിയ കാളിയുടെ ചിത്രം ചിലർക്കെങ്കിലും ഭയാനകമായി തോന്നാം. പക്ഷേ ഇതേ കാളിയെത്തന്നെയാണ് ശ്രീരാമകൃഷ്ണ ദേവൻ അമ്മയായി ആരാധിച്ചിരുന്നത്. കൗള പൂജയുടെ രൂക്ഷമായ ഘട്ടങ്ങൾ ശ്രീരാമകൃഷ്ണദേവൻ കടന്ന് പോയിരുന്നു. ഭൈരവി ബ്രാഹ്മണിയുടെ നേതൃത്വത്തിൽ കൗള മാർഗ്ഗത്തിലൂടെ, സാധനയിലൂടെ ശ്രീരാമകൃഷ്ണ ദേവൻ ഈശ്വരസാക്ഷാത് കാരത്തിന്റെ തലത്തിൽ എത്തിച്ചേർന്നിരുന്നു. മറ്റൊരു തലത്തിൽ കാളിയെ അമ്മയായി ആരാധിക്കുമ്പോൾ ഈ രൗദ്രഭാവം ശാന്തമായി മാറുന്നു. അപ്പോൾ അസുരത്വം നമ്മുടെ ഉള്ളിലെ തിന്മകളുടെ പ്രകടീതരൂപമാണ്. ഈ പ്രവണതയെ ജയിക്കാനുള്ള ഈശ്വരശക്തി നമ്മുടെ ഉള്ളിൽത്തന്നെ അന്തർലീനമാണ്. ഇവിടെ ശിവന്റെ മൂന്നാം തൃക്കണ്ണിൽ നിന്ന് ഭദ്രകാളി ജനിച്ച കഥയിലെ മൂന്നാം തൃക്കണ്ണ് ജ്ഞാനചക്ഷുസാണ്. ജ്ഞാനചക്ഷുസിലൂടെ വിവേക ബുദ്ധി നേടുമ്പോൾ ആസുരികഭാവം ഇല്ലായ്മ ചെയ്യപ്പെടുന്നു. ദാരുകനെ കൊന്ന് കുടിക്കുന്ന രക്തം ഉള്ളിലുള്ള അസുരന്റെതാണ്. അസുര ഭാവത്തെ ഇല്ലാതാക്കുമ്പോഴാണ് ആനന്ദനടനമാടുന്നത്. തന്നിൽത്തന്നെയുള്ള തിന്മകളെ അറിഞ്ഞ് അതിനെ ഇല്ലാതാക്കുക എന്നതാണ് ദാരുകവധതത്ത്വം കൗള പൂജയിലെ പഞ്ചമകാരപൂജക്ക് വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുമ്പോഴും ഇത് കേരളത്തിൽ നടന്നിരുന്നുവെന്നതും അത് പാരമ്പ ര്യത്തിന്റെ ഭാഗമാണെന്നും നാം മനസ്സിലാക്കിയാൽ മതി.

ഇവിടെ മത്സ്യമാംസാദികളിലൂടെ നടത്തുന്ന കൗള പൂജ കേരളത്തിലെ കാവുകളിൽ നടന്ന് വന്നിരുന്നെങ്കിലും 1936 ലെ മൃഗബലി നിരോധന നിയമത്തിന് ശേഷം അവ കുമ്പളങ്ങാ മുറിക്കലും മഞ്ഞളും ചുണ്ണാമ്പുമുള്ള ഗുരുതിയുമായി മാറിക്കഴിഞ്ഞു. പക്ഷേ ഉത്തരമലബാറിൽ കോലത്തിരി രാജാവിന്റെയും അള്ളട സ്വരൂപത്തിന്റെയും കോട്ടയത്ത് തമ്പുരാന്റെയും കടത്തനാട് രാജാവിന്റെയും കല്യാട്ട് നായനാരുടെയും കീഴിലുള്ള ശാക്തേയ കാവുകളിലുൾപ്പെടെ മത്സ്യമാംസാദികൾ ഉപയോഗിച്ച് പൂജ നടത്തി വരുന്ന പ്രസിദ്ധങ്ങളായ പതിനൊന്ന് കാവുകൾ ഉണ്ട്. അങ്ങനെയുള്ള കേരളത്തിലെ പ്രസിദ്ധ ശാക്തേയ കാവുകളെ പ്പറ്റി നമുക്ക് പഠിക്കാം.

(തുടരും)

# നൈപുണ്യ പരിശീലനം
## (Life Skill Education)

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

**ജീവിത നൈപുണ്യം തുടർച്ച....**

ക്രിട്ടിക്കൽ തിങ്കിംഗ് (ഗുണദോഷ വിചാര യുക്തി ചിന്ത) ക്രിയേറ്റീവ് തിങ്കിംഗ് (സർഗ്ഗ ശക്തി)

ഏതു കാര്യത്തിലായാലും തെറ്റും ശരിയും വിശകലനം ചെയ്തു യുക്തി ചിന്തയിലൂടെ കാര്യങ്ങളെ നോക്കികാണുന്നതിനാണ് ഗുണദോഷ വിചാര ചിന്ത എന്ന് പറയുന്നത്. മറ്റുള്ളവരെ മനസിലാക്കാനും അതനുസരിച്ചു പെരുമാറാനും പഠിക്കണം. ഇത്തരം നിരീക്ഷണ പാടവം പരിശീലിക്കുമ്പോൾ ഏതു സന്ദർഭങ്ങളിലും പെരുമാറാനും വേണമെങ്കിൽ പ്രശ്നങ്ങളിൽ നിന്നൊഴിവാകാനും കഴിയും. ആശയവിനിമയവും പ്രാധാന്യമർഹിക്കുന്നു. നമ്മുടെ ജീവിതരീതി, കാലഘട്ടം, കാഴ്ചപ്പാട് ഇവയൊക്കെ മാറുന്നതനുസരിച്ചു നമുക്ക് മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അടിസ്ഥാനപരമായി മാറ്റം വരുത്തേണ്ടതെന്നു മനസ്സിലായാൽ അവയിലൂന്നി വേണ്ട മാറ്റങ്ങൾ വരുത്താം. ചിലർക്ക് തുറന്നു പറയാനോ, സംസാരിക്കാനോ, സ്വന്തം ആവശ്യങ്ങൾ പറയാനോ വിഷമം. ഇവർക്ക് വേണ്ടുന്ന അസേർട്ടിവ് ട്രെയിനിംഗ് കൊടുക്കണം.ചിലർക്ക് ആവശ്യമുള്ളത് അവർ പറയാതെ മറ്റുള്ളവർ മനസിലാക്കി വേണ്ടതു ചെയ്യണമെന്നാഗ്രഹിക്കുന്നവരുമുണ്ട്. ചില സ്ഥലത്തു നമ്മൾ നോൺ വെർബൽ കമ്മ്യൂണിക്കേഷൻസ് മനസ്സിലാക്കാൻ ശീലിക്കണം കാര്യം വ്യക്തമായി പറയാത്തവരുടെ മുഖഭാവങ്ങളിൽനിന്നും മനസ്സിലാക്കണം. ഏതു വകുപ്പിലായാലും സ്ഥലത്തായാലും ആശയ വിനിമയം നടത്താൻ പരിശീലിക്കണം.

അതുപോലെ പരസ്പരം മനസിലാക്കാനും വാക്കുകളെ സുക്ഷിച്ചുപയോഗിക്കാനും പഠിക്കണം. ഇവിടെ സഹതാപമല്ല താദാത്മ്യം പ്രാപിക്കലാണവശ്യം.

ക്രിയെറ്റീവ് തിങ്കിംഗിൽ ഉൾക്കാഴ്ചയോടുകൂടി സംസാരിക്കുകയെന്നതാണ്' ഒരു കാര്യത്തെ സ്വന്തം ശൈലിയിലൂടെ അതായതു പ്രൊജക്ട്, പുസ്തക രചന മുതലായവ അവതരിപ്പിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട സൃഷ്ടിപരമായ കാഴ്ചപ്പാടുണ്ടാവണം വൈകാരികമായ പ്രശ്നങ്ങളെ നേരിടാനും പരിശീലിക്കണം. ഒരിക്കൽ ഒരു കുട്ടിയുമായി ഒരമ്മ വന്നു. സ്കൂളിൽ അവൻ ഒറ്റക്കാണ് കുട്ടുകാരാരുമില്ല. സ്കൂളിൽ പോകാൻ ഭയം. ആ കുട്ടിയുമായി സംസാരിച്ചപ്പോഴാണ് കാര്യം മനസിലായത്. കുട്ടിയുടെ ക്ലാസ്സിൽ പലർക്കും മൊബൈലുണ്ട്. അവിടെ കുട്ടുകാർ ഇതു ചർച്ച ചെയ്യും നമ്മുടെ കുട്ടിക്ക് മൊബൈലിനോട് ഭയം. കാരണം അവന്റെ ബന്ധു മൊബൈലിൽ ഗെയിം കളിച്ചു വഞ്ചിക്കപ്പെട്ടതവനറിയാം. ആ കുട്ടിയെ മൊബൈലിന്റെ ഗുണദോഷങ്ങൾ പറഞ്ഞു മനസിലാക്കാനും ഫ്രണ്ട്സിനോട് 'നോ' (വേണ്ട) പറയുന്നത് ശരിയെന്ന് ഉറപ്പിക്കാനും കഴിയണം ഇവിടെയാണ് ക്രിട്ടിക്കൽ തിങ്കിംഗിന്റെ പ്രസക്തി. ജീവിതത്തിന്റെ ഉദ്ദേശവും മൂല്യവും ബോധ്യപ്പെടുത്താനും സുഹൃത്തുക്കളുടെ സമ്മർദ്ദവും കുറക്കാനും ഇത്തരം വിശകലനം ആവശ്യമാണ്. ഉത്തരവാദിത്വത്തോടുകൂടി കാര്യങ്ങളെ സമീപിച്ചാൽ മാത്രമേ മറ്റുള്ളവരിൽ നമ്മളെക്കുറിച്ച് ഒരവബോധം സൃഷ്ടിക്കാൻ സാധിക്കുകയുള്ളു പ്രശ്ന പരിഹാരങ്ങൾക്കും ചിലപ്പോൾ ക്രിട്ടിക്കൽ തിങ്കിംഗിൽ കുടി സാധിക്കും. കൂടാതെ ക്രിയേറ്റിവ് തിങ്കിംഗ്, തീരുമാനമെടുക്കാനുള്ള കഴിവ് ഇവയെല്ലാം ഒരുമിച്ചു വേണ്ടിവന്നേക്കാം. മൂല്യാധിഷ്ഠിതമായി ചിന്തിക്കാൻ ഇത്തരം നൈപുണ്യങ്ങൾ ശീലിക്കണം.ഈ കാലഘട്ടത്തിനനുയോജ്യമായ നിയമങ്ങൾ സ്വാതന്ത്ര്യം എത്രമാത്രമാകാം നമ്മുടെ അതിരുകൾ, എവിടെവരെ

എന്നൊക്കെയുള്ള വിവരങ്ങൾ കുട്ടികൾ അറിയണം. പല പ്രശ്നങ്ങളുമായി ഇവിടെ വന്ന പലരിൽ നിന്നും ഞാൻ കേട്ട കാര്യങ്ങൾ കുട്ടികളിൽ ഇത്തരത്തിലുള്ള അറിവ് എത്തിക്കണമെന്നുള്ള ചിന്തക്കു ആക്കം കൂട്ടുന്നു.

ഇതു കൂടാതെ ആത്മഹത്യാപ്രവണത ഇത്തരം ചിന്തകൾ ഒഴുവാക്കാനായും നമ്മുടെ സുഹൃത്തുക്കളിൽ ഇങ്ങനെ വികാര വിക്ഷോഭങ്ങൾ ഉണ്ടായാൽ വേണ്ട തരത്തിലുള്ള പരിഗണന നൽകി മാറ്റിയെടുക്കന്നതിനും പരിശിലിച്ചേ മതിയാകൂ. അതുപോലെ ലഹരി പദാർത്ഥങ്ങളിൽ നിന്നുള്ള രക്ഷപ്പെടൽ സുഹൃത്തുക്കളിലെ ഭാവവ്യത്യാസങ്ങൾ സ്കുളിലുള്ള മാറ്റങ്ങൾ, വേഷവിധാനത്തിലും ശാരീരിക വ്യതിയാനങ്ങളിലുമുള്ള മാറ്റങ്ങൾ ഇവയൊക്കെ കണ്ടു മനസിലാക്കാനുള്ള പരിശീലനം നൽകണം. പുകവലിയുടെയും മറ്റും കാരണങ്ങൾ കണ്ടുപിടിച്ചു മാറ്റുക, സമപ്രായക്കാരുടെ സമ്മർദ്ദം മനസ്സിലാക്കുക തുടങ്ങിയവ മനസ്സിലാക്കാനുള്ള പരിശീലനം, അനുകമ്പ, സഹാനുഭൂതി, ആർദ്രത ഇവയൊക്കെ കുട്ടികളെ മനസ്സിലാക്കി, കാണിച്ചുകൊടുത്തു പഠിപ്പിക്കണം.

ഇവിടെയാണ് കുട്ടികൾ ഭാവി കരുപ്പിടിപ്പിക്കാൻ പഠിക്കണമെന്നുള്ള ആവശ്യം ഉണ്ടാകുന്നത്. കാലമെത്ര കഴിഞ്ഞാലും മണ്ണിൽ പൂണ്ടു കിടക്കുന്ന ഇരുമ്പു കഷണത്തിലെ തുരുമ്പു പോലെ നിങ്ങളുടെ ശരീരവും മണ്ണിലങ്ങനെ കിടന്നാൽ മതിയോ?. മണ്ണിൽ അലിയാത്ത സാധനങ്ങളെ നിങ്ങൾ വലിച്ചെറിയുന്നതുപോലെ കാലം നിങ്ങളെയും വലിച്ചെറിയും. അങ്ങനെ വേണ്ടായെന്നാണങ്കിൽ വേണ്ട പരിശീലനത്തിലൂടെ വികസിത വ്യക്തിത്വമായ മനുഷ്യനാകാൻ പഠിക്കൂ.

---

(8-ാം പേജിന്റെ തുടർച്ച...)

തന്റെ ചൂണ്ടുവിരൽകൊണ്ട് തൊട്ടു. അതൊരു പൊൻമോതിരമായി. അദ്ദേഹം അത് ആ കല്ലാശാരിക്കു കൊടുത്തു.

'വിലയുള്ള വാക്കുകൾക്കാണിത്. വെച്ചോളൂ. നല്ലതുവരട്ടെ.'

സന്യാസി നടന്ന് എങ്ങോ മറഞ്ഞു.

ഹ്യസ്വമായ ജീവിതത്തെ സ്വർഗ്ഗതുല്യമായി മാറ്റുവാനുള്ള ഒരേയൊരു വൈകാരികഭാവമാണ് സ്നേഹം. ഈ യാഥാർത്ഥ്യം മക്കൾ മനസ്സിലാക്കണം. സഹജമായ അനുകമ്പയും സ്നേഹത്തിന്റെ ഓർമ്മകളും അറിഞ്ഞു വളരണം കൊച്ചുകൂട്ടുകാർ. അതിനായി നല്ല സാരങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ ചങ്ങാതിമാർ കണ്ടെടുത്തു വായിക്കണം. കൺമുന്നിൽ നിന്ന് മാഞ്ഞുതുടങ്ങുന്ന ചില നന്മകൾ തിരികെ കൊണ്ടുവരണം.

ഈ പ്രപഞ്ചം ഒരു പാഠശാലയാണ്. നോക്കിക്കണ്ടു മനസ്സിലാക്കാനും പഠിക്കാനും ഒരു പാടുണ്ട്. അതിനു ശ്രമിക്കണം കൊച്ചുകൂട്ടുകാർ. എല്ലാറ്റിൽനിന്നും പഠിക്കാനുണ്ട്. പഠനം തകൃതിയായി നടക്കട്ടെ. കളികളിലൂടെയും കാര്യങ്ങളിലൂടെയും.

*******

# അയ്യപ്പ ഭാഗവത പാരായണം

മണ്ഡലകാലത്തോടനുബന്ധിച്ച് 2024 നവംബർ മാസം 21-ാം തീയതി മുതൽ 23-ാം തീയതി വരെ ശ്രീമതി പി. പി. വത്സലയുടെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7.30 മുതൽ അയ്യപ്പ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഭക്തജനങ്ങളേയും സാദരം സ്വാഗതം ചെയ്യുന്നു.

**ജനറൽ സെക്രട്ടറി**

# വിഷാദ രോഗം

ഡോ. ദേവീദാസ് വെള്ളോടി - 9747480903

വിഷാദം (മേജർ ഡിപ്രസീവ് ഡിസോർഡർ) ഒരു സാധാരണവും ഗുരുതരവുമായ മാനസിക വൈകല്യമാണ്, അത് ലോകത്തെ നിങ്ങൾ എങ്ങനെ അനുഭവിക്കുന്നു, ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു, ഗ്രഹിക്കുന്നു എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു.

2023 ലെ ഒരു ദേശീയ സർവേ പ്രകാരം, പ്രായപൂർത്തിയായ പത്തിൽ മൂന്ന് പേർക്കും (29%) അവരുടെ ജീവിതത്തിലെ ഏതെങ്കിലും ഘട്ടത്തിൽ വിഷാദരോഗം കണ്ടെത്തിയിട്ടുണ്ട്. സ്ത്രീകളിലാണ് പുരുഷന്മാരേക്കാൾ കൂടുതൽ വിഷാദരോഗം കണ്ടുവരുന്നത്. പ്രായമായവരേക്കാൾ ചെറുപ്പക്കാർക്ക് വിഷാദരോഗത്തിന് സാധ്യത കൂടുതലാണ്. വിഷാദം എപ്പോൾ വേണമെങ്കിലും ഏത് പ്രായത്തിലും സംഭവിക്കാം, ശരാശരി അത് ഒരാളുടെ കൗമാരത്തിന്റെ അവസാനത്തിലും 20 കളുടെ മധ്യത്തിലും പ്രത്യക്ഷപ്പെടാം.

## വിഷാദ രോഗലക്ഷണങ്ങൾ

വിഷാദ രോഗലക്ഷണങ്ങൾ മിതമായത് മുതൽ കഠിനമായത് വരെ വ്യത്യാസപ്പെടാം, ഇത് ഓരോ വ്യക്തിയിലും വ്യത്യസ്തമായി പ്രത്യക്ഷപ്പെടാം. അവർക്ക് താഴെ പറയുന്നവയിൽ ചിലതു ഉണ്ടാകാം.

ദുഃഖം, ക്ഷോഭം, മനസ്സും ചിന്തകളും ശൂന്യം കൂടാതെ/അല്ലെങ്കിൽ നിരാശ തോന്നുന്നു.

ഒരിക്കൽ നിങ്ങൾ ആസ്വദിച്ച പ്രവർത്തനങ്ങളിൽ താൽപ്പര്യമോ സന്തോഷമോ നഷ്ടപ്പെടുന്നു.

വിശപ്പിലെ കാര്യമായ മാറ്റം(സാധാരണയേക്കാൾ വളരെ കുറവോ കൂടുതലോ കഴിക്കുന്നത്) കൂടാതെ അമിതഭാരവും (ഡയറ്റിംഗുമായി ബന്ധമില്ലാത്ത ശ്രദ്ധേയമായ നഷ്ടം അല്ലെങ്കിൽ നേട്ടം).

വളരെ കുറച്ച് അല്ലെങ്കിൽ അമിതമായി ഉറങ്ങുക.

ഊർജ്ജം കുറയുന്നു അല്ലെങ്കിൽ വർദ്ധിച്ച ക്ഷീണം തോന്നുന്നു.

ഉദ്ദേശരഹിതമായ ശാരീരിക പ്രവർത്തനങ്ങളുടെ വർദ്ധനവ് (ഉദാ., നിശ്ചലമായി ഇരിക്കാനുള്ള കഴിവില്ലായ്മ, വേഗത, കൈ ചുഴറ്റൽ) അല്ലെങ്കിൽ മന്ദഗതിയിലുള്ള ചലനങ്ങൾ അല്ലെങ്കിൽ മറ്റുള്ളവർക്ക് ശ്രദ്ധിക്കാൻ കഴിയുന്നത്ര കഠിനമായ ഉച്ചത്തിലുള്ള സംസാരം, വിലകെട്ടതോ അമിതമായ കുറ്റബോധമോ തോന്നുക.

ചിന്തിക്കാനോ ശ്രദ്ധ കേന്ദ്രീകരിക്കാനോ ഉള്ള ബുദ്ധിമുട്ട്, മറവി, കൂടാതെ ചെറിയ തീരുമാനങ്ങൾ എടുക്കാനുള്ള ബുദ്ധിമുട്ട്, മരണത്തെക്കുറിച്ചുള്ള ചിന്തകൾ, ആത്മഹത്യാ ചിന്തകൾ അല്ലെങ്കിൽ ആത്മഹത്യാശ്രമങ്ങൾ, ഇവയെല്ലാം വിഷാദ രോഗ ലക്ഷണങ്ങളാണ്.

മനുഷ്യാനുഭവത്തിന്റെ ഭാഗമായി ദുഃഖത്തിന്റെ നിമിഷങ്ങൾ അല്ലെങ്കിൽ 'ഡംപ്സ്' അനുഭവപ്പെടുന്നത് സാധാരണമാണ്. എന്നിരുന്നാലും, വിഷാദരോഗത്തിന്റെ രോഗനിർണ്ണയത്തിന്, മുകളിൽ പറഞ്ഞ ലക്ഷണങ്ങൾ ദിവസത്തിൽ ഭൂരിഭാഗം, സമയത്തും മിക്കവാറും എല്ലാ ദിവസവും, തുടർച്ചയായി രണ്ടാഴ്ചയിൽ കൂടുതൽ, കാണപ്പെടുകയോ ജോലി സ്ഥലങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ മാറ്റം ഉണ്ടാവുകയോ ചെയ്യുകയാണെങ്കിൽ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെത്തന്നെ വ്യക്തി ബന്ധങ്ങളിലും ഹോബികളിലും ഉണ്ടാവുന്ന മാറ്റങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

## വിഷാദ രോഗം ചികിൽസിക്കാവുന്നതാണ്

**അപകടകരമായ ഘടകങ്ങൾ:**

വിഷാദം ആരെയും ബാധിക്കാം - വിഷാദരോഗത്തിൽ പല ഘടകങ്ങൾക്കും പങ്കുണ്ട്.

ബയോകെമിക്കൽ: തലച്ചോറിലെ ചില രാസവസ്തുക്കളിലെ വ്യത്യാസങ്ങൾ (ന്യൂറോട്രാൻസ്മിറ്ററായ സെറോടോണിൻ, ഡോപാമിൻ, നോറെപിനെഫ്രിൻ എന്നിവ) വിഷാദരോഗ

ത്തിന്റെ ലക്ഷണങ്ങൾക്ക് കാരണമായേക്കാം.

**ജനിതകം:** കുടുംബങ്ങളിൽ വിഷാദം ഉണ്ടാകാം. ഉദാഹരണത്തിന്, ഇരട്ടകളിൽ ഒരാൾക്ക് വിഷാദരോഗമുണ്ടെങ്കിൽ, മറ്റേയാൾക്ക് ജീവിതത്തിൽ എപ്പോഴെങ്കിലും അസുഖം വരാനുള്ള സാധ്യത 70 ശതമാനമാണ്.

**വ്യക്തിത്വം:** താഴ്ന്ന ആത്മാഭിമാനമുള്ള ആളുകൾ, സമ്മർദ്ദത്താൽ എളുപ്പത്തിൽ കീഴടക്കുന്നവർ അല്ലെങ്കിൽ പൊതുവെ അശുഭാപ്തിവിശ്വാസം ഉള്ളവർക്കൊക്കെ വിഷാദരോഗം അനുഭവപ്പെടാൻ കൂടുതൽ സാധ്യതയുണ്ട്.

**പരിസ്ഥിതി:** അക്രമം, അവഗണന, ദുരുപയോഗം അല്ലെങ്കിൽ ദാരിദ്ര്യം എന്നിവയുമായി തുടർച്ചയായി സമ്പർക്കം പുലർത്തുന്നതും വിഷാദരോഗം വർദ്ധിപ്പിക്കുവാൻ കാരണമായേക്കാം.

## ചികിത്സ

മാനസിക വൈകല്യങ്ങളിൽ ഏറ്റവും ചികിത്സിക്കാവുന്ന ഒന്നാണ് വിഷാദം. വിഷാദരോഗമുള്ളവരിൽ 70% മുതൽ 90% വരെ ആളുകൾ ഒടുവിൽ ചികിത്സയോട് നന്നായി പ്രതികരിക്കുന്നുണ്ട്.

വിഷാദരോഗം കണ്ടുപിടിക്കാൻ, ഒരു ഹെൽത്ത് കെയർ പ്രൊഫഷണൽ സമഗ്രമായ ഡയഗ്നോസ്റ്റിക് മൂല്യനിർണ്ണയം നടത്തും, അതിൽ നിങ്ങളുടെ വ്യക്തിഗത, മെഡിക്കൽ, കുടുംബ ചരിത്രങ്ങൾ കൂടാതെ നിങ്ങളുടെ ലക്ഷണങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ഒരു സമഗ്രമായ അഭിമുഖം ഉൾപ്പെടുന്നു. കൂടാതെ, ഹോർമോൺ അസന്തുലിതാവസ്ഥ, വിറ്റാമിൻ കുറവുകൾ, നാഡീസംബന്ധമായ പ്രശ്നങ്ങൾ, മയക്കുമരുന്ന് അല്ലെങ്കിൽ മദ്യം എന്നിവയുടെ ഉപയോഗം പോലുള്ള വിഷാദരോഗത്തെ അനുകരിക്കുന്ന അടിസ്ഥാന മെഡിക്കൽ അവസ്ഥകൾക്കായി ഒരു ശാരീരിക പരിശോധന നടത്തണം. മെഡിക്കൽ സ്ക്രീനിംഗിന്റെ ഭാഗമായി വിലയിരുത്തലിൽ ലബോറട്ടറി, ഇമേജിംഗ് ടെസ്റ്റുകളും ഉൾപ്പെടുത്താം. ഒരു രോഗനിർണ്ണയം രൂപപ്പെടുത്തുകയും ഒരു വ്യക്തിഗത ചികിത്സാ പദ്ധതി നിർദ്ദേശിക്കുകയും ചെയ്യുമ്പോൾ മൂല്യനിർണ്ണയം നടത്തുന്ന മെഡിക്കൽ പ്രൊഫഷണൽ ഈ ഘടകങ്ങളെല്ലാം കണക്കിലെടുക്കും.

## മരുന്നുകൾ

മസ്തിഷ്ക രസതന്ത്രം (CHEMISTRY OF BRAIN) ഒരു വ്യക്തിയുടെ വിഷാദത്തിന് കാരണമായേക്കാം. ഇക്കാരണത്താൽ, ആന്റീഡിപ്രസന്റുകൾ ശുപാർശ ചെയ്തേക്കാം. ഈ മരുന്നുകൾ സെഡേറ്റീവ്സ്, 'അപ്പർസ്' അല്ലെങ്കിൽ ട്രാൻക്വിലൈസറുകൾ അല്ല. അവർ ആസക്തിയുള്ളവരല്ല.

ആന്റീഡിപ്രസന്റുകളുടെ ഉപയോഗം ആദ്യ ഒന്നോ രണ്ടോ ആഴ്ചയ്ക്കുള്ളിൽ ചില മെച്ചപ്പെടുത്തലുകൾ ഉണ്ടാക്കിയേക്കാം, എന്നാൽ പൂർണ്ണമായ ഗുണങ്ങൾ രണ്ടോ മൂന്നോ മാസത്തേക്ക് കാണാനിടയില്ല. ഏതാനും ആഴ്ചകൾക്കു ശേഷവും ഒരു വ്യക്തിക്ക് കാര്യമായ പുരോഗതിയോ കുറവോ അനുഭവപ്പെടുന്നില്ലെങ്കിൽ, ഡോസ് ക്രമീകരിക്കാനോ പുതിയ മരുന്ന് ചേർക്കാനോ ബദൽ ആന്റീഡിപ്രസന്റിലേക്ക് മാറാനോ അവരുടെ സൈക്യാട്രിസ്റ്റ്/ആരോഗ്യ വിദഗ്ധൻ ശുപാർശ ചെയ്തേക്കാം. ചില സാഹചര്യങ്ങളിൽ, മൂഡ് സ്റ്റെബിലൈസറുകൾ പോലെയുള്ള മാനസികരോഗങ്ങളുടെ മറ്റ് ക്ലാസുകൾ സഹായകമായേക്കാം. നിങ്ങൾക്ക് ആശങ്കകളുണ്ടെങ്കിൽ അല്ലെങ്കിൽ മരുന്നിന്റെ ഏതെങ്കിലും പാർശ്വഫലങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ നിങ്ങളുടെ ആരോഗ്യപരിപാലന പ്രൊഫഷണലിനെ അറിയിക്കേണ്ടത് പ്രധാനമാണ്.

വിഷാദരോഗ ലക്ഷണങ്ങൾ മെച്ചപ്പെട്ടതിന് ശേഷം ആറോ അതിലധികമോ മാസത്തേക്ക് രോഗികൾ മരുന്ന് കഴിക്കുന്നത് തുടരണമെന്ന് മാനസികരോഗ വിദഗ്ധർ സാധാരണയായി ശുപാർശ ചെയ്യുന്നു. അപകടസാധ്യതയുള്ള ചില ആളുകൾക്ക് ഉദാഹരണത്തിന്, മുൻകാലങ്ങളിൽ വിഷാദരോഗത്തിന്റെ ഒന്നിലധികം എപ്പിസോഡുകൾ അനുഭവിച്ചവർ, അല്ലെങ്കിൽ വിഷാദരോഗത്തിന്റെ ശക്തമായ കുടുംബ ചരിത്രമുള്ളവർ ഭാവിയിലെ എപ്പിസോഡുകളുടെ അപകടസാധ്യത കുറയ്ക്കുന്നതിന് ദീർഘകാല മെയിന്റനൻസ് ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നേക്കാം.

(തുടരും.......)

# പ്രണയം

കല്പകം സോമരാജൻ (ഫോൺ: 9895453072)

പ്രണയം പ്രണയമതെന്നും മനസ്സിന്റെ
മൃദുല ഭാവത്തിൻ ലയനം
സുന്ദര മോഹന സന്തോഷ സമ്മിശ്ര-
അനുപമ സ്വപ്ന സങ്കേതം.

മായതൻ മഴവില്ലു മനസ്സിൽ വിരിയുവാൻ
കാലം ചമച്ചൊരാ രാഗം
എവിടെയും പ്രണയം തുളുമ്പിനിന്നീടുന്നു
നശ്വര മല്ലനുരാഗം.

ആദ്യ പ്രണയ മതേതെന്നു ചിന്തിച്ചു
മനനം നടത്തവേ കണ്ടു ഞാൻ
കൈകാൽ കുടഞ്ഞു കളിക്കും മനസ്സിന്റെ
ചുണ്ടിലന്നമൃതമായ് പ്രണയം.

ഈർഷ്യയോടുച്ചത്തിലലറിക്കരയവെ
ഓമൽക്കരം തന്നിലേന്തി
അതിലോലമന്നെന്റെ കാതിലോതി-
ത്തന്ന മധുര സംഗീതം പ്രണയം.

ആ നിഴലെങ്ങോട്ടനങ്ങിയാലും ഞാന-
റിയുമതിനായ് കൊതിക്കും.
മനസ്സിലൊരിത്തിരി വെട്ടം തിളങ്ങവെ
പലനാളുകണ്ടൊരാ ദിവ്യ രൂപം.

ഗന്ധമായ് ദിവ്യമാം സ്പർശനലാളനാ-
സൗഖ്യമായരികത്തണയും
ആ മാറിലലിയവെ ഞാനറിഞ്ഞ-
ന്നാദ്യപ്രണയം തുളുമ്പുന്ന ഹർഷം.

ചുണ്ടു വിടർത്തിക്കരയവെ അമ്മയെ-
ന്നക്ഷരം നാവിൽ തിരിഞ്ഞു.
അമ്മയാണെൻ പ്രണയ സങ്കല്പ-
മെന്നതിലോലമായെൻ മനം തുള്ളി.

തട്ടിപ്പിടഞ്ഞു ഞാൻ വീഴവെയൊരുവിരൽ
നീണ്ടെന്റെ മുന്നിലായെത്തി-
ആരെന്നറിയിലൊരാത്താണിയായെന്റെ
മേനിയാതേറ്റു ലാളിക്കെ.

എന്നമ്മ ചൊല്ലി നിന്നച്ഛനാണോമലേ
തുണയായിടും നിനക്കെന്നും.
സ്നിഗ്ദ്ധമായെന്നെ തലോടി കരങ്ങളാൽ
പ്രണയ വായ്പ്പോടെയെന്നച്ഛൻ.

തറയിലെ പൂഴിയിൽ ഹരിയെന്നൊരക്ഷരം
നന്നായമർത്തി കുറിക്കെ
ഗുരുനാഥനായെന്റെ മുന്നിൽ തിളങ്ങിയാ-
പ്രണയാദ്ര ലോല മുഖാബ്ജം.

പുസ്തകം മാറോടടുക്കി വിദ്യാലയ
പടികേറിയെത്തുന്ന നേരം
വരിക വരികയെന്നോതും ഗുരുനാഥ-
ഹൃദയത്തിലതുലമാം സ്നേഹം.

അജ്ഞരാംനമ്മളെ അക്ഷരലോകത്തി-
നക്കരെയെത്തിക്കുവാനായ്
വിശ്രമമില്ലാതെ യാതനിക്കുമവരുടെ
ത്യാഗമതെത്രയോ ധന്യം.

കാലം കടക്കവെ കൺമുനക്കോണിലെ
പ്രണയ മറിയുന്ന നിമിഷം
അതുലമാമേതോ വികാരം മനസ്സതിൽ
മൊട്ടിട്ടു നിന്നൊരാക്കാലം.

കവിതകൾ മുന്നിലൂടൊഴുകി നീങ്ങീടുന്നു
മധുര മധുര മനോജ്ഞം.
എത്തിപ്പിടിക്കണോ എന്നോർത്തുകയ്യുകൾ
കൂട്ടിപ്പിണച്ചന്നു നിന്നു.

എങ്കിലോ ലോല മനോജ്ഞമാം ചിറകേറി
എൻ മനം തുള്ളിതുടിക്കെ.
പ്രണയ മധുര മരീചികയാമൊരു
തണലത്തണയാൻ കൊതിച്ചു.

പ്രണയത്തിന്നനുഭവ വീചികളാലൊരു
മഴവില്ലു മാനത്തു വന്നു.
ഏഴു നിറങ്ങളാലനവദ്യ സുന്ദര-
പ്രാണ പ്രതിഷ്ഠ പോൽ നിന്നു.

ആ ദിവ്യ ഭാവമുൾകൊണ്ടു മിഴിവുറ്റ
കാതര മോഹന രാഗം
പ്രണയം പ്രണയമതെന്നും മനസ്സിന്റെ
മൃദുല ഭാവത്തിൻ ലയനം.

*****

# ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്... (2)

**സി. രാമചന്ദ്രൻ – 9995820684**

## വാനരൻ നരനായ കഥ.

കഴിഞ്ഞ അദ്ധ്യായത്തിൽ നാം പ്രധാനമായും കണ്ടത് ദശലക്ഷവർഷങ്ങൾക്കു മുൻപ് മനുഷ്യകുലം പടിപടിയായി പുരോഗമിച്ചു പരിണമിച്ചത് എങ്ങനെയാണ് എന്നായിരുന്നു. അൻപതുലക്ഷം വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന കുരങ്ങു യുഗത്തിലെ പ്രധാനികൾ ഗിബ്ബൺ, ഉറാങ്ങുട്ടാൻ, ഗൊറില്ല , ചിമ്പാൻസി തുടങ്ങിയവയായിരുന്നു. കുരങ്ങു കുലങ്ങളേക്കാൾ ഉയർന്ന, ഹോമിനിഡുകൾ എന്ന ആദിമമനുഷ്യന്റെയും ആൾകുരങ്ങിന്റേയും പൊതു പൂർവ്വികൻ ഹോമിനോയ്ഡ് എന്നറിയപ്പെടുന്നു. നാം കഴിഞ്ഞ അദ്ധ്യായത്തിൽ മനുഷ്യന്റെ ജൈവക്രമം പ്രൈമേറ്റുകൾ എന്ന വിഭാഗത്തിൽപ്പെടുന്നതായി പട്ടികപ്പെടുത്തിയിരുന്നുവല്ലോ. ആ വിഭാഗത്തിൽ മനുഷ്യനെ കൂടാതെ കുരങ്ങുകളും ആൾകുരങ്ങുകളുടെ വിവിധ വിഭാഗങ്ങളും പെടും. അള്ളിപ്പിടിക്കാവുന്ന വിരലുകളുള്ള കൈകളും പരന്ന നഖങ്ങളും ചെറിയ മുക്കുകളും ത്രിമാന വീക്ഷണത്തിനുതകുന്നതും വർണ്ണങ്ങൾ തിരിച്ചറിയുന്നതുമായ രണ്ടു കണ്ണുകളും അവയുടെ പൊതു പ്രത്യേകതകളായിരുന്നു.

പ്രൈമേറ്റുകളിൽ പരിഷ്കൃതമായി പരിണമിച്ച ഉയർന്ന വിഭാഗമാണ് 'ആന്ത്രോപൊയ്ഡിയനുകൾ' മനുഷ്യസദൃശ്യൻ എന്നാണർത്ഥം. 360 ലക്ഷം വർഷങ്ങൾക്കുമുമ്പുതന്നെ അതിന്റെ ആദിമപരിണാമം ആരംഭിച്ചു കഴിഞ്ഞിരുന്നു. അതിൽ നിന്നുതുടർന്ന് പരിണമിക്കപ്പെട്ടവയാണ് ഹോമിനോയിഡുകൾ – ആൾക്കുരങ്ങും മനുഷ്യനുമുൾപ്പെട്ട വർഗ്ഗം 240 ലക്ഷം വർഷങ്ങൾക്കുമുൻമ്പ് അത് പ്രത്യക്ഷപ്പെട്ടു തുടങ്ങി. മോന്തയ്ക്കു നീളം കുറവായതിനനുസരിച്ചു നേർക്കാഴ്ച്ച നൽകും വിധം കണ്ണുകൾ ക്രമീകരിക്കപ്പെട്ടു. തലച്ചോറ് വലുതാവുകയും ഉപരിതലത്തിൽ വെടിപ്പുകൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. മുൻകാലുകൾ കൈകളായി പരുവപ്പെടുവാൻ തുടങ്ങുകയും ഭക്ഷണം കഴിക്കാൻ ഉപയോഗപ്രദമാവുകയും ചെയ്തു. ആൾക്കുരങ്ങുകളുടെയും മനുഷ്യന്റെയും പൊതു പൂർവികനായ ഡ്രെക്കൈപിത്തെക്കസ് എന്ന കുരങ്ങു വർഗ്ഗം 140 ലക്ഷം വർഷങ്ങൾക്കു മുൻപ് അന്യം നിന്നുപോയി. നാടൻ കുരങ്ങിന്റെ വലുപ്പമേ അതിനുണ്ടായിരുന്നുള്ളു. വാലില്ലായിരുന്നുതാനും. ഒരുപക്ഷെ ചിമ്പാൻസിക്കും മനുഷ്യനുമിടയിലുണ്ടായിരുന്ന പൊതുപൂർവ്വികൻ ഇവനായിരുന്നിരിക്കണം. ഇന്ത്യയിലെ ശിവാലി കുന്നുകളിൽ നിന്നു കുഴിച്ചെടുത്തതും സുഗ്രിവ, ശിവ എന്നു നാമകരണം ചെയ്യപ്പെട്ടവയുമായ കുരങ്ങു ഫോസിലുകൾ ഡ്രെക്കൈപിന്നെക്കസ്സിന്റെ ജനുസ്സിൽപ്പെടുന്നു എന്ന് കരുതുന്നു.

ആൾകുരങ്ങുകളുടെ ജനുസ്സിൽ അക്കാലത്തുണ്ടായിരുന്നതായി കരുതുന്നത് ഗിബ്ബൺ, സിയമാങ്ങ്, ഒറാങ്ങുട്ടാൻ, ഗോറില്ല, ചിമ്പാൻസി എന്നിവയായിരുന്നു. ആൾകുരങ്ങുകളുടെ തലച്ചോറ് കുരങ്ങുകളുടേതിനേക്കാൾ വികസിച്ചതും വിള്ളലുകളും വരമ്പുകളുള്ളതുമായിരുന്നു. ചെറിയ തോതിൽ ഓർമ്മ നിലനിറുത്താനായി എന്നാണിതിൽനിന്നാനുമാനിക്കുന്നത്. ചിമ്പാൻസിക്ക് മുപ്പതുതരം ഒച്ചകളുണ്ടാക്കുവാൻ കഴിയും. വികാരം മുഖത്തു പ്രകടമാകും. ചിമ്പാൻസിയും ഗോറില്ലയും മരത്തിലല്ല നിലത്താണ് കൂടുതൽ സമയം ചിലവഴിച്ചിരുന്നത്. ഒറാങ്ങുട്ടാൻ മരക്കൊമ്പുകളിലൂടെയാണ് യാത്ര ചെയ്തിരുന്നത്. ഗിബ്ബണുകൾ മരക്കൊമ്പുകളിലൂടെയും, നിലത്തിറങ്ങുമ്പോൾ ഇരുകാലുകളിൽ നടക്കുകയും ചെയ്യുമായിരുന്നു. ഏക ഭാര്യാസ്വഭാവവും ഒരു പ്രത്യേകതയായിരുന്നു. കുടുംബമായി അവർ ജീവിച്ചു. ചിമ്പാൻസിയും ഗോറില്ലയും ഇടക്കിടെ കൈകുത്തി പകുതി നിവർന്നു നടന്നു. ശക്തനായ ഒരാണിന്റെ

നേതൃത്വത്തിൽ കൂട്ടമായി കഴിഞ്ഞിരുന്നു. മനുഷ്യന്റെയും ചിമ്പാൻസിയുടെയും DNA -ക്ക് 99 ശതമാനം സാമ്യമുണ്ട് – ഒരു ശതമാനമേ വ്യത്യാസമുള്ളൂ.

ആന്ത്രോപൊയ്ഡീനുകളുടെ (മനുഷ്യ സദൃശൻ) ഉപവിഭാഗമാണ് ഹോമിനോയ്ഡുകൾ. ഹോമിനോയ്ഡുകളിൽ നിന്നാണ് ഹോമിനിഡുകൾ രൂപം കൊള്ളുന്നത്. അവയ്ക്കു നിവർന്നു നിൽക്കാനും രണ്ടു കാലിൽ നടക്കാനും കഴിഞ്ഞു. വലിയ തലച്ചോറും കൂടുതൽ വിരുതുള്ള വിരലുകളും കൈകളും രൂപപ്പെട്ടിരുന്നു. അതേ സമയം ജീവിതം മരക്കൊമ്പുകളിലുമായിരുന്നു. ഹോമിനിഡുകൾ മരക്കൊമ്പുകളിൽ നിന്ന് നിലത്തിറങ്ങി ഗുഹാവാസം തുടങ്ങിയതോടെ ഹോമിനിഡ എന്ന മനുഷ്യകുലമായി മാറി. അഥവാ കുടുംബമായി മാറി. മരത്തിൽ നിന്ന് നിരത്തിലേക്കുള്ള മാറ്റം പരിണാമപരമായ ഒരു വലിയ വഴിത്തിരിവിനിടയാക്കി. ഹോമിനിഡുകളുടെ ഉത്ഭവം ആഫ്രിക്കയിലാണെന്നു കരുതുവാനുള്ള തെളുവുകളുണ്ട്.

ആൾക്കുരങ്ങുകളിൽ നിന്ന് അവൻ ബഹുദൂരം അകന്നു. മുൻകാലുകൾ കൈകളായി. നിവർന്നു നിന്നു. കൈകളുടെ ഭാരം കുറഞ്ഞു. പിൻകാലുകളുടെ നീളം കൂടി. നെഞ്ചിന്റെ ഭാരം കുറഞ്ഞു. നട്ടെല്ലിന്റെയും ഇടുപ്പെല്ലിന്റെയും ഘടന മാറി. നിവർന്നു നിൽക്കുമ്പോഴും നടക്കുമ്പോഴും വീഴാതെ ബാലൻസുചെയ്യത്തക്കവണ്ണം നട്ടെല്ലു വളഞ്ഞു. ഗുരുത്വകേന്ദ്രം തുലിതമായി നിൽക്കുന്നതും തല നട്ടെല്ലിനു മുകളിൽ തുലനം ചെയ്യാനാകുന്നതും അതുകൊണ്ടുതന്നെയാണ്. ചുണ്ടുവിരലിന്റെ ചലനക്ഷമത വർദ്ധിച്ചു. തള്ളവിരലുകൾ പിടുത്തത്തിനുപയുക്തമായി. പല്ല്, താടിയെല്ല് , അതുമായിബന്ധപ്പെട്ട മാംസപേശികൾ എന്നിവയിലും അനുകൂലമായ മാറ്റങ്ങൾ വന്നു. ഉന്തിയ മോന്ത ഒതുങ്ങി. ദന്തനിര പിറകോട്ടുനീങ്ങി താടിയുടെ ഇടുങ്ങിയ പാർശ്വങ്ങളിൽ സമാന്തരമായി നിരന്നു. പഴങ്ങളും, കിഴങ്ങുകളും കഴിച്ചിരുന്ന ആൾക്കുരങ്ങിൽനിന്ന് മാംസഭക്ഷണത്തിലേയ്ക്ക് തിരിയുവാൻ മനുഷ്യനെ അതു സഹായിച്ചു. നാവിനു സ്വതന്ത്രചലനം സാധ്യമാകത്തക്കവണ്ണം കീഴ്ത്താടിയെലെ എല്ലിന്റെ ഘടനയിൽ മാറ്റമുണ്ടായി. ഇത് പലതരം ഒച്ചകളുണ്ടാക്കുവാൻ മാത്രം കഴിയുമായിരുന്ന മനുഷ്യന് ശബ്ദ ക്രമീകരണം സാധ്യമാക്കും വിധം വായ്, തൊണ്ട, ചുണ്ട്, നാക്ക്, കൊരവള്ളി എന്നിവ വഴങ്ങുന്നവയായി. ശബ്ദ വ്യതിയാനകൾക്കനുസരിച്ച്, ശബ്ദം പ്രതീകമാക്കി അർത്ഥമുണ്ടാകാൻ കഴിയും വിധം മസ്തിഷ്കവും കുശലമായി. ഭാഷയുടെ ഉല്പത്തിക്കുകാരണമാണിത്. മസ്തിഷ്കത്തെ കർമ്മ കുശലമാക്കിയ ഒരു വിപ്ലവം തന്നെ ആയിരുന്നു ഇത്. ശബ്ദവിന്യാസം സംഗീതമാക്കിമാറ്റാനുള്ള കൗശലവും അവിടെ ആരംഭിക്കുന്നു .

സമാന്തരമായിട്ടുണ്ടായ മറ്റൊരു കാര്യമാണ് തീയുടെ നിയന്ത്രിത ഉപയോഗം ഭക്ഷണത്തിലും ദഹനത്തിലുമുണ്ടാക്കിയ മാറ്റം. ദൂരവ്യാപകമായ ഫലമാണിതുകൊണ്ടുണ്ടായത്. ഹോമോഇറകടസ് എന്ന മനുഷ്യന് നിവർന്നു നടക്കാനായ കാലം മുതൽ തന്നെ തീയുടെ ഉപയോഗം ക്രമേണ മനസ്സിലാക്കുകയും പഠിക്കുകയും പ്രയോഗിക്കാൻ ശ്രമിക്കുകയും ചെയ്തുവന്നിരുന്നു. മറ്റേതൊരു ജന്തുവിന്റെ ജീവിതത്തിലും തീ ഒരു ഘടകമല്ല എന്ന് ഒന്ന് ഓർത്തു വെയ്ക്കുക. വേട്ടയാടുവാൻ പന്തങ്ങളും പാചകത്തിന് അടുപ്പുകളും സജ്ജമായി. മാംസം ചുട്ടുതിന്നാനും പിന്നീട് പുഴുങ്ങിത്തിന്നുവാനും തുടങ്ങിയത് ആഹാര സംസ്കാരത്തിൽ മാത്രമല്ല ശരീരപരിണാമത്തിലും പ്രതിഫലിച്ചു. വേവിച്ച ഭക്ഷണം ദഹന പ്രക്രിയയെ സുഗമമാകാൻ സഹായിച്ചു. കുടലിന് മുൻപുള്ളയത്ര നീളം ആവശ്യമില്ലാതെവന്നതിനനുസരിച്ച് അതു പരുവപ്പെട്ടു. കണ്ടപക്രാദികൾ തിന്നിരുന്ന കാലത്ത് കുടലിന് ആവശ്യമായിരുന്ന അപ്പൻറ്റിക്സ്, ഇന്ന് ആവശ്യമില്ല എന്നുവന്നപ്പോഴും പരിണാമവഴിയിലെ പിശക് എന്ന നിലയിൽ ഒരു ശല്യമായി മനുഷ്യനിൽ തുടരുകയാണത്. ഭക്ഷണം പച്ചയായി കഴിച്ചിരുന്നകാലത്ത് ദഹനത്തിന് ആവശ്യമായിവന്നിരുന്ന ഊർജ്ജം പിന്നീട് വേണ്ടതില്ല എന്നായി. അന്നുവരെ അതിനായി ഉപയോഗിച്ചിരുന്ന ഊ

ഹോമോഹാബിലിസും, ഹോമോഇറക്റ്റസും ഒച്ചയിലൂടെ സംവേദിക്കുമായിരുന്നു. എന്നാൽ ഹോമോസാപിയൻസിന്റെ കൊരവള്ളി, ഒച്ച ശബ്ദമായി ക്രമീകരിക്കുവാനായി സജ്ജമായതോടെയാണ് ഭാഷ വികസിച്ചതും സംഗീതം സാധ്യമായതും. അറിവുകൾ മരണത്തോടെ മറയുകയില്ല. ഭാഷയിലൂടെ തലമുറകൾ അത് ഏറ്റെടുക്കുന്നു. കേൾക്കുന്ന ശബ്ദങ്ങൾ ചിത്രങ്ങളാകും എന്നതുമാത്രമല്ല ആകാരമില്ലാത്ത അമൂർത്ത ആശയങ്ങൾക്കു പോലും വാക്കുകളുണ്ടായി-ആഖ്യാതം. കേട്ടശബ്ദങ്ങൾക്കു വരകൾ പ്രതീകങ്ങളായി മാറുന്ന എഴുത്തു വിദ്യവരുവാൻ ഇനിയും പതിനായിരക്കണക്കിനുവർഷങ്ങൾ കാത്തിരിക്കണം.

ചിന്തയിൽ വിപ്ലവങ്ങളുണ്ടാക്കിയ മുന്ന് ഘട്ടങ്ങളിലൂടെയാണ് ഇതുവരെ നാം കടന്നുവന്നത്. ഒന്ന്, നിവർന്നുനിൽക്കാനായതോടെ കൈകൾ സ്വതന്ത്രമായതും പ്രവർത്തനനിരതമായതുമാണ് നിരന്തരം ചിന്തിക്കുവാനിടയാക്കിയത്. രണ്ട്, തീയുടെ ഉപയോഗം ദഹനപക്രിയ സുഗമമാക്കിയതും മസ്തിഷ്കത്തിന് കൂടുതൽ ഊർജ്ജം ലഭിക്കാനിടയായതും മുന്ന്, കൊരവള്ളിയുടെ പരിണാമപരമായ വ്യതിയാനത്തിലൂടെ ശബ്ദവിന്യാസം സാധ്യമായതും അർത്ഥകല്പനകൾ നൽകിയതും. അടുത്ത ബൗദ്ധിക വിപ്ലവം നടക്കുന്നത് നീണ്ട ഇടവേളയ്ക്കുശേഷമാണ്. അതിലേയ്ക്കു കടക്കും മുൻപ് എങ്ങനെയാണ് നാം ചരിത്രാതിതകാലത്തെ പുനരാവിഷ്കരിച്ചെടുക്കുന്നത് എന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്.

ർജ്ജത്തിൽ കുറച്ചു മിച്ചമായി. ഈ മിച്ച ഊർജ്ജം ഉപയോഗപ്പെടുത്തിയത് മസ്തിഷ്കമാണ്. മസ്തിഷ്കത്തിന്റെ വലുപ്പം വർദ്ധിക്കത്തക്കവണ്ണം മോന്തയുടെ ഘടനയിലും കപാലത്തിന്റെ വ്യാപ്തിയിലും വ്യത്യാസം വരുകയും മസ്തിഷ്കത്തിന്റെ വലിപ്പത്തിനനുസരിച്ച് കൂടുതൽ ഊർജ്ജം ലഭിക്കുവാനിടവരുകയും ചെയ്തു. ചുരുക്കത്തിൽ പറഞ്ഞാൽ ചവ സുഗമമായതും തലയോട്ടിയുടെ വ്യാപ്തം കൂടിയതും ദഹന ശക്തിയേറിയതും മസ്തിഷ്കത്തിന് വലുപ്പം കൂടാനും കൂടുതൽ ഊർജ്ജം ലഭിക്കുവാനും അതിലൂടെ ബൗദ്ധിക പ്രാപ്തിയേറുന്നതിനും കാരണമായി. മനുഷ്യൻ വെറും ചിന്തകനായ ഹോമോസാപിയനിൽ നിന്ന്, ആവർത്തിച്ചു ചിന്തിക്കുന്ന ഹോമോസാപിയൻസായ പരിണാമവഴിയാണിത്.

ഇതിനു മുൻപുണ്ടായിരുന്ന നിയാണ്ടർതാൽ മനുഷ്യന് നിലനിൽക്കാനാവാത്തത് ഭാഷയിലൂടെ മുന്നേറാനാവാഞ്ഞതു മൂലമാണ്. മസ്തിഷ്കത്തിലെ ന്യൂറോണുകളിൽ മിറർ ന്യൂ റോൺ എന്ന ഒന്നുണ്ട്. എല്ലാ പ്രൈമേറ്റുകൾക്കും അതുണ്ട്. കാണുന്നത് മസ്തിഷ്കത്തിൽ പ്രതിഫലിക്കുന്നത് അതിന്റെ സഹായത്താലാണ്. അനുകരിക്കാനാവുന്നത് അതുകൊണ്ടാണ്. കുരങ്ങുകൾക്കും ഈ കഴിവ് കാണാവുന്നതാണ്. പക്ഷെ മനുഷ്യൻ ശബ്ദം ക്രമീകരിച്ചുണ്ടാക്കുന്ന അർത്ഥം ഭാഷയായി മാറുന്നതോടെ മനുഷ്യനിലെ മിറർ (ദർപ്പണ) ന്യൂറോണുകൾക്കും കൗശലമേറി.

(തുടരും....)

## ഗാന്ധി സൂക്തം

നല്ല രീതി എന്നത് യൂക്ലിഡിന്റെ നേർവര പോലെയുള്ള ഒന്നല്ല. അത് ലക്ഷം ലക്ഷം ഇലകളെല്ലാം ഒരേപോലെ ഇരിക്കുന്ന മനോഹരമായ ഒരു വൃക്ഷമാണ് . അതുകൊണ്ട് അവയെല്ലാം ഒരേ വൃക്ഷത്തിന്റെ ഒരേ വിത്തിൽ നിന്നും ഉണ്ടായതാണെങ്കിലും അവയ്ക്ക് ഒരു ക്ഷേത്ര ഗണിത രൂപത്തിന്റെ ഐകരൂപ്യമില്ല. എങ്കിലും വിത്തും ശിഖരവും ഇലകളും ഒന്നാണെന്ന് നമുക്കറിയാം. ഭംഗിയുടേയും ഗാംഭീര്യത്തിന്റേയും കാര്യത്തിൽ ഒരു ക്ഷേത്രഗണിത രൂപത്തിനും നിറയെ പുഷ്പിച്ച ഒരു വൃക്ഷത്തിന് ഒപ്പം നിൽക്കാനാവില്ലെന്ന കാര്യവും നമുക്കറിയാം.

**- യംഗ് ഇൻഡ്യ, 14 - 8 - 1924, പുറം 267**

## ജീവിതാനുഭവങ്ങൾ

# ചതുരംഗ വീഥി

## ലോകമേ തറവാട്

ഹരിഹരനന്ദനൻ : 99625 83139

ബോംബയിൽമൂന്നുവർഷത്തോളം പത്രപ്രവർത്തനം നടത്തിയ ശേഷം മാതാപിതാക്കളുടെ ഇച്ഛ പ്രകാരം ഞാൻ കേരളത്തിലേക്ക് തിരിച്ചു വരാനുള്ള ശ്രമം തുടങ്ങി. സബ് എഡിറ്റർ തസ്തികയിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള ഒരു ഇന്ത്യൻ എക്സ്പ്രസ്സ് പരസ്യം കണ്ടു അപേക്ഷ കൊടുത്തതിന്റെ പരിണിത ഫലമായുണ്ടായ കൊച്ചിയിലെ ഇന്റർവ്യൂവിൽ പങ്കെടുത്തതിനു ശേഷം നിയമനം ലഭിച്ചപ്പോൾ അന്നത്തെ എന്റെ സ്പോർട്സ് എഡിറ്റർ സാരഥി ഇങ്ങനെ പറഞ്ഞു. 'നിങ്ങൾ ഒരു ഗ്രാമത്തിലേക്കാണ് പോവുന്നത് അതായത് സ്പോർട്സ് ജേർണലിസത്തിൽ കേരളം വളരെയധികം പിറകിലാണ്. പക്ഷെ നിങ്ങൾ അച്ഛനമ്മമാരുടെ ആവശ്യപ്രകാരമാണ് പോവുന്നത് എന്നതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. പക്ഷെ അവിടെ ജില്ലാ സംസ്ഥാന കായികമേളകളൊക്കെ റിപ്പോർട്ട് ചെയ്യുമ്പോൾ നിങ്ങൾ ഞാൻ പറയുന്നത് ഓർക്കും.

കൊച്ചിയിൽ എറണാകുളത്തു ഫോർട്ട് കൊച്ചിയിൽ ആസ്പിൻവാൾ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ എക്സ്പ്രസ്സ് ജീവിതം സുഖകരവും അല്ലലില്ലാത്തതും ആയിരുന്നെങ്കിലും സാരഥിയുടെ വാക്കുകൾ പലപ്പോഴും കാതുകളിൽ മുഴങ്ങാറുണ്ടായിരുന്നു. ആയിടക്കാണ് ആനന്ദ് ആദ്യത്തെ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആയതും ആ വർഷത്തെ ദേശീയ ചാംപ്യൻഷിപ് നെയ്‌വേലിയിൽ നടന്നതും. അന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സ് സ്പോർട്സ് എഡിറ്റർ രാജൻ ബാല ചെന്നൈയിൽ നിന്ന് എനിക്കൊരു സന്ദേശം തന്നു. 'നിങ്ങൾ ബോംബയിൽ ചെസ്സ് കവർ ചെയ്തിരുന്നതായി ഞാൻ അറിയുന്നു. ഈ നെയ്‌വേലി നാഷണൽ എക്സ്പ്രസ്സിനു വേണ്ടി നിങ്ങൾ കവർ ചെയ്യണം. നെയ്‌വേലിയിൽ എൻ എൽ സി അല്ലാതെ മറ്റൊന്നും ഇല്ലാത്തതു കൊണ്ട് ഞാൻ നിങ്ങൾക്ക് വേണ്ടി അവരുടെ ഗസ്റ്റ് ഹൗസിൽ താമസം ഏർപ്പാട് ചെയ്തിട്ടുണ്ട്.' അങ്ങിനെ മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ ആയി എന്ന് പറഞ്ഞത് പോലെ ഞാൻ വീണ്ടും ചെസ്സിൽ പയറ്റാൻ തുടങ്ങി.

എൻ എൽ സി അല്ലാതെ മറ്റൊന്നും ഇല്ല എന്നത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു. 25 ദിവസത്തെ ടൂർണമെന്റ് ആയിരുന്നു അത്. റിപ്പോർട്ടുകൾ അയക്കാൻ എൻ എൽ സിയുടെ തന്നെ ഓഫീസിൽ സൗകര്യവും ഉണ്ടായിരുന്നത് കൊണ്ട് പുറത്തു പോകേണ്ടിയെ വന്നില്ല. ആ ഇരുപത്തിയഞ്ചു ദിവസത്തിൽ ചെസ്സ് മാത്രമായിരുന്നു ശ്വസിച്ചതും. വളരെയേറെ ലേഖനങ്ങൾ ആ സമയത്ത് എഴുതി അതിലേറെ കാര്യങ്ങൾ മനസ്സിലാക്കാനും കഴിഞ്ഞു. മറ്റു പത്രങ്ങൾ കവർ ചെയ്തിരുന്നില്ല എന്നത് കൊണ്ട് മാത്രം എഴുതുന്നതെന്തും എക്സ്ക്ലൂസിവ് ആയിരുന്നു. ആനന്ദിന്റെ അവസാനത്തെ ഇന്ത്യൻ നാഷണലും ആയിരുന്നു അത്. പിന്നെ അദ്ദേഹം ഒരു ലോക താരമായി മാറിയതിനാൽ ദേശീയ ചാമ്പ്യൻഷിപ്പിൽ കളിക്കുന്നതിൽ നിന്നും ഇളവ് കൊടുത്തു.

അങ്ങിനെയിരിക്കെ 1990ൽ ആനന്ദ് ലോക ചാമ്പ്യൻഷിപ്പിൽ കളിക്കാൻ അർഹത നേടി. ഞാൻ ലേഖനങ്ങൾ എഴുതിക്കൊണ്ടേയിരുന്നു. ആയിടെ 1990ൽ പൂജ ക്രിക്കറ്റ് കവർ ചെയ്യാൻ തൃപ്പൂണിത്തുറയിൽ പോയിരുന്ന ഒരു ദിവസം യാദൃശ്ചികമായി ഉപേന്ദ്ര വർമ്മ എന്ന കേരള കൗമുദിയുടെ തിരുവനന്തപുരം ലേഖകനെ പരിചയപ്പെട്ടു. എന്റെ ചെസ്സ് ലേഖനങ്ങൾ മിക്കതും വായിച്ചിട്ടുണ്ടെന്നും ആനന്ദിനെ വളരെ കാര്യമായി കവർ ചെയ്യണമെന്നും പറഞ്ഞു. അങ്ങിനെ സംസാരിക്കുന്നതിനിടയിൽ വരാനിരിക്കുന്ന ഒളിംപിയാഡിനെക്കുറിച്ചും പരാമർശം വന്നു. ആനന്ദ് കളിക്കുന്നത്കൊണ്ട് ഇന്ത്യക്കു

നല്ല സാധ്യതകളുണ്ടെന്നും അദ്ദേഹം പറഞ്ഞു. താങ്കൾ എന്തുകൊണ്ട് ആ ടൂർണമെന്റ് കവർ ചെയ്തു കൂടാ എന്നും ചോദിച്ചു. എക്സ്പ്രസ്സ് ഇന്ത്യക്കു പുറത്തു അയക്കുന്ന കാര്യം സംശയ സ്ഥിതിയിലാണെന്നും ഞാൻ പറഞ്ഞു. ആരെങ്കിലും സ്പോൺസർ ചെയ്യാനുണ്ടെങ്കിൽ ഓഫീസ് സമ്മതിക്കുമോ എന്ന് വർമ്മ ആരാഞ്ഞു. ചെസ്സ് പോലെയുള്ള ഒരു കളിയെ ആര് സ്പോൺസർ ചെയ്യാൻ, ഞാൻ അത്ഭുതപ്പെട്ടു. ഞാൻ ഒരാളോട് പറയാം എന്ന് വർമ്മ. തന്റെ ഉറ്റ ബന്ധു ചോയ്സിലെ ജനറൽ മാനേജർ ആണെന്നും അവരുടെ ഗ്രൂപ്പ് ഒരു അഡ്വെർടൈസ്മെന്റ് അടിസ്ഥാനത്തിൽ ചിലപ്പോൾ ഇതിനു തയ്യാറാവുമെന്നും വർമ പ്രത്യാശിച്ചു. ആദ്യം എന്റെ ഓഫീസിൽ നിന്ന് ഇതിനു സമ്മതം വാങ്ങേണ്ടിയിരുന്നു. കൊച്ചി എഡിറ്റർ എം കെ ദാസ് ഉടനെ തന്നെ ഞങ്ങളുടെ ഡൽഹിയിൽ ആയിടെ നാഷണൽ സ്പോർട്സ് എഡിറ്റർ ആയി ചാർജ് എടുത്ത രാമു ശർമ്മയെ വിളിച്ചു ഇക്കാര്യം സൂചിപ്പിച്ചു. ഇതിനിടെ ഞാൻ ചോയ്സ് ഗ്രൂപ്പിൽപ്പോയി യുഗോസ്ലാവിയയിലെ നോവിസാദിൽ നടക്കാനിരിക്കുന്ന ടൂർണമെന്റിന്റെ വിശദ വിവരങ്ങളും കൊടുത്തു. ശർമ്മക്കും ഈ പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതി വളരെ ഇഷ്ടപ്പെട്ടു. ഫെഡറേഷന്റെ സഹായം തേടാനും പദ്ധതി വിജയിപ്പിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു.

അന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സ് വിഭജിക്കാത്ത ഒരു സ്ഥാപനമായിരുന്നു. അതായത് ഗോയങ്കയുടെ സാമ്രാജ്യം. അത് കൊണ്ട് തന്നെ ഡൽഹിയിലും ബോംബെയിലും ആയിരുന്നു എഡിറ്റോറിയൽ, പരസ്യ വിഭാഗങ്ങളുടെ കേന്ദ്രം. കേരളത്തിൽ മാത്രമുള്ള ഒരു ചെറിയ ഐലൻഡ് പരസ്യം ആ 25 ദിവസം കൊടുത്താൽ തന്നെ എന്റെ നോവിസാദ് ഉദ്യമം വിജയിക്കുമെന്നതു പരസ്യ വിഭാഗം കണക്കു കൂട്ടി. അത് കൊണ്ട് തന്നെ അങ്ങിനെ ഒരു വ്യവസ്ഥക്ക് പത്രവും ചോയ്സും സമ്മതിച്ചു. അത് ഇന്ത്യയിൽനിന്ന് ആദ്യമായി ചെസ്സ് കവർ ചെയ്യാൻ വിദേശത്തേക്ക് പോവുന്ന ഒരു പത്രത്തിന്റെ പദ്ധതിയായതു കൊണ്ട് ഇന്ത്യൻ ചെസ്സ് ഫെഡറേഷനുംവേണ്ടത്ര പ്രോത്സാഹനം തന്നു. ഫെഡറേഷൻ തന്നെ നേരിട്ട് അക്രെഡിറ്റേഷൻ ജോലി ഏറ്റെടുക്കുകയും ചെയ്തു. വളരെ സാങ്കേതികതകൾ ഉള്ള ഒരു കളിയായത് കൊണ്ട് സാധാരണ എക്സ്പ്രസ്സ് ഹിന്ദു പത്രങ്ങൾ മാനുവൽ ആരോൺ, രാജ രവിശേഖർ, ശേഖർ സാഹു തുടങ്ങിയ മുതിർന്ന കളിക്കാരെ (അവർ ആ ഒളിംപിയാഡിൽ ഉണ്ടെങ്കിൽ) ഏൽപ്പിക്കുകയായായിരുന്നു പതിവ്. അതിനു വിപരീതമായി സ്വന്തം റിപ്പോർട്ടറെത്തന്നെ ഇതേൽപ്പിച്ചതുകൊണ്ടു മറ്റു പത്രങ്ങളും കളിക്കാരും വളരെ പ്രതീക്ഷയോടെ ഇത് നോക്കിക്കണ്ടു.

പക്ഷെ അത് കൊണ്ടൊന്നും എന്റെ പ്രശ്നങ്ങൾ തീർന്നില്ല. ഒരു പക്ഷെ അക്കാലത്തെ കടുത്ത നിയന്ത്രണങ്ങളും പിന്നെ ഇത്തരം കെട്ടുപാടുകളിൽ അധിഷ്ഠിതമായ കവറേജ് രീതികളും അന്ന് നിലനിൽക്കാത്തതു കൊണ്ടുമാവണം ടൂർണമെന്റിന് മുൻപുള്ള ആ ഒരു മാസക്കാലം എനിക്ക് നന്നേ പ്രയത്നിക്കേണ്ടി വന്നു. ഫെഡറേഷൻ തന്ന എസ്റ്റിമേറ്റ് വച്ചാണ് ഞാൻ ഓഫീസിൽ കണക്കു കൊടുത്തിരുന്നത്. അത് പ്രകാരമാണ് എനിക്കുള്ള വിദേശ കറൻസിക്കായുള്ള അപേക്ഷ കൊടുത്തിരുന്നതും. ഇന്നത്തേതിൽ നിന്നും വിഭിന്നമായി അന്ന് വിദേശ കറൻസി കിട്ടണമെന്നുണ്ടെങ്കിൽ ആർ ബി ഐ യിൽ നിന്നും പെർമിറ്റ് വാങ്ങണം. അത് ഓഫീസ് ചെയ്തു. ഇനി ടിക്കറ്റ്. ആദ്യ യാത്രയായത് കൊണ്ടും യുഗോസ്ലാവിയയിലേക്കു നേരിട്ടുള്ള വിമാന സർവീസ് ഇല്ലാത്തതു കൊണ്ടും കുറെ സ്റ്റോപോവേഴ്സ് അനിവാര്യമായിരുന്നു. ഞാൻ ഫെഡറേഷൻ പ്രസിഡന്റ് ധ്രുവ് സാനിയോടും സെക്രട്ടറി ഉമ്മർ കോയയോടും എനിക്ക് ടീമിന്റെ കൂടെ യാത്ര ചെയ്യാനുള്ള ഒരു ടിക്കറ്റ് വാങ്ങിച്ച് തരാൻ അപേക്ഷ കൊടുത്ത് ആ തുക കണക്കാക്കി ഏജൻസിയെ ഏൽപ്പിച്ചു. ഫെഡറേഷൻ എനിക്ക് ഫ്ളൈറ്റ് ഡീറ്റെയിൽസ് തന്നത് പ്രകാരം അതെ എയർ ഇന്ത്യ ഫ്ളൈറ്റിൽ ഫ്രാൻക്ഫെർട്ടിലേക്കും പിന്നീട് സാഗ്രെബ് വഴി ബെൽഗ്രേഡിലേക്കുമുള്ള കണക്ഷനുകളും ഏർപ്പാടാക്കി. വാസ്തവത്തിൽ അന്നങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ ഞാൻ വഴിയാധാരമാ

യി പോവുമായിരുന്നു എന്ന് എനിക്ക് പിന്നീട് മനസ്സിലായി.

ഒഫീഷ്യൽ യാത്ര ആയിരുന്നെങ്കിലും മിക്ക കാര്യങ്ങളിലും ഞാൻ സ്വന്തം തട്ടകത്തിലായിരുന്നു. വിസ, ഫോറിൻ എക്സ്ചേഞ്ച് മാറ്റി നിർത്തിയാൽ ബാക്കിയെല്ലാം ഞാൻ നോക്കേണ്ടിയിരുന്നു. ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിലേക്കാണ് പോവുന്നതെന്ന അനിശ്ചിതത്വം മാറ്റി നിർത്തിയാൽ ടീമിന്റെ കൂടെയാണല്ലോ പോവുന്നത് എന്ന സമാധാനം ഉണ്ടായിരുന്നു. ഇരുപത്തിയഞ്ചു യു സ് ഡോളർ മാത്രമേ ദിവസ ചെലവ് വരികയുള്ളു എന്ന ഫെഡറേഷൻ സെക്രെട്ടറിയുടെ വാക്കു വിശ്വസിച്ചാണ് ഞാൻ എന്റെ എസ്റ്റിമേറ്റ് കമ്പനിക്കു കൊടുത്തിരുന്നത്. കമ്മ്യൂണിസ്റ്റ് സമ്പ്രദായത്തിൽ കുറെയൊക്കെ താല്പര്യമൊക്കെയുള്ള ഞാൻ ആ യാത്രക്ക് അടുത്ത മൂന്ന് ആഴ്ച നല്ല രീതിയിൽ തയ്യാറെടുത്തു. രാജ്യത്തിന്റെയും, ടൂർണമെന്റിന്റെയും ബാക്ക് ഗ്രൗണ്ട് വിവരങ്ങൾ ടീം അംഗങ്ങളുടെ മുൻകാല ഗേമുകൾ എല്ലാം. യുഗോസ്ലാവിയ എതാണ്ട് അതെ സമയത്താണ് നാലോ അഞ്ചോ വ്യത്യസ്ത രാജ്യങ്ങളായി വിഭജിക്കപ്പെടുന്നതെന്നതും സോവിയറ്റ് യൂണിയന്റെ രീതിയിൽ ഛേദിക്കപ്പെടുന്നതും വാർത്തകളായി വന്നിരുന്നു. ആ വിഭജനം പക്ഷെ എതാണ്ട് രണ്ടു മാസത്തിനു ശേഷമേ പ്രാബല്യത്തിൽ വരൂ എന്നതും എനിക്ക് വാർത്തയായി. നോവിസാദ് സെർബിയയുടെ ഭാഗമായാണ് വരാൻപോവുന്നത്; ഒരു സ്പോർട്സ് ലേഖകനായ എന്നെ സംബന്ധിച്ചിടത്തോളം നോവിസാദ് അന്നത്തെ ടെന്നീസ് താരമായ മോണിക്ക സെലസിന്റെ തറവാടാണ്.

പക്ഷെ നോവിസാദിൽ എത്തുന്നതിനു മുൻപ് നാടകീയ മുഹൂർത്തങ്ങൾ ധാരാളമുണ്ടായിരുന്നു. ടിക്കറ്റ് ഡൽഹിയിൽ നിന്നാണ്, വിദേശ കറൻസിയും വിസയും എടുക്കേണ്ടതും അവിടുന്ന് തന്നെ. മൂന്നു ദിവസം മുൻപ് തന്നെ ഡൽഹിയിൽ എത്താൻ ഓഫീസ് അറിയിച്ചു. അതെല്ലാം തീർത്തു അവസാന ദിവസം ടിക്കറ്റിനു വേണ്ടി ഫെഡറേഷൻ പ്രസിഡന്റ് സാഹിയുടെ ത്രിവേണി ഓഫീസിൽ കാത്തിരുന്ന പത്തു മണിക്കൂർ ഉദ്വേഗജനകങ്ങളായിരുന്നു. ഡമ്മി ടിക്കറ്റിനു മേലാണ് വിസയും കറൻസിയും എടുത്തിരുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയത്. അതായത് എയർ ഇന്ത്യയിൽ ടീമിന് വേണ്ടി ബുക്ക് ചെയ്ത 11 ടിക്കറ്റുകൾ വരെ ഓരോന്നോരോന്നായി ക്ലിയർ ചെയ്തപ്പോൾ തന്നെ ആറു മണിക്കൂർ കഴിഞ്ഞിരുന്നു. ലഭ്യതക്കനുസരിച്ചാണ് അവ ക്ലിയർ ചെയ്തിരുന്നത്. ഇന്നത്തെ പോലെ ധാരാളം ഫ്ളൈറ്റുകൾ അന്നില്ല, എയർ ഇന്ത്യയാണ് ഏക ആശ്രയം. മാത്രമല്ല ഫ്രാൻക്ഫർട്ടിൽ നിന്ന് ജാറ്റ് എന്ന യുഗോസ്ളാവിയൻ ഫ്ളൈറ്റിലാണ് തുടർന്ന് പോവേണ്ടത്. അതിനു ഫ്രാൻക്ഫർട്ടിൽ ഉള്ളത് രണ്ടു മണിക്കൂർ മാത്രം. അവസാന മണിക്കൂറുകളിൽ ത്രിവേണി ഓഫീസിൽ ചിലവഴിച്ച ഓർമ്മകൾ ഇപ്പോളും മറക്കാൻ കഴിയുന്നില്ല.

അതായത് ഒരു മണിക്ക് യാത്ര ചെയ്യേണ്ട എന്റെ ടിക്കറ്റ് ക്ലിയർ ചെയ്തു വരുന്നത് പതിനൊന്നരക്കാണ്. ത്രിവേണിയുടെ സ്റ്റാഫ് രാത്രിയിൽ കൂടെ എയർ ഇന്ത്യയുമായി ബന്ധപ്പെട്ടു ഞങ്ങൾക്ക് വിവരം തന്നതും പിന്നീട് ഒരു സിനിമ ത്രില്ലർ പോലെ അവരുടെ കാറിൽ പന്ത്രണ്ടു മണിക്ക് എയർപോർട്ടിൽ എത്തിയതും മനസ്സിൽ തങ്ങി നിൽക്കുന്നു.

പ്രശ്നങ്ങൾ തീർന്നെന്നു വിചാരിച്ചിരിക്കുമ്പോളാണ് ഫ്രാങ്ക്ഫർട്ടിൽ മോശം കാലാവസ്ഥ കാരണം ഫ്ളൈറ്റ് എട്ടുമണിക്കൂറോളം വൈകിയത്. അന്നെല്ലാം ട്രാവെലെർസ് ചെക്ക് ആയാണ് ഡോളർ തരുന്നത്. നൂറു ഡോളർ മാത്രം കറൻസി ആയി കിട്ടും. അത് മാറ്റിയാൽ ജർമൻ മാർക്ക് ആണ് കിട്ടുക. കടം വാങ്ങി പ്രാതൽ കഴിച്ചു എന്ന് വരുത്തി അടുത്ത സ്ഥലത്തേക്ക് വാഹനം വരുന്നതും കാത്തിരുന്നു. പിന്നെ ഭക്ഷണം രാത്രി വരെ അല്ലലില്ലാതെ നടന്നു. ബെൽഗ്രേഡിലെത്തുമ്പോൾ രാത്രി പത്തു മണി. ബസ്സിൽ നോവിസാദിൽ എത്തിയപ്പോൾ പന്ത്രണ്ട്. ബുക്ക് ചെയ്തിരുന്നെങ്കിലും റൂം കിട്ടാൻ ചെന്നപ്പോൾ ഓർഗനൈസിംഗ് കമ്മിറ്റി അടുത്ത ബോംബ് പൊട്ടിച്ചു. 75 ഡോളർ വച്ച് ദിവസം തരണം, കമ്മ്യൂണിസ്റ്റ് രാജ്യമായതുകൊണ്ട് പുറത്തൊന്നും റൂമുകളും കിട്ടില്ല എന്ന്

( ശേഷം 35-ാം പേജിൽ)

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച...)

ശിവ ശബ്ദത്തിനു യോഗവിശേഷമെന്നും അർത്ഥമുണ്ട്. ക്രിയ യോഗം, തപോയോഗം, ജലയോഗം എന്നിങ്ങനെ ശിവയോഗം മൂന്നുവിധം. ശിവയോഗികളും മൂന്നുതരത്തിലുണ്ട്. ഒന്ന് ക്രിയായോഗി, രണ്ടു തപോയോഗി, മൂന്നാമതെത്തതു ജപയോഗി. ഇവ മൂന്നും, യോഗങ്ങൾ മൂന്നും-ശിവപദത്തിന്റെ അർത്ഥമാണ്. അതുകൊണ്ടു ഈ മൂന്ന് യോഗത്തിന്റെയും കർത്താവും വിഷയവും ശിവശബ്ദത്തിന്റെ ഔപചാരിക അർത്ഥം തന്നെയാണ്.

ക്രിയായോഗി എപ്പോഴും പൂജാ-പാരായണാദികളിൽ തല്പരനായിട്ടുള്ളവനാണ്. ഭഗവാന്റെ പൂജാധ്യാനാദികളിൽ യാതൊരുവനാണോ അപാരമായ അനുരാഗമുള്ളതു അവൻ ഭക്തനാണ്. ബ്രഹ്മാവ് ശിവനെ പൂജിച്ചു. വിഷ്ണുവും ശിവനെ പൂജിച്ചു. മറ്റു ദേവന്മാരും അതു തന്നെ ചെയ്യുന്നു. മനുഷ്യരും ശിവനെ പൂജിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ആരാണോ സർവ്വരാലും പൂജിക്കപ്പെടുന്നവൻ, അവൻ ശിവൻ. ശിവപൂജ ചെയ്യുന്നവൻ ശിവസ്വരൂപമാണ്, ശിവയോഗിയാണ്. പൂജാദികൾ ചെയ്യുമ്പോഴും പരദ്രോഹം ചെയ്യാത്തവനാണ് തപോയോഗി. ഭഗവാന്റെ പൂജാനുഷ്ഠാനങ്ങൾ ചെയ്തു വിശേഷശക്തികൾ കൈവന്നാൽ സാമാന്യജനം മാത്രമല്ല, വലിയ തപസികൾപോലും അവർക്ക് പ്രതികൂലമായി ഭവിക്കുന്നതുവരെ ശാപാദികളാൽ ഉപദ്രവിക്കും. മറ്റുള്ളവരെ ഉദ്ധരിക്കാനായി നാരദാദികളും ശപിച്ചിട്ടുണ്ട്. പരദ്രോഹാദികൾ ചെയ്യാതെ ആരാണോ പൂജാദികളിൽ മുഴുകിയിരിക്കുന്നത് അവരും ശിവയോഗികളാണ് . പൂജാദിരതന്മാരും പരദ്രോഹരഹിതരും അതോടൊപ്പം സദാ ശുചിയും നിഷ്കാമന്മാരുമായി വർത്തിക്കുന്ന സാധകർ ജപിച്ചും പാരായണം ചെയ്തും ശാന്തരായി വർത്തിക്കുന്നു, ഇവരാണ് ജപയോഗികൾ. ഇവിടെ 'ജപ പര' യ്ക്ക് ശിവനാമം ജപിക്കുന്നവരെന്നാണ് അർത്ഥമാക്കുന്നത്. ശിവനാമം അന്യനാമങ്ങളെ അപേക്ഷിച്ചു അത്യന്തം മഹത്വപൂർണ്ണമാണ്.

യാദൃശ്ചികമായിപോലും ശിവ എന്ന് ഉച്ചരിച്ചാൽ അത് പാപത്തെ ഹരിക്കുമെന്ന് സതീദേവി ദക്ഷപ്രജാപതിയോട് പറഞ്ഞതാണ്. ഇന്നും ദക്ഷിണദേശങ്ങളിലും മറ്റും ആശ്ചര്യം, ഭയം എന്നി അവസ്ഥകളിൽ 'ശിവ' 'ശിവ' എന്ന് പറയാറുണ്ട്. ഉത്തരദേശത്ത് 'അരേ രേ'.. എന്നു പറയും. അർത്ഥം മാനസിലാക്കാതെയുള്ള ശിവശബ്ദോച്ചാരണം പോലും പാപഹാരിയാണ്. അതിനാൽ ജപിക്കേണ്ടത് ശിവമന്ത്രമാണ്. ജപ്യദേവനും ശിവൻ തന്നയാണ്. ഈ വ്യഖ്യാനമനുസരിച്ചു ക്രിയായോഗിയുടെ അവതാര പരിണാമമാണ് ജപയോഗിയെന്നും തപോയോഗിയുടെ അവതാര പരിണാമമാണ് ജപയോഗിയെന്നുമാണ് മനസിലാക്കുന്നത് അതിനാൽ മൂന്നു തരം യോഗികളില്ല. എന്നാൽ പൂജാദിപ്രധാനരായ ക്രിയായോഗികൾ, അദ്രോഹാദി പ്രധാനാരായ തപോയോഗികൾ, ജപാധിപ്രധാനാരായ ജപയോഗികൾ എന്ന് വിഭജിക്കുന്നതാണ് കൂടുതൽ ഉത്തമം. അദ്രോഹതയ്ക്ക് മുഖ്യകാരണം സർവത്ര ശിവ ദർശനമുള്ളതിനാലാണ്. ശിവരൂപം കാണുന്ന മാത്രയിൽ, ദ്രോഹ ചിന്തകൾ ഓടിയൊളിക്കും. ക്രിയയെന്നാൽ ശാരീരികക്രിയയും അദ്രോഹമന്നാൽ മനസാ സമദർശനവും, അതുപോലെ ജപമെന്ന വാണിക്രിയയും പ്രകടമാകും. ശാരീരികവും, മാനസികവും, വാചികവുമായ മൂന്നു വിധയോഗങ്ങൾ തന്നെ ഇവിടെ ത്രിവിധ ശിവയോഗമായി നിശ്ചിതമാക്കാം.

'ശിവ മോക്ഷേ ശിവം ക്ഷേമേ ശിവം തോയേ ശിവം സുഖേ ശിവ ശംഭൗ ശിവോ വേദേശിവോ വേദാന്തരേ ത്രിധാ.' ശിവന് വേദമെന്നും അർത്ഥമുണ്ട്. വേദസ്വരൂപൻ തന്നെയാണ് ശിവൻ. അതുകൊണ്ട് വേദാത്മകത തന്നെ ശിവന്റെ ശിവത ആയിത്തീരും. വേദം ജ്ഞാനനിധിയാണ്. അങ്ങനെ ശിവന്റെ ജ്ഞാനസ്വരൂപത്വവും സിദ്ധമാകുന്നു. ശിവനിൽ ശ – ഇ – വ എന്നി മൂന്നക്ഷരങ്ങൾ ഉണ്ടെന്ന് നേരത്തെ കാണിച്ചുതന്നു. 'ശി' എന്നത് 'ശിവ'നെന്നും 'നമഃശിവായ' എന്നത് അതിന്റെ പൂർണ്ണ അർത്ഥവുമാണ്. 'ശ' എന്നാൽ 'ശം' 'ഇ' എന്നാൽ പുരുഷനും പൂർണനും 'വ' എന്നാൽ അമൃതശക്തി. അഞ്ചു അല്ലങ്കിൽ ആറുതരത്തിൽ 'ശ' ഉണ്ട്. ശംനോ മിത്രഃ ശം വരുണഃ ശംനോ ഭവത്യര്യമാ. ശം ന ഇന്ദ്രോ ബ്രഹസ്പതിഃ ശംനോ വിഷ്ണു രുരുക്രമഃ ഇങ്ങനെ വേദമന്ത്രങ്ങളിൽ കാണുന്നു. മിത്ര എന്നാൽ ദിവസത്തിന്റെ അധിഷ്ഠാതൃദേവതയാണ്. പ്രാണദേവതയുമാണ്. ദിവസാധിഷ്ഠാതൃദേവത 'ശം' ആയിത്തീരട്ടെ, മംഗളമായിത്തീരട്ടെ. അഥവാ നാം ദിവസം മുഴുവനും ചെയ്യുന്ന എല്ലാ കർമ്മങ്ങളും മംഗളമായി തീരട്ടേ എന്നാണ്. എങ്ങനെ മംഗളമയമാകും. നാം ഭഗവത് അർപ്പണമായി കർമ്മങ്ങൾ ചെയ്താൽ മാത്രം. ഭഗവദാരാധന ഭാവത്തോടെ ചെയ്താൽ മാത്രമേ കർമ്മങ്ങൾ മംഗളകരമാകൂ.

'ജഗതേഃ പിതരൗ വന്ദേ പാർവ്വതി പേരമേശ്വരൗ പാർവ്വതിയും പരമേശ്വരനും ഈ ജഗത്തിന്റെ മാതാപിതാക്കളാണ്. രണ്ടു പേരും 'ജനകജനനിമജ്ജുഗദിദം' എന്ന് വർണ്ണിക്കുന്നു. ശിവനും ശിവയും ഉള്ളതുകൊണ്ട് ഈ ജഗത്തെ അനാഥമാക്കാൻ സാധിക്കില്ല. 'ജനകജനനീമത്' ആണ്. അവർ രണ്ടു പേരും നമുക്കുള്ളിൽ ആത്മാവായും ബുദ്ധിയായും വിരാജിക്കുന്നു. എല്ലാ പ്രാണങ്ങളും സഹചരങ്ങളാണ്. കർമ്മന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും പ്രാണൻ തന്നെ.

'പൂജാ തേ വിഷയോപഭോഗരചനാ'ശബ്ദംസ്പർശാദി വിഷയങ്ങളുടെ ഉപഭോഗങ്ങളെല്ലാം ഭഗവത് പൂജായാകും, ഭോജനവും പാവനമാകും. ഇപ്രകാരം എന്തെല്ലാം കാര്യങ്ങൾ നടക്കുന്നുണ്ടോ, അവയെല്ലാം ഭഗവത് പൂജാത്മകമായാൽ മംഗളമയമാകുന്നു. 'ശം നോ മിത്ര' നമ്മുടെ എല്ലാ ദിനചര്യകളും ഭഗവത് സേവാമമായി മംഗളമാകട്ടെ! 'ശം വരുണഃ' രാത്രിയുടെ അധിഷ്ഠാതൃദേവതയായ വരുണനും മംഗളകാരിയാകട്ടെ. രാത്രിയിൽ ബാഹ്യകാര്യങ്ങൾ ഒന്നുമില്ല, അതിനായിത്തന്നെയാണ് ഭഗവാൻ രാത്രിയുണ്ടാക്കിയത്. ഇരുട്ടായാൽ പിന്നെ മനസ്സിനു മാത്രമെ ജോലിയുള്ളു, വിചാരം മാത്രം. ആ സമയം വരുണ ദേവത നമ്മുടെ വിചാരങ്ങളെ സുവിചാരങ്ങളാക്കിത്തിർക്കട്ടെ. ഉറക്കം വരുന്നതുവരെ രാത്രിയിൽ ബ്രഹ്മവിചാരം ചെയ്യാം. ഉറക്കം വരുമ്പോൾ സുഷുപ്തി അനുഭവമായാൽ നിദ്ര സമാധിസ്ഥിതി തന്നെയാണ്. സ്വപ്നാത്മക വിചാരമുണ്ടായാൽ ഭൂത –പ്രേതാദികളല്ല ഭഗവാൻ വരട്ടേ. ചിലപ്പോൾ പുതിയ ആശയങ്ങളും സ്വപ്നത്തിൽ സ്ഫുരിക്കും 'ശംനോ ഭവത്വര്യമാ' ചക്ഷുസ്സിന്റെ അധിഷ്ഠാനദേവത ആര്യമാവാണ്. കാഴ്ച മംഗളകരമാകട്ടെ. ആര്യമാവ് നമ്മുടെ ദൃഷ്ടിയെ മംഗളതരമാക്കട്ടെ. 'ശം ന ഇന്ദ്രോ ബ്രഹസ്പതി' ഇവിടെ രണ്ട് 'ശം' കാണുന്നുണ്ട്. ശംന ഇന്ദ്ര, ശംനോ ബ്രഹസ്പതിഃ ഇന്ദ്രൻ ബലത്തിന്റെ അധിഷ്ഠാതൃദേവതയാണ്. അദ്ദേഹം നമ്മുടെ ബലത്തെ മംഗളകരമാക്കട്ടെ., ബലത്തിന്റെ ഉപയോഗം പരമാർത്ഥമാകട്ടെ! പരരക്ഷണാർത്ഥമുള്ള ശക്തിവ്യയമാണ് 'ശം ന ഇന്ദ്ര' 'ശം ബ്രഹസ്പതി' എന്നതിന് വെറെ അർത്ഥമാണ്. ബ്രഹസ്പതി വാക്കിന്റെ അധിഷ്ഠാതൃദേവതയാണ്. മഹാജ്ഞാനിയായും ബ്രഹസ്പതി അറിയപ്പെടുന്നു. വാക്കുകളാൽ പരനിന്ദ, മഹാപുരുഷനിന്ദ, ഈശ്വരനിന്ദ ചെയ്യാം. അതേ നാവുകൊണ്ട് പരസ്തുതിയും, മഹാപുരുഷസ്തുതിയും, ഈശ്വരസ്തുതിയും ചെയ്യാം. ആദ്യത്തേത് അമംഗളം, അശിവം. രണ്ടാമത്തേത് മംഗളം, ശിവം. 'ശംനോ' 'വിഷ്ണുരുരുക്രമാ' വിഷ്ണു പാദങ്ങളുടെ അധിഷ്ഠാതാവാണ്.

ഇന്ദ്രൻ കൈയുടേയും ബലത്തിന്റേയും ദേവത. പ്രണാമം ചെയ്യുമ്പോൾ ചരണ സ്പർശം ചെയ്യുന്നതു ഇതുകൊണ്ടാണ്. പ്രണാമം ചെയ്യുമ്പോൾ ചരണസ്പർശം മാത്രമല്ല, പാദസ്പർശവും വേണം. ദിനചര്യയുടെ പവിത്രത, വിചാരങ്ങളുടെ പവിത്രത, ദൃഷ്ടി പവിത്രത, ശക്തി പവിത്രത, വാണി പവിത്രത, ആചരണ പവിത്രത ഇവയാറും ഭിന്നമായി വരും. ശിവ ശബ്ദത്തിൽ 'ശ' കാരത്തിന് ഇതാണർത്ഥം. 'ശം നിത്യ സുഖമാനന്ദം.'

ശിവപദത്തിന്റെ മറ്റൊരർത്ഥമാണ് ക്ഷേമം. 'ക്ഷേമയതി ക്ഷേമം കരോതി' എന്നതനുസരിച്ച് സംസാര സുഖം തരുന്നയാളും ശിവനാണ്. ശങ്കരൻ ആശ്രുതോഷനാണെന്ന് നേരത്തെ പറഞ്ഞു. അല്പം പൂജയും തപസ്സും ചെയ്യുമ്പോൾതന്നെ അദ്ദേഹം പെട്ടന്നു പ്രസന്നനായിട്ടു അഭീഷ്ടഫലത്തെ തരും. ഇത് എങ്ങനെയുള്ള വ്യക്തിയാണ് എന്നൊന്നും നോക്കില്ല. ഉപമന്യു തപസ്സു ചെയ്തപ്പോൾ ക്ഷീരസാഗരം തന്നെ പ്രദാനം ചെയ്തു, സർവ്വ സമ്പത്തും പ്രാപ്തമാക്കി കൊടുത്തു. രാവണൻ തപസ്സു ചെയ്തപ്പോൾ സ്വർണ്ണം കൊണ്ടുള്ള ലങ്കയും മൂന്നു ലോകങ്ങളിലെ സമസ്ത ഐശ്വര്യങ്ങളും ലഭിച്ചു. ദേവന്മാർക്കും സിദ്ധിയും സമൃദ്ധിയും കൊടുക്കുന്നതും ഭഗവാൻ ശങ്കരൻ തന്നെയാണ്. അമരനാകാനുള്ള വരമൊന്നും ബ്രഹ്മാദികളിൽ നിന്ന് ലഭിക്കില്ല. നിമിത്ത മൃത്യുവേ വരമായി അവർ നൽകൂ. എന്നാൽ ശങ്കരൻ അമൃതത്വം നൽകും. ശങ്കരൻ ജ്ഞാനപ്രദായകനാകയാൽ മൃത്യുവും ജ്ഞാനത്താൽ ബാധിതമാകുകയാൽ അമരത്വവും സ്വതവേയുണ്ടാകും. ജനനമരണാദികൾ കല്പിതങ്ങളാണ് എന്നതാണ് പരമാർത്ഥം, ജ്ഞാനമുണ്ടായാൽ സങ്കൽപ്പമില്ലാത്ത ഒരവസ്ഥ സാധകനുണ്ടാകും. അങ്ങനെ ശിവന്റെ മോക്ഷം എന്നതിനർത്ഥം ഉപപന്നമാകും. ഈ മോക്ഷത്തിനുമുമ്പുള്ള ക്ഷേമവും ശങ്കരൻ തരുന്നതാണ്. മോക്ഷത്തിനും ക്ഷേമത്തിനും വ്യത്യസ്ത അർത്ഥങ്ങൾ കോശങ്ങളിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. മോക്ഷം പരമക്ഷേമം തന്നെയാണ്. പരമക്ഷേമപര്യന്തം സകലതും ഭഗവാൻ ശങ്കരനാണ് പ്രദാനം ചെയ്യുന്നതെന്നു മനസ്സിലാക്കണം.

(തുടരും.......)

*****

(32-ാം പേജിന്റെ തുടർച്ച...)

അവിടെ വച്ച് പരിചയപ്പെട്ട ഒരു ചെസ്സ് സുഹൃത്ത് പറഞ്ഞു. എന്റെ കയ്യിൽ വേണ്ടത്ര കറൻസിയുമില്ല. എന്ത് ചെയ്യും? അപ്പോളാണ് ടീം ക്യാപ്റ്റൻ എന്നെ സഹായിക്കാൻ വന്നത്. 'ജനറൽ ബോഡിയിൽ പങ്കെടുക്കാൻ ഇന്ത്യൻ പ്രതിനിധി ആരോൺ തിരക്ക് കാരണം അവസാനത്തെ നാല് ദിവസം മാത്രമേ വരികയുള്ളു അത് കൊണ്ട് അദ്ദേഹം വരുന്നത് വരെ നിങ്ങൾക്ക് അവിടെ താമസിക്കാം.' പുറത്തു വിദേശികൾക്ക് താമസിക്കാനുള്ള ഹോട്ടലുകളിൽ 100 ഡോളർ കൊടുത്താൽ ദിവസ വാടകക്ക് റൂം കിട്ടും. അവസാന നാല് ദിവസം മാത്രം അങ്ങിനെ ചെയ്യാം എന്ന വ്യവസ്ഥയിൽ പ്രശ്നം പരിഹരിച്ചു. ആ നോവിസാദ് പരീക്ഷണത്തിന്റെ മനോഹരമായ ഒരു വശം എന്തെന്നാൽ അവരുടെ പ്ലാനിംഗ് ആണ്. ഒരു സമാന്തര സമ്പദ് വ്യവസ്ഥ അവിടെ സൃഷ്ടിച്ച്, ഒരു മാസത്തിനു ശേഷം വിദേശികളെല്ലാം തിരിച്ചു പോവുമ്പോൾ അവർ പഴയ സമവാക്യത്തിലേക്കു പോവും. ഹോട്ടലുകൾക്കൊപ്പം എല്ലാ സാധനങ്ങൾക്കും ഇതേ പോലെ വില മൂന്നിരട്ടിയാക്കിയ ആ പരീക്ഷണം ഒരു കമ്മ്യൂണിസ്റ്റ് സമ്പ്രദായത്തിലല്ലാതെ എവിടെ നടക്കും.

പിന്നെ ഇരുപത്തിയഞ്ചു ദിവസം എനിക്കൊരു ചെസ്സ് വേട്ടയായിരുന്നു. ഇതു വരെ ആരും ശ്രദ്ധിച്ചിട്ടില്ലാത്ത ഒരു മേഖലയായതു കൊണ്ട് എവിടെയും ഒരു കഥ ഒളിഞ്ഞു കിടക്കുന്നതായി ഞാൻ കണ്ടു. പിന്നീട് ഒരു ഇരുപതു കൊല്ലം ലോകമെമ്പാടും ചെസ്സ് മേളകൾ കവർ ചെയ്യുമ്പോൾ ഞാൻ ഓർത്തതും എന്റെ ആദ്യത്തെ പറക്കലായിരുന്നു. ലിയാം ഫ്ളാഹെർട്ടിയുടെ "His First Flight" എന്ന ഒരു കടൽ കാക്ക തന്റെ ആദ്യത്തെ പറക്കൽ വിവരിക്കുന്ന കഥ എപ്പോളും ഞാൻ ഓർക്കാറുണ്ടായിരുന്നു.

(തുടരും....)

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

എൻ. രാജശേഖരൻ - 9895550719

അതിതീവ്ര മഴയിലും, തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മരണമടഞ്ഞ ആയിരത്തിൽപ്പരം മനുഷ്യർ, വളർത്തുമൃഗങ്ങൾ, എല്ലാം നഷ്ടപ്പെട്ടവരായി മറ്റൊരു പതിനായിരത്തിലധികം അഭയാർത്ഥികൾ, ദിവസങ്ങളോളം ചെളിയിൽ പുണ്ടുക്കിടന്ന് വിവിധരോഗങ്ങൾക്കടിമപ്പെട്ട് അവശരായി ആശുപത്രികളിൽ ചികിത്സയിൽ ഒട്ടനവധി രോഗബാധിതർ, തീർന്നില്ല , വയനാട്ടിലെ വേദനകൾ. കഴിഞ്ഞ ജൂലൈയ് 30-ാം തിയതി വെളുപ്പിന് മൂന്ന് മണിയോടെ വൈദ്യുതി പോലും ഇല്ലാതിരുന്ന രാത്രി ഇരുട്ടത്താണല്ലോ ആ മഹാദുരന്തം നടന്നത്. ദുരന്തത്തെ കുറിച്ചും, കാരണങ്ങളെ കുറിച്ചും വിശദമായി പരിശോധിക്കും മുമ്പായി കേരളത്തിൽ ഒരു തുടർക്കഥപോലെ നടന്നു വരുന്ന മഹാദുരന്തങ്ങളുടെയെല്ലാം അടിസ്ഥാന ഘടകമായ പശ്ചിമഘട്ടമലനിരകളെപ്പറ്റിയും അതിന്മേൽ മനുഷ്യൻ നടത്തിയതും ഇപ്പോഴും നടത്തികൊണ്ടിരിക്കുന്നതുമായ എണ്ണമറ്റ കൊള്ളകൾ, കൈയ്യേറ്റങ്ങൾ, നുഴഞ്ഞുകയറ്റങ്ങൾ എന്നിവയെപ്പറ്റിയെല്ലാം ഇപ്പോഴെങ്കിലും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നു.

ഒൻപതു കോടി വർഷങ്ങൾ പഴക്കമുള്ള പശ്ചിമഘട്ടമലനിരകൾ മഹാരാഷ്ട്രയുടെ താപ്തി നദീമുഖം മുതൽ കന്യാകുമാരി വരെ 1600 കിലോമീറ്റർ നീളത്തിലും 1200 മീറ്റർ ഉയരത്തിലും കാണുന്ന സഹ്യപർവ്വത നിരകളാണ്. പശ്ചിമഘട്ട മലനിരകൾ ഇല്ലെങ്കിൽ നമുക്ക് ജീവിതമില്ല. അവയെ സംരക്ഷിക്കുക, എന്നത് അതിപ്രധാനമാണ്. എണ്ണമറ്റ സസ്യലതാദികളുടെയും, അപൂർവ്വമായ ജന്തുജാലങ്ങളുടെയും ആവാസ കേന്ദ്രമായ ഈ പർവ്വതനിരകൾ, നമ്മുടെ രാജ്യത്തിന്റെ അക്ഷയഖനിയാണ്.

പശ്ചിമഘട്ടത്തിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം തുടങ്ങിയിട്ട് മുന്നൂറിൽപ്പരം വർഷങ്ങളായി. എന്നാൽ കൂടുതൽ ആർത്തിപിടിച്ചു വനംകൊള്ള തുടങ്ങിയിട്ട് അൻപതിൽപ്പരം വർഷങ്ങളായിരിക്കുന്നു. നിത്യഹരിതവനങ്ങളായിരുന്ന ഈ സ്ഥലത്ത് 1870-ന് ശേഷം തേയില തോട്ടങ്ങളും, കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകളും കൃഷി ചെയ്യാൻ ആരംഭിച്ചതോടെ മനുഷ്യന്റെ കടന്നുകയറ്റം വൻതോതിലായി.

രണ്ടാം ലോക മഹായുദ്ധകാലത്ത് രൂക്ഷമായ ഭക്ഷ്യക്ഷാമം ഉണ്ടായതിനെ തുടർന്ന് ചതുപ്പു നിലങ്ങളും മറ്റും കൃഷിക്കായി പാട്ടത്തിനു കൊടുക്കാൻ 1942-ൽ ഗവണ്മെന്റ് തീരുമാനിച്ചു. തുടർന്ന് യാതൊരുവിധ നിയന്ത്രണമോ, പരിധിയോ ഇല്ലാതെ വനംവകുപ്പും, റവന്യൂ വകുപ്പും ചേർന്ന് അനധികൃത കുടിയേറ്റക്കാർക്ക് വനഭൂമി തുറന്നു കൊടുത്തു. ഞൊടിയിട കൊണ്ടാണ് ആന, കരടി, മാൻ, കടുവ എന്നി മൃഗങ്ങൾ ധാരാളമുണ്ടായിരുന്ന നഗരപ്പാറ, റിസർവ്വിലെ വനചതുർപ്പുകൾ കൃഷിഭൂമിയായി മാറിയത്. പാമ്പുപാറ, ചക്കുവള്ളം, നെടുങ്കണ്ടം, അയ്യപ്പൻ കോവിൽ, മാട്ടുക്കോട്ട, തോണിത്താടി, എന്നി സ്ഥലങ്ങളെല്ലാം കൂടി 2000 ഏക്കറിലേറെ വനഭൂമിയാണ് കൈയ്യേറ്റക്കാർക്ക് വിട്ടുകൊടുത്തത്.

പിന്നെയും, ഉടുമ്പിൻ ചോല റിസർവ്വിൽപ്പെട്ട കാഞ്ഞിരക്കണ്ടം, തൊപ്പിപ്പാള കണ്ടം, കോവിൽ മല കണ്ടം, നഗരപ്പാറ റിസർവ്വിൽപ്പെട്ട കൊട്ടാരകുന്ന്, വൈരാ മണി, കുഞ്ഞിക്കണ്ടം, കൈനാട്ടുപ്പാറ, ചുഴലിക്കണ്ടം എന്നിവിടങ്ങളിലെല്ലാം കൂടി 2000 ഏക്കർ വനഭൂമി കൂടി 'കൃഷിക്കാർക്ക്' വിട്ടുകൊടുത്തു. നിത്യഹരിത വനങ്ങളെല്ലാം ഓർമ്മകളായി മാറി. ഇപ്രകാരം പാട്ടത്തിന് കൊടുക്കുമ്പോൾ മരം വെട്ടൽ നിരോധനം, നിർമ്മാണ പ്രവർത്തനങ്ങ

ൾക്കു നിരോധനം തുടങ്ങിയ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും ഭക്ഷ്യക്ഷാമം പ്രശ്നം ക്രമേണ ഗുരുതരമായപ്പോൾ, കൃഷിക്കാരുടെ മേലുള്ള ഇത്തരം നിയന്ത്രണങ്ങൾക്കു അയവ് വരുത്തുകയുണ്ടായി. 1949-1950 ആയപ്പോഴേക്കും ഏലം റിസർവ്വിലെ കാട്ടിനുള്ളിൽ ധാരാളം ജനവാസ കേന്ദ്രങ്ങൾ ഉണ്ടായി. കൃഷിക്കു വേണ്ടിയെന്ന പേരും പറഞ്ഞു യാതൊരുവിധ നിയന്ത്രണങ്ങളും, പരിധിയുമില്ലാതെ നൂറ് ശതമാനം വനഭൂമിയായിരുന്ന സ്ഥലങ്ങൾ വനം വകുപ്പും, റവന്യൂ വകുപ്പും ചേർന്ന് 1942-ലെ ഓർഡറിന്റെ മറവിൽ അനധികൃത കുടിയേറ്റക്കാർക്കും, കൈയ്യേറ്റക്കാർക്കും തുറന്നു കൊടുക്കുകയാണുണ്ടായത്. നിത്യ ഹരിത വനങ്ങൾ വെറും ഓർമ്മകളായി മാറി. നെടുങ്കണ്ടം, വണ്ടൻമേട്, കട്ടപ്പന എന്നിവയെല്ലാം വലിയ പട്ടണങ്ങളാണ് ഇപ്പോൾ.

മറ്റൊരു വേദനിപ്പിക്കുന്ന സത്യം, കൃത്യമായി അളന്നു തിട്ടപ്പെടുത്തിയോ, അതിർത്തി നിശ്ചയിച്ചോ അല്ല ഈ സ്ഥലങ്ങൾ കൈയ്യേറ്റക്കാർക്ക് വിട്ടുകൊടുത്തത്. അതുകൊണ്ട് കുടിയേറ്റക്കാർക്കും, കൈയ്യേറ്റക്കാർക്കും അവരുടെ ഇഷ്ടം പോലെ കൂടുതൽ സ്ഥലം കൈവശപ്പെടുത്തുന്നതിനൊ അതിർത്തി നിശ്ചയിക്കുന്നതിനോ യാതൊരു തടസ്സവും ഉണ്ടായില്ല എന്നതാണ് സത്യം.

പിന്നെ നടന്നത് ജലവൈദ്യുതി പദ്ധതികൾക്കുവേണ്ടിയുള്ള വനം കൊള്ളയാണ്. ഇടുക്കി ജലവൈദ്യൂതിക്ക് വേണ്ടി മാത്രം, 6000 ഹെക്ടർ നിബിഡ വനകളാണ് നശിപ്പിക്കപ്പെട്ടത്. ഇടുക്കി പദ്ധതിക്ക് വേണ്ടിയുള്ള റോഡുകൾക്ക് വേണ്ടി 20000 ഹെക്ടർ വനം വെട്ടിത്തെളിച്ച് നശിപ്പിച്ചു, ഇടുക്കി പദ്ധതി കൂടാതെ ഒൻപതു ജലവൈദ്യുത പദ്ധതികളുമുണ്ട് ഹൈറേഞ്ചിൽ. ഇങ്ങനെയുള്ള പദ്ധതികൾക്കുവേണ്ടി തുടക്കത്തിൽ ആവശ്യത്തിൽ വളരെ കൂടുതൽ സ്ഥലം അക്വയർ ചെയ്യുന്നു. പദ്ധതികളുടെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞാൽ പിന്നെ, ബാക്കിയുള്ള സ്ഥലം എല്ലാവരും കുടി വീതിച്ചെടുക്കുന്നു. എങ്ങനെയുണ്ട് ഐഡിയ?.

ആക്രമിച്ച് കിഴടക്കി കൊള്ളയടിക്കുന്ന പട്ടാളത്തെപ്പോലെയുള്ള മനോഭാവമായിരുന്നു കൈയ്യേറ്റക്കാർക്കും, കുടിയേറ്റക്കാർക്കും എന്ന് പറയാതെ വയ്യ.

ഇങ്ങനെ നഷ്ടപ്പെട്ട വനപ്രദേശങ്ങളിൽ ഭൂരിഭാഗവും മികച്ച ഷോലകളായിരുന്നു. നിത്യഹരിത സ്വഭാവമുള്ള വനമാണ് ചോലവനങ്ങൾ. ഉള്ളിലേക്ക് പ്രവേശിക്കുവാൻ കഴിയാത്ത വിധം ഇടതൂർന്നു വളരുന്നതും കൂടുതൽ ശിഖരങ്ങളുള്ളതുമായ മരങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്.

ഇതിൽ നിന്ന്, നൂറു ശതമാനം വനങ്ങൾ മാത്രമായിരുന്ന പശ്ചിമ ഘട്ട നിരകളിൽ സംഭവിച്ച വനനശീകരണം എത്രമാത്രം ഭീകരമായിരുന്നു എന്നി മനസ്സിലായികാണുമെന്ന് കരുതുന്നു. തീർന്നില്ല. ഇനിയുമുണ്ട്, പറയാൻ ധാരാളം.

പിന്നെ, മൂന്നാർ, പീരുമേട്, ദേവികുളം എന്നിങ്ങനെ പ്രകൃതിഭംഗിയുള്ളതും, ടൂറിസ്റ്റുകളെ ആകർഷിക്കുന്ന മേഖലകളിലുമായി കൈയ്യേറ്റക്കാരുടെ ശ്രദ്ധ. ഈ സ്ഥലങ്ങളെല്ലാം തന്നെ വനം കൊള്ളക്കാർ കൈക്കലാക്കി കഴിഞ്ഞു, ചില രാഷ്ട്രീയപാർട്ടികളും ഈ നഗ്നമായ വനം കൊള്ളയിൽ സജീവ പങ്കാളികളാണ് എന്നും കേൾക്കുണ്ട്.

പെരിയാർ കടുവാ സങ്കേതത്തിലും, ഇടുക്കി വന്യജീവി സങ്കേതത്തിലും കാണുന്ന നിത്യഹരിത വനങ്ങൾ, പെരിയാർ, തട്ടേക്കാട്, ഇടുക്കി, കുളമാവ് എന്നിവിടങ്ങളിലെ ഇലപൊഴിയും കാടുകൾ, ചിന്നാർ വന്യജീവി സങ്കേതത്തിലെ ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ, ഇരവിപുരത്തും മന്നവൻ ചോലയിലും കാണുന്ന ചോലവനങ്ങൾ, മൂന്നാറിലും മറ്റുമുള്ള പുൽമേടുകൾ, തേക്കടിയിലുള്ള സാവന്നകൾ, പൂയംകുട്ടി, ഇടമലയാർ, നേര്യമംഗലം എന്നിവിടങ്ങളിലെ ഇടതൂർന്ന ഈറ്റക്കാടുകൾ എന്നിവയെല്ലാം അനേകായിരം വർഷങ്ങളിലെ പരിണാമത്തിന്റെ ഫലമായി രൂപം കൊണ്ടവയാണെന്ന് മനസ്സിലാക്കണം. നശിപ്പിക്കപ്പെട്ട വനങ്ങളെല്ലാം തന്നെ നിത്യഹരിത വനങ്ങളും , ഈറ്റക്കാടുകളുമാണ്.

(തുടരും.......)

യാത്രാ വിവരണം

# കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ ......

ഭവാനി.കെ. – 9895071101

(തുടർച്ച.....)

അഞ്ചാം ദിവസമായ ഇന്ന് രാവിലെ 8.00 മണിക്ക് ഹോട്ടലിൽ നിന്നും ചെക്ക് ഔട്ട് ചെയ്ത് Postojna Cave - കാണുന്നതിനുവേണ്ടി 2 മണിക്കൂർ നീണ്ട യാത്രയ്ക്കായി ബസ്സിൽ യാത്ര ആരംഭിച്ചു. ലോകത്തിലെ അതിപ്രശസ്തമായ ഗുഹാ സംങ്കേതങ്ങളിൽവെച്ച് ഏറ്റവും പ്രശസ്തവും പ്രകൃത്യാലുള്ള ഒരു അതിശയവുമാണ് Postojna Cave . Pivka നദിയിൽ കോടിക്കണക്കിനു വർഷങ്ങൾ കൊണ്ട് രൂപപ്പെട്ടതാണ് 24 കിലോമീറ്റർ നീളമുള്ള ഈ ഗുഹ. ഗുഹയിൽ അത്യധികം തണുപ്പ് അനുഭവപ്പെട്ടിരുന്നതിനാൽ വൂളൻ വസ്ത്രങ്ങൾ അണിഞ്ഞാണ് ഞങ്ങൾ ഗുഹാസന്ദർശനം നടത്തിയത്. ഈ ഗുഹാസന്ദർശനം ആരംഭിക്കുന്നത് 3.5 K.M നീണ്ട ട്രെയിൻ യാത്രയോടുകൂടിയാണ്. ഇതാണ് ലോകത്തിലെ ആദ്യത്തെ അണ്ടർഗ്രൗണ്ട് റെയിൽ പാത. പലതരത്തിലുള്ള പാറകൾ വ്യത്യസ്ഥ ആകൃതിയിൽ രൂപാന്തരപ്പെട്ടിട്ടുള്ള അതിമനോഹര കാഴ്ചയാണ് ഈ ഗുഹസംങ്കേതങ്ങളിൽ കാണാൻ സാധിച്ചത്.കോടിക്കണക്കിനു വർഷങ്ങൾ പഴക്കമുള്ളതാണ് ഇവിടെയുള്ള വഴികളും അവിടെ കാണാൻ കഴിയുന്ന ദ്വാരങ്ങളും. ഇവിടെ കാണപ്പെടുന്ന ഹിമസൂചികളും, നേരിയ പാറതലങ്ങളും പാളികളും ചുണ്ണാമ്പ് പാറകളിൽ നിന്ന് ഒലിച്ചു തൂങ്ങി നിൽക്കുന്ന ചുണ്ണാമ്പുകല്ലുകളും ആരുടെയും മനസ്സിനെ ആകർഷിക്കത്തക്ക വിധം മനോഹാരിത നിറഞ്ഞതാണ്. നമുക്ക് ചിന്തിക്കാൻ കഴിയുന്ന എല്ലാത്തരം രൂപങ്ങളിലുമുള്ള ചുണ്ണാമ്പുകല്ലുകൾ നമുക്കവിടെ കാണാൻ കഴിയും. ഒരു ഗൈഡിന്റെ സഹായത്തോടുകൂടി തിരക്കേറിയ ഈ ഗുഹയിലൂടെ നടക്കുമ്പോൾ നമുക്ക് അനേകം തുരങ്കങ്ങളും ഭൂഗർഭ പാതകളും കാണാൻ കഴിയും.ഈ ഗുഹയിലൂടെയുള്ള ട്രെയിൻ യാത്രയും അതിനുശേഷം നടന്നുള്ള കാഴ്ചയും ഏതൊരാളിന്റെയും മനസ്സിനെ ത്രസിപ്പിക്കുന്നതും. എന്നും മനസ്സിൽ തങ്ങിനിൽക്കുന്നതുമായ ഒരു അത്യത്ഭുതകാഴ്ചയുമാണ്. ആയിരകണക്കിന് വർഷങ്ങൾക്കു മുൻപേ കണ്ടു പിടിച്ചതാണ് ഈ അത്ഭുത ഗുഹയെങ്കിലും 200 വർഷം മുൻപു മുതലാണ് ഇത് ജനങ്ങൾക്കായി തുറന്നു കൊടുത്തത്. ഇവിടെ കാണപ്പെടുന്ന ചുണ്ണാമ്പ് പുറ്റുകളും ചുണ്ണാമ്പ് കല്ലുകളും കണ്ടാൽ അവയുടെ ഫോട്ടോ എടുക്കാതെ മടങ്ങാൻ ആർക്കും കഴിയില്ല. അത്രയ്ക്ക് മനോഹരമാണ് അവ. ചുണ്ണാമ്പ് പാറകളിൽ നിന്നും ഉരുകി ഒലിച്ചു താഴേക്ക് ഊറി വരുന്ന ചുണ്ണാമ്പ് ഭാഗങ്ങൾ ദ്രവീകരിച്ചു രൂപപ്പെടുന്നതാണ് ചുണ്ണാമ്പ് ഹിമസൂചികൾ. അതുകൊണ്ടു തന്നെ എണ്ണിയാലൊടുങ്ങാത്ത രൂപത്തിലുള്ള ഹിമസൂചികളാണ് അവിടെ രൂപം കൊണ്ടിരിക്കുന്നത്.




അവിടെ ലോകത്തു മറ്റൊരിടത്തും ഇല്ലാത്ത Olms എന്ന ജലജീവിയുടെ 4 വയസ്സ് മാത്രം പ്രായമുള്ള കുഞ്ഞിനേയും കാണാൻ കഴിഞ്ഞു. Pivka (പിവ്ക) എന്ന അന്തർവാഹിനി നദിയുടെ അടിത്തട്ടിലുള്ള തണുപ്പ് നിറഞ്ഞ ആവാസ വ്യവസ്ഥയിൽ ജീവിക്കുന്ന ഈ ജീവികൾക്ക് ശബ്ദവും വെളിച്ചവും ഒട്ടും സഹിക്കില്ല. ഇരുണ്ട തണുത്തുറഞ്ഞ ഗുഹകളിലാണ് ഇവയുടെ വാസം. ഇവയുടെ ആയുസ്സ് ഏതാണ്ട്



100 വർഷങ്ങളോളമാണ്. എന്നാൽ ജലമലിനീകരണം മൂലം ഇവയുടെ നിലനിൽപ്പുതന്നെ അപകടത്തിലാവുകയും ഇന്ന് ഇവ വംശനാശ ഭീഷണി നേരിടുകയുമാണ്. ഇവയുടെ വാസം മനുഷ്യന് ചെന്നെത്താൻ കഴിയാത്തിടങ്ങളിലായതുകൊണ്ടു ഇപ്പോൾ എത്രയെണ്ണമുണ്ട് എന്ന് നമുക്ക് അറിയാൻ കഴിയില്ല. മദ്ധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലും മാത്രം കാണപ്പെടുന്ന ഒരു ഉഭയ ജീവിയാണ് Olms. പാൽവെള്ള നിറത്തിൽ കാണപ്പെടുന്ന ഈ ജീവികൾക്ക്



കാഴ്ച ശക്തിയും വളരെ കുറവാണ്. ചെറിയ ചെറിയ പുഴുക്കളും ചെറിയ ഞണ്ടുകളുമാണ് ഇവയുടെ മുഖ്യആഹാരം. ഏതാണ്ട് പത്തു വർഷം വരെ ഇവയ്ക്കു ആഹാരമില്ലാതെ ജീവിക്കാം. വംശനാശ ജീവികളുടെ പട്ടികയിൽ Olms നെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലോകത്തിലെ തന്നെ അതിമനോഹര പ്രകൃതി ഭംഗി നിറഞ്ഞതും ഏറെ പുതിയ അറിവുകൾ പകർന്നു തന്നതുമായ Postojna Cave -ലെ കാഴ്ചകൾ കണ്ടു ആഹാരത്തിനു ശേഷം ഏറെ സന്തോഷത്തോടെ Zagreb ലേക്കുള്ള യാത്ര ആരംഭിച്ചു.

Zagreb Republic of Croatia യുടെ തലസ്ഥാനമാണ്. യുഗോസ്ലാവിയ യുടെ ഒരു ഭാഗമായിരുന്നു Croatia. Zagreb, അവിടെയുള്ള പള്ളികളും, മ്യൂസിയങ്ങളും, ആർട്ട് തിയേറ്ററും കൊണ്ട് ലോക പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഒരു നഗരമാണ്. ലോകമെമ്പാടുമുള്ള പ്രണയ പരാജിതരുടെ പ്രണയാവശിഷ്ടങ്ങൾ നിറഞ്ഞതാണ് അവിടെയുള്ള Broken Relationship Museum . കാമുകി കാമുകന്മാർ സമർപ്പിച്ചിട്ടുള്ള മോതിരങ്ങൾ, മാലകൾ, താക്കോൽ കൂട്ടങ്ങൾ മുതലായവ കൊണ്ട് അലങ്കരിക്കപ്പെട്ടിട്ടുള്ള ഈ മ്യൂസിയം ഒട്ടേറെ ആളുകളെ ആകർഷിക്കുന്ന ഒരു വലിയ ടൂറിസ്റ്റു കേന്ദ്രമാണ്. ഇത് പരാജയപ്പെട്ട പ്രണയങ്ങളുടെ പ്രതീകമായി നിലകൊള്ളുന്നു.

ഇവിടുത്തെ ഏറ്റവും വലിയ പ്രത്യേകത റോഡുകളിൽ തന്നെ കഴിയുന്ന കുടുംബങ്ങളാണ്. പാർക്ക് , വഴിയോര കച്ചവടം, കലാപ്രദർശനം തുടങ്ങിയവയുമായാണ് നിരത്തുകളിൽ ഇവർ സ്ഥിര ജീവിതം നയിക്കുന്നത്. പൊതുവെ വിനോദ സഞ്ചാരികൾക്കു ഈ പ്രദേശങ്ങൾ സുരക്ഷിതമാണെങ്കിലും ചില സ്ഥലങ്ങൾ രാത്രി കാലങ്ങളിൽ അത്ര സുരക്ഷിതമല്ല. ഇവിടുത്തെ സിറ്റിയുടെ ഉയർന്ന കേന്ദ്ര ബിന്ദു കാണുന്നതിനാണ് ഞങ്ങൾ പിന്നീട് പുറപ്പെട്ടത്. ഈ നഗരത്തിന്റെ കേന്ദ്രബിന്ദുവിൽ നിന്നുമുള്ള കാഴ്ച അതിമനോഹരമായിരുന്നു. ഇതോടുകൂടി അന്നത്തെ കാഴ്ചകൾക്ക് വിരാമമിട്ടുകൊണ്ട് ഞങ്ങൾ Hotel Blue Zagreb -ൽ ചേക്കേറി.

(തുടരും......)

---

## ലക്ഷ്മണോപദേശം

വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.
ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.
പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമൽപകാലസ്ഥിതമോർക്ക നീ.

# *ദൃക്ക്ദൃശ്യ വിവേകം*( *18* )

സി. നാരായണൻ- 9819456012

കാമാദ്യാശ്ചിത്തഗാ ദൃശ്യാ-
തത്സാക്ഷിത്വേന ചേതനം
ധ്യായേദ് ദൃശ്യാനു വിദ്ധോയം
സമാധിഃ. സവികല്പഃ. ( 24 )

| | |
|---|---|
| കാമാദ്യാഃ | = ആഗ്രഹങ്ങൾ മുതലായവ |
| ചിത്തഗാഃ | = ചിത്തത്തിലെ |
| തത്സാക്ഷിത്വേന | = അവയുടെ സാക്ഷിരൂപേണ |
| ചേതനം | = ശുദ്ധബോധമായജ്ഞാനായി |
| ധ്യായേത് | = ധ്യാനിക്കണം |
| അയം | = ഇതാണ് |
| ദൃശ്യാനുവിദ്ധഃ | = ആന്തര ദൃശ്യാനുവിദ്ധം |
| സവികല്പഃ സമാധിഃ | = വ്യത്യാസങ്ങളോടു കൂടിയസമാധി |

(ആഗ്രഹങ്ങൾ മുതലായ ആന്തരങ്ങളായ സത്തകളിൽ , അവയെയെല്ലാം പ്രകാശിപ്പിക്കുന്ന ശുദ്ധചൈതന്യത്തെ മുമുക്ഷു ധ്യാനിക്കണം. അതാണ് ദൃശ്യാനുവിദ്ധ സവികല്പസമാധി എന്ന പേരിൽ അറിയപ്പെടുന്നത് )

ഈ ഗ്രന്ഥത്തിന്റെ സാരം മനസ്സിലാക്കാൻ, ഇതിലെ ആദ്യത്തെ ശ്ലോകം എല്ലായ്പ്പോളും ഓർമ്മയിൽ വെക്കണം. അതിൽ രണ്ടു തത്ത്വങ്ങളാണ് പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. ദൃഗ് എന്ന തത്ത്വവും ദൃശ്യമെന്ന തത്ത്വവുമാണവ. ദൃഗ് സാക്ഷിയും ചൈതന്യമാത്രവുമാണ്. അതാണ് നാമോരുരുത്തരുടേയും ശരിയായ 'ഞാൻ'. ആ ദൃഗിനു, ദൃശ്യമായതാണ് ഞാനല്ലാത്തതും ബാക്കി ജഡങ്ങളായവയെല്ലാം. ആ ദൃശ്യങ്ങളിൽ ബാഹ്യ ജഗത്തിലെ എല്ലാ ഇന്ദ്രിയവിഷയങ്ങളും പെടും. കൂടാതെ, ആന്തരമായ മനസ്സും ബുദ്ധിയും പെടും. അതു കൂടാതെ, വളരെ പ്രധാനമായ മറ്റൊന്നും കൂടി അതിൽ ഉൾപ്പെടുന്നുണ്ട്. അതാണ് നാമെല്ലാം സാധാരണയായി 'ഞാൻ' എന്നു കരുതുന്ന സത്ത. വേദാന്തശാസ്ത്രം പറയുന്നത് അത് ശരിയായ 'ഞാൻ' അല്ലേയല്ല എന്നാണ്. കാരണം , അതിനു ജഗത്തിന്റെ ലക്ഷണങ്ങളായ പരിച്ഛിന്നത, ദൃശ്യത്വം, ദുഃഖത്വം മുതലായവയുണ്ട്. കൂടാതെ, സുഷുപ്തിയിൽ അത് ലയിക്കുന്നുമുണ്ട്.

നമ്മുടെ അകത്തും പുറത്തും, സത്യമായ ദൃഗും അസത്യങ്ങളായ ദൃശ്യങ്ങളും കൂട്ടി കുഴഞ്ഞാണ് കിടക്കുന്നത്. ശ്രുതിയുടെ സഹായത്താലല്ലാതെ അവ രണ്ടിനേയും വേർ തിരിക്കാനാവില്ല. നാമതിനു ശ്രമിക്കയുമരുത്. കാരണം, നാം സത്യത്തെ അസത്യമായും, മറിച്ചും ധരിച്ചേക്കാം.

ഇരുപതാമത്തെ ശ്ലോകത്തിൽ ഇവ രണ്ടിനേയും ഒന്നു കൂടി വിശദമാക്കി. ദൃഗ് തത്ത്വം, ഉണ്ട് (അസ്തി), പ്രകാശിക്കുന്നു (ഭാതി) പ്രിയങ്കരം (പ്രിയം) എന്നീ ലക്ഷണങ്ങളോടു കൂടിയതാണെന്നും ദൃശ്യം എന്നത് സത്തയില്ലാത്ത വെറും നാമരൂപങ്ങളാണെന്നും പറഞ്ഞു. രണ്ടും ക്രമത്തിൽ ബ്രഹ്മവും ജഗത്തും ആണെന്നും പറഞ്ഞു. ഇവയിൽ ശരിയായ ഞാൻ, ദൃഗെന്നും ബ്രഹ്മമെന്നും വിളിക്കപ്പെടുന്ന സത്ത തന്നെയാണെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ നമുക്കെല്ലാം ദൃശ്യവിഭാഗത്തിൽ പെട്ട അഹംകാരമാണ് ഞാൻ എന്ന ഭ്രാന്തി നിലവിലുണ്ട് 22-ാം മത്തെ ശ്ലോകത്തിൽ ആ ഭ്രാന്തി ഉപേക്ഷിച്ച് സത്ചിദാനന്ദമായ ബ്രഹ്മമാണെന്നു മനസ്സിലുറപ്പിക്കാൻ ഉപദേശിച്ചു.

ദൃശ്യങ്ങളെന്നാൽ ബുദ്ധിവൃത്തികളാണെന്നു മുൻപു പറഞ്ഞിട്ടുള്ളത് ഓർക്കുമല്ലോ. അതായത് ബുദ്ധിയിൽ ഒരു വസ്തു പ്രകാശിക്കുകയെന്നാൽ ആ വസ്തു ഇന്ദ്രിയജ്ഞാനമായി പ്രകാശിക്കുന്നുവെന്നാണർത്ഥം. ജ്ഞാനമുണ്ടാവുന്നതാവട്ടെ, അതാകുന്ന വൃത്തിയെ ചൈതന്യം പ്രകാശിപ്പിക്കുമ്പോളും. ഉദാഹരണത്തിനു, ഘടജ്ഞാനമുണ്ടാവുന്നത്, ഘടം ബുദ്ധിയിൽ വൃത്തിരൂപത്തിൽ ഉണ്ടായി, ആ വൃത്തിയെ ചിദാഭാസന്റെ രൂപത്തിൽ ചൈതന്യം പ്രകാശിപ്പിക്കുമ്പോളാണ്. ജഡമായ ഘടം, ജഡമായ ബുദ്ധിയിൽ, ജഡമായ വൃത്തിയായി ഭവിക്കുമ്പോൾ, ചൈതന്യ

ത്തിന്റെ അംശമായ ചിദാഭാസനാണ്, 'ഘടത്തെ ഞാനറിഞ്ഞു' എന്ന ബോധമുണ്ടാക്കുന്നത്. അങ്ങനെ വരുമ്പോൾ അന്തഃകരണത്തിലെ ഏതു ജ്ഞാനത്തിലും രണ്ടു ഘടകങ്ങളുണ്ടെന്നു തെളിഞ്ഞല്ലോ. ഒന്നു, അതിന്റെ വസ്തുവിന്റെ വൃത്തി അല്ലെങ്കിൽ രൂപം, രണ്ടാമത്തേത്, ജഡമായ ആ രൂപത്തെ ജ്ഞാനമാക്കുന്ന ചൈതന്യാംശവും. ഇവ രണ്ടിൽ സത്യത്വം ചൈതന്യത്തിനു മാത്രമേയുള്ളൂ. രൂപം ശരിക്കും ഇല്ലാത്തതാണ്. ആ ചൈതന്യമാണ് ആത്മാവ്. അതാണ് വേദാന്തശാസ്ത്രത്തിന്റെ പ്രതിപാദ്യവിഷയം. അതിനെ സാക്ഷാത്ക്കരിക്കാനുള്ള മാർഗ്ഗമാണ് ഈ ഗ്രന്ഥത്തിന്റെയും ഉള്ളടക്കം.

22-ാം മത്തെ ശ്ലോകത്തിൽ നാമരൂപത്തെ ഉപേക്ഷിച്ച് ചൈതന്യത്തെ സ്വീകരിക്കാൻ പറഞ്ഞു. ഇങ്ങനെ സ്വീകരിച്ച് മനസ്സിലുറപ്പിക്കുന്നതിനെ ആചാര്യൻ സമാധിയെന്നു വിളിക്കുന്നു. ആ സമാധി ആന്തരമായി മൂന്നു തരത്തിലും ബാഹ്യമായി മൂന്നു തരത്തിലുമാണ് വിവരിച്ചിട്ടുള്ളത്. രണ്ടിനേയും ദൃശ്യാനുവിദ്ധമെന്നും ശബ്ദാനുവിദ്ധമെന്നും പിന്നേയും വേർ തിരിക്കുന്നുണ്ട്. കൂടാതെ രണ്ടിലും സവികല്പമെന്നും നിർവികല്പമെന്നും വേറെയും വ്യത്യാസമുണ്ട്.

ഇനിയുള്ള ആറു ശ്ലോകങ്ങൾ ക്രമത്തിൽ ഇങ്ങനെയാണ്

24-ആന്തര, ദൃശ്യാനുവിദ്ധ സവികല്പ സമാധി
25-ആന്തര ശബ്ദാനുവിദ്ധ സവികല്പ സമാധി
26-നിർവികല്പസമാധി
27-ബാഹ്യ ദൃശ്യാനുവിദ്ധ സവികല്പസമാധി
28-ബാഹ്യ ശബ്ദാനുവിദ്ധ സവികല്പസമാധി
29-നിർവികല്പസമാധി

മുൻപു പറഞ്ഞ ഒരു കാര്യം വീണ്ടും ഓർമ്മപ്പെടുത്തട്ടെ. ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്ന വേദാന്തസമാധിയും, പതാഞ്ജലീ മഹർഷി നിർദ്ദേശിക്കുന്ന യോഗസമാധിയും തമ്മിൽ വ്യത്യാസമുണ്ട്. ഈ ഗ്രന്ഥത്തിൽ ജ്ഞാനത്താൽ, മനോവൃത്തികളുടെ ശുഷ്കത മനസ്സിലാക്കി അവയെ നിരുപദ്രവകരമാക്കാനാണ് ഉപദേശിക്കുന്നത്. പതഞ്ജലി മഹർഷിയാവട്ടെ, വൃത്തികളെത്തന്നെ നിരോധിക്കാൻ ആദേശിക്കുന്നു. എങ്ങനെയാണ് നാം മനോവൃത്തികളുടെ അടിമകളാവുന്നതെന്നും എന്താണ് അതിൽ നിന്നു രക്ഷപ്പെടാനുള്ള വഴിയെന്നും മഹർഷി ആദ്യത്തെ സൂത്രങ്ങളിൽ തന്നെ പറയുന്നുണ്ട്. രണ്ടാമത്തെ സൂത്രം ഇങ്ങനെയാണ്

'യോഗശ്ചിത്തവൃത്തിനിരോധഃ'.

(യോഗമെന്നാൽ മനസ്സിൽ ചിന്തകൾ പൊന്തിവരുന്നത് തടയലാണ്)

മൂന്നാമത്തെ സൂത്രം

'തദാ ദ്രഷ്ടു സ്വരൂപേവസ്ഥാനം'

(ആ സ്ഥിതി ദ്രഷ്ടാവിന്റെ സ്വരൂപാവസ്ഥയാണ്)

നാം നിരൂപിക്കുന്ന ഗ്രന്ഥത്തിലെ ദൃഗ് എന്ന സത്തയെയാണ് ഇതിൽ ദ്രഷ്ടാ എന്നു വിളിച്ചിരിക്കുന്നത്. അപ്പോൾ രണ്ടിലും സാക്ഷിയായ ഞാൻ എന്ന സത്തയുടെ ശ്രേയസ്സു തന്നെയാണ് വിഷയം. മഹർഷി പറയുന്നത് യോഗത്തിലൂടെ അന്തഃകരണത്തിൽ വൃത്തികൾ പൊന്തിവരാതെ സൂക്ഷിച്ചാൽ സ്വരൂപാവസ്ഥയായ ആനന്ദത്തിലിരിക്കാമെന്നാണ്. അല്ലത്ത പക്ഷം, അതായത് മനസ്സിൽ വൃത്തികൾ വരാനനുവദിച്ചാൽ വൃത്തി കോപരൂപത്തിലുള്ളവയാണെങ്കിൽ ഞാൻ കോപിയും, ദുഃഖരൂപത്തിലുള്ളതാണെങ്കിൽ ഞാൻ ദുഃഖിയുമായിത്തീരുന്നു. ആ വസ്തുതയാണ് നാലാമത്തെ സൂത്രത്തിൽ ഇങ്ങനെ പറയുന്നത്

'വൃത്തി സാരൂപ്യമിതരത്ര'

(അല്ലാത്ത പക്ഷം ദ്രഷ്ടാ വൃത്തികളുമായി താദാത്മ്യം പ്രാപിക്കുന്നു)

വൃത്തികളുമായി സാരൂപ്യം പ്രാപിക്കൽ എന്നാൽ സ്വരൂപമായ ആനന്ദത്തിൽ നിന്നു വ്യതിചലിക്കലാണല്ലോ. ഇതിനു ശേഷം വ്യത്യസ്ത വൃത്തികളുടെ സ്വഭാവങ്ങളെ പറ്റി പറഞ്ഞ ശേഷം, പന്ത്രണ്ടാമത്തെ സൂത്രത്തിൽ പറയുന്നു

'അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധഃ'

(അവ അഭ്യാസത്താലും വൈരാഗ്യത്താലും നിരോധിക്കപ്പെടണം)

ഇതാണു യോഗമാർഗ്ഗത്തിന്റെ രീതി.

ദൃഗ് ദൃശ്യവിവേകം എന്ന ഈ ഗ്രന്ഥം വിവരിക്കുന്ന ജ്ഞാനമാർഗ്ഗം ഇതിൽ നിന്ന് വ്യ

ത്യസ്തമാണ്. ആ മാർഗ്ഗപ്രകാരം വൃത്തികളെ ബലാൽക്കാരേണ തടയേണ്ടതില്ല. അവയുടെ മിത്ഥ്യാത്വം മനസ്സിലാക്കിയാൽ അവ ഇല്ലാതാവുന്നതിനു സമ മാണെന്നാണ് ജ്ഞാനമാർഗ്ഗത്തിന്റെ യുക്തി. വൃത്തികൾ വന്നുകൊള്ളട്ടെ, കുറച്ചു നേരം നില നിന്നു കൊള്ളട്ടെ. പതഞ്ജലി മഹർഷി ഭയപ്പെടുന്നതു പോലെ വൃത്തികളോടു സാരൂപ്യം കൊള്ളാതിരുന്നാൽ മതിയല്ലോ. വൃത്തികൾ വെറും ജഡങ്ങളായ മാനസിക രൂപങ്ങളാണെന്നും, നാം കൊടുക്കുന്ന മൂല്യങ്ങൾ മാത്രമേ അവയ്ക്കുള്ളൂ എന്നു മനസ്സിലാക്കിയാൽ അതീവപ്രയത്നം ചെയ്തു അവയെ തടയേണ്ടതില്ല എന്നാണ് വേദാന്തപക്ഷം. മാത്രമല്ല വൃത്തികളിൽ ഈശ്വരസാന്നിദ്ധ്യം കാണാനും സാധിക്കും.

സ്ഥൂലമായ ഒരു ദൃഷ്ടാന്തം പറയട്ടെ. മഹാജ്ഞാനിയായ വിദ്യാരണ്യമുനി പോലും ഒരിടത്തു പറയുന്നുണ്ട്, പുത്രൻ ദുഃഖകാരണമാണെന്ന്. ഭാര്യ ഗർഭം ധരിച്ചാൽ അതലസിപ്പോകുമോ എന്നുള്ള ഭയത്തിൽ നിന്നാരംഭിച്ച്, പുത്രൻ വളർന്നു വലുതായി വിവാഹം കഴിച്ചാൽ പോലും അവനെ കുറിച്ചുള്ള ആധി ഒരു പിതാവിന് അവസാനിക്കുന്നില്ല. അത്തരം ദുഃഖത്തിൽ നിന്നുള്ള രക്ഷക്ക് ഗൃഹസ്ഥാശ്രമം എന്ന ആശ്രമം തന്നെ സ്വീകരിക്കാതിരിക്കുന്നത് ഒരു മാർഗ്ഗം തന്നെ. പക്ഷേ അതു മാത്രമാണോ മാർഗ്ഗം? സന്താനങ്ങളോടു നിരർത്ഥകമായ ആസക്തി വെക്കാതെ, അവർ ഈശ്വരന്റെ വരദാനങ്ങളാണെന്നു കരുതി, അവരോടുള്ള കർത്തവ്യം അർപ്പണബുദ്ധിയോടെ ചെയ്ത് അവരെ അവരുടെ പ്രാരബ്ധത്തിനും പുരുഷാർത്ഥത്തിനും വിട്ടു കൊടുത്താൽ സന്താനങ്ങൾ ദുഃഖകാരണമാവുമോ? ഇല്ല. ഒരു തരത്തിൽ അവർ ദുഃഖമോചനത്തിനു കാരണമാക പോലുമാവാം അല്ലെങ്കിൽ മറ്റൊരു ദൃഷ്ടാന്തം നോക്കാം. രാത്രി ഉറക്കത്തിൽ ഞാൻ ജോലി നഷ്ടപ്പെട്ട് വഴിയാധാരമായി എന്നൊരു സ്വപ്നം കണ്ടുണർന്നെന്നിരിക്കട്ടെ. ആ സ്വപ്നം വീണ്ടും കാണുമോയെന്നു ഭയപ്പെട്ട് പിന്നീട് ഉറങ്ങാതിരിക്കുന്നത് മൗഢ്യമല്ലേ ?

എന്തായാലും , ജ്ഞാനമാർഗ്ഗത്തിൽ ചിന്തകളെ ബലമായി പ്രതിരോധിക്കുന്നില്ല.

ഭഗവാൻ പറയുന്നു, ജ്ഞാനി ,

'ഗുണാ ഗുണേഷു വർത്തന്തേ ഇതി മത്വാ ന സജ്ജതേ'

തന്നിൽ നിന്ന് വ്യതിരിക്തമായ സത്വാദി മൂന്നു ഗുണങ്ങൾ പരസ്പരം ഇടപഴകുന്നതാണ് വൃത്തികൾ എന്നു കരുതി ജ്ഞാനി അവയുമായി താദാത്മ്യം പ്രാപിക്കുന്നതേയില്ല. വൃത്തികളല്ല, വൃത്തികളിലുള്ള സത്യബുദ്ധിയാണ് അപകടകാരിയായിട്ടുള്ളത് നമുക്ക്, അന്തഃകരണവൃത്തികളെ ഒന്നു പരിശോധിച്ചു നോക്കാം. നമ്മുടെ ധാരണ, വൃത്തികൾ സ്വയം പ്രകാശിക്കുന്നവയാണെന്നാണ്. മനസ്സിൽ ഗ്രന്ഥം എന്ന ഒരു വൃത്തി ഉളവായെന്നിരിക്കട്ടെ. ഉടനെ നാമതിനെ കുറിച്ചു ബോധവാന്മാരാകുന്നു. ഗ്രന്ഥമെന്ന ആ വൃത്തി തന്നെത്താനെ പ്രകാശിച്ചു എന്നാണ് നമ്മുടെ ധാരണ. എന്നാൽ അങ്ങനെയല്ല. കാരണം, ഗ്രന്ഥം എന്ന വൃത്തി ഇല്ലാതായെന്നിരിക്കട്ടെ. ആ അസാന്നിദ്ധ്യവും തുല്യമായ അളവിൽ പ്രകാശിക്കപ്പെടുന്നുണ്ട്. അതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്, മനസ്സിൽ ചൈതന്യത്തിന്റെ സാന്നിദ്ധ്യമുണ്ട്. ആ ചൈതന്യത്തിലാണ്, വൃത്തികളുടെ 'ഉണ്ട്' എന്ന അവസ്ഥയും 'ഇല്ല' എന്ന അവസ്ഥയും പ്രകാശിക്കുന്നത്.

മേശപ്പുറത്ത് ഞാനൊരു പുസ്തകം കണ്ടെന്നിരിക്കട്ടെ. ആ കാണൽ, പുസ്തകത്തിന്റെ അസ്തിത്വത്തെ പ്രകാശിപ്പിക്കുന്നതിലുപരിയായി, മറ്റു ചില വസ്തുതകൾ കൂടി പ്രകാശിപ്പിക്കുന്നുണ്ട്. എന്റെ നേത്രേന്ദ്രിയം കാര്യക്ഷമമാണെന്നും, എന്നിൽ ചൈതന്യമുണ്ടെന്നുമാണ് ആ വസ്തുതകൾ. പുസ്തകമുണ്ടെന്നെതിനേക്കാൾ, ഉറപ്പായ സംഗതികളാണവ. പുസ്തകത്തിന്റെ കാര്യത്തിൽ നൂറു ശതമാനം ഉറപ്പൊന്നുമില്ല. ഞാൻ പുസ്തകമെന്നു കരുതിയത് ചെറിയൊരു പ്ലാസ്റ്റിക് ബാഗാവാം. ചിലപ്പോൾ വെളിച്ചത്തി

ന്റെ വെറും വികൃതി പോലുമാവാം. എന്നാൽ ഞാൻ കണ്ടു എന്നത്, ഞാൻ ജാഗ്രദവസ്ഥയിലാണെന്നും എന്റെ മനസ്സിൽ ചൈതന്യത്തിന്റെ സ്ഫുരണമുണ്ടെന്നും നിസ്സംശയം തെളിയിക്കുന്നു

ഐതരേയോപനിഷത്തിൽ, 'പ്രജ്ഞാനം ബ്രഹ്മഃ'എന്നുള്ള മഹാവാക്യപ്രസ്താവന നടത്തുന്ന അവസരത്തിൽ, അന്തഃകരണത്തിൽ ബോധമായി അറിയപ്പെടുന്ന സംജ്ഞാനം, അജ്ഞാനം, വിജ്ഞാനം, മേധാ, ദൃഷ്ടി, മതി, മനീഷാ, സ്മൃതി, സങ്കല്പം, കാമം, വശം എന്നിങ്ങനെയുള്ള എല്ലാ മനോവ്യാപാരങ്ങളും വെറും പ്രതീതിമാത്രങ്ങളും അവയെല്ലാം പ്രജ്ഞാനം എന്ന സത്യത്തിൽ അധിഷ്ഠിതമാണെന്നു പറയുന്നുണ്ട്. ഉപനിഷത്തിനേക്കാൾ വലിയ പ്രമാണമില്ലല്ലോ. പ്രജ്ഞാനം അല്ലെങ്കിൽ നിർവിഷയ ചൈതന്യം മാത്രമാണ് സത്യം

നാമിപ്പോൾ നിരൂപിക്കുന്ന ശ്ലോകത്തിൽ പറയുന്നത് ആഗ്രഹങ്ങൾ മുതലായ എന്തു വൃത്തി മനസ്സിൽ പൊന്തിയാലും, ആ വൃത്തിയുടെ രൂപത്തെ തള്ളി, ഏതു ചൈതന്യത്തിലാണോ ആ വൃത്തി ജ്ഞാതമാകുന്നത്, ആ ചൈതന്യത്തെ ധ്യാനിക്കാനാണ്. വളരെ വിലപ്പെട്ട ഉപദേശമാണത്. കാരണം, സാധാരണഗതിയിൽ ഒരു വൃത്തി പ്രകാശിച്ചാൽ ആ വൃത്തിയുടെ ഉള്ളടക്കമാണ് നാം ശ്രദ്ധിക്കുക. ആ വൃത്തി അറിവായതു ചൈതന്യത്തിന്റെ കഴിവിനാലാണെന്നു പോലും നാം ശ്രദ്ധിക്കുന്നതേയില്ല. ആചാര്യൻ ആ നിസ്സാരസംഗതിയാണ് ഉപദേശിക്കുന്നത്. പ്രാണായാമമോ, പ്രത്യാഹാരമോ ഒന്നും ചെയ്യേണ്ടതില്ല. പ്രത്യേകതരത്തിൽ ഇരിക്കുകയോ, നിൽക്കുകയോ ഒന്നും വേണ്ട. ഒരു ചിന്ത പൊന്തി വന്നാൽ, ആ ചിന്ത എങ്ങനെയാണ് തനിക്ക് വേദ്യമായത് എന്നന്വേഷിക്കുക. അപ്പോൾ അത് ചൈതന്യം, ബോധം എന്നൊക്കെ വിളിക്കുന്ന ദ്രവ്യ (മാറ്റർ) മേയല്ലാത്ത സ്ഫൂർത്തിയിലാണെന്നു മനസ്സിലാവും. വൃത്തിയെ അവഗണിച്ചു കൊണ്ട് ആ ചൈതന്യത്തിൽ മനസ്സുറപ്പിക്കുക. അത് നിരന്തരം ചെയ്യലാണ് ദൃശ്യാനുവിദ്ധ സവികല്പ സമാധി.

വീണ്ടും വീണ്ടും ആചാര്യൻ ആദ്യത്തെ സർവ്വപ്രധാനമായ ശ്ലോകത്തിൽ പറഞ്ഞ തത്ത്വം തന്നെയാണ് ആവർത്തിക്കുന്നത്. സാക്ഷിയായ ഞാൻ ചിന്താരൂപത്തിലുള്ള ദൃശ്യമല്ല. ഒരിക്കലും ചിന്തക്കു വിഷയമാകാത്ത ചൈതന്യമാണു ഞാൻ ആഗ്രഹങ്ങളായാലും സ്പർധയായാലും, ദേഷ്യമായാലും, ചങ്ങാത്തമായാലും എല്ലാം ചിന്തകളുടെ രൂപത്തിലാണ്. ഞാൻ ചിന്തയേയല്ല. ഞാനെന്നാൽ ഒരു ചിന്തയാണെന്നു ധരിച്ചതും, ആ ചിന്തയെ സന്തോഷകരമായൊരു ചിന്തയാക്കാൻ ശ്രമിച്ചതുമാണ് ഞാൻ ചെയ്ത മഹാ മൂഢത്വം. അതിന്റെ പരിണിത ഫലമാണു ഞാനിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനു ചെയ്യേണ്ടത് ജഡമായ ചിന്തയെ, അറിയപ്പെടുന്നതാക്കുന്ന ചൈതന്യത്തെ ധ്യാനിക്കുക 'രാഗദ്വേഷങ്ങളുടേയോ ലോഭമോഹങ്ങളുടേയൊ രൂപങ്ങളിലുള്ള ചിന്തകളുമായി എനിക്കൊരു ബന്ധവുമില്ല. ആ ചിന്തകളെ പ്രകാശിപ്പിക്കുന്ന ചൈതന്യമാണു ഞാൻ.

ആചാര്യസ്വാമികൾ നിർവ്വാണാഷ്ടകം രചിച്ചിട്ടുള്ളത് ഈ ധ്യാനത്തിനു വേണ്ടിയാണ്.

*****

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 ഒക്ടോബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | കെ.വി.തമ്പി , 8 എ , കോപ്പെർഹിൽസ് അപ്പാർമെന്റ് , കാക്കനാട് , കൊച്ചി | 10000 |
| 2 | രമേശ് കുമാർ ബി , കളത്തിപ്പറമ്പിൽ ഹൗസ് , ലായം റോഡ് | 5000 |
| 3 | രാജ് മോഹൻ | 5000 |

# എന്റെ അമ്മയുടെ കഥ, എന്റെയും

പ്രീത ജയകുമാർ - 8319638274

(തുടർച്ച....)

സഹയാത്രികരുമായി സ്ഥലം പങ്കിട്ട് ഇരിപ്പിടമുറപ്പിക്കുമ്പോഴേക്കും സന്ധ്യമയങ്ങിത്തുടങ്ങും. പയ്യെപ്പയ്യെ പുറം കാഴ്ചകൾ മങ്ങി മങ്ങി ഇരുട്ടിന്റെ ആവരണത്താൽ മുടിയിട്ടുണ്ടാവും. വരുമ്പോൾ കാണാറുള്ള അതെ ടി.ടി.ഇ ചിലപ്പോഴെക്കെ മടക്കയാത്രയിലും കാണും. അതൊരു സമാധാനവുമാണ്. അപ്പോഴേക്കും പതുക്കെ സഹയാത്രികരുമായി പരസ്പരം സൗഹൃദം സ്ഥാപിക്കാനുള്ള ഒരുക്കത്തിലായിരിക്കും യാത്രക്കാർ.

ഓരോ യാത്രയും ഒർത്ഥത്തിൽ ജീവിതയാത്രയുടെ പ്രതിച്ഛായയല്ലേ? ജീവിതമാകുന്ന സാഗരത്തിൽ ഒഴുകി ചേരുന്ന കൊച്ചരുവികളെപ്പോലെ. ഒരു രാത്രി മാത്രമാണുള്ളതെങ്കിലും എത്ര അപരിചിതരെയാണ് നാം കണ്ടുമുട്ടുന്നത്! രാത്രി തീരുമ്പോൾ ഓരോരുത്തരും എത്തിച്ചേരേണ്ട സ്ഥലത്തിറങ്ങി വീണ്ടും അദൃശ്യതയിൽ മറയും. എങ്കിലും പരിചിതത്വത്തിന്റെ ആ ഹ്രസ്വവേളയിലും ഒരു യുഗത്തിന്റെ പരിചയവുമായി നാം അവരോടിടപെടും. ഒന്നിച്ചുള്ള സമയം കഴിഞ്ഞു എല്ലാവരും വേർപിരിഞ്ഞാൽ ആരെന്നോ എന്തെന്നോ പിന്നീട് ആരും തിരക്കാറില്ല. വിചിത്രമീ ജീവിതം!.

രാത്രി ഭക്ഷണം കഴിഞ്ഞു, ഉറങ്ങാൻ കിടന്ന്, രാവിലെ, ഉറങ്ങി എണീക്കുമ്പോഴേക്കും വണ്ടി പാലക്കാടെത്തിയിട്ടുണ്ടാവും.ആ സ്റ്റേഷനിലെ വെള്ളയപ്പവും കറിയും എന്റെ പ്രിയപ്പെട്ടവയാണെന്നറിയുന്ന അമ്മ എനിക്കെന്തായാലും അത് വാങ്ങിച്ചുതരും.

വേനലവധി കഴിഞ്ഞുള്ള മടക്കയാത്രയിൽ വണ്ടി ഷൊർണൂർ അടുക്കാറാവുമ്പോഴേക്കും ആകാശം മഴക്കാലമേഘാവൃതമായിരിക്കും. ഇടക്കിടെ ചന്നംപിന്നം പെയ്യുന്ന ചാറ്റൽ മഴ നോക്കി അമ്മയുടെ ആത്മഗതം-'ഇവിടെയൊക്കെ മഴതുടങ്ങി.'

നനുത്ത വെള്ളത്തുള്ളികൾ അന്തരീക്ഷത്തിലാകെ പടർന്ന് മൂടൽമഞ്ഞിന്റെ പ്രതീതി ജനിപ്പിക്കും.

വണ്ടിയിറങ്ങി ടാക്സിയിൽ വീട്ടിലേക്കുള്ള യാത്രാമധ്യേ അടുത്ത അധ്യയന വർഷത്തിലേക്കുള്ള എന്റെ പഠന സാമഗ്രിഗികൾ വാങ്ങാൻ അമ്മ മറക്കാറില്ല. പുത്തൻ പാഠപുസ്തകത്തിന്റെ മത്തുപിടിപ്പിക്കുന്ന വാസന വീണ്ടും വീണ്ടും ആസ്വദിച്ചുകൊണ്ടു ഞാൻ അവയെ നെഞ്ചോട് ചേർത്ത് വെക്കും.പുസ്തകം പൊതിയാനുള്ള ബ്രൗൺപേപ്പറും പേരെഴുതാനുള്ള നെയിംസ്ലിപ്പും വരെ ഉണ്ടാകും അതിൽ.

ഒടുവിൽ സ്പോഞ്ചു കൊണ്ടുണ്ടാക്കിയ പിങ്കുനിറത്തിലുള്ള റോസാപ്പൂവും പച്ചയിലയുമുള്ള സ്ലൈഡും കൂടി അമ്മ എനിക്ക് വാങ്ങിത്തരും. അച്ഛന്റെ അടുത്തുനിന്നും പോന്ന സങ്കടം മാറ്റാനുള്ള ഉപാധിയായിരുന്നു ആ സ്പോഞ്ചിന്റെ റോസാപ്പൂ.

നല്ല കൈപ്പട വശമാക്കാനുള്ള കോപ്പിയെഴുത്തിന്റെ പുസ്തകം സ്കൂളിലേക്ക് എന്നും കൊണ്ടുപോകാനുള്ളതാണ്. അതൊരു മടുപ്പിക്കുന്ന അഭ്യാസമായിരുന്നു എന്നാലും അമ്മ കൃത്യമായിത്തന്നെ ദിവസവും ആ കർമ്മം ചെയ്യിപ്പിച്ചു പോന്നു.

അമ്മ സ്കൂളിൽ പോകുന്ന സമയം സാരി ഉടുക്കുന്നത് നോക്കി ഞാൻ ചെറുപ്പത്തിൽത്തന്നെ സാരി ഉടുക്കാൻ പഠിച്ചിരുന്നു. ചില അവധി ദിവസങ്ങളിൽ അമ്മ അഴിച്ചിട്ടുപോയ വസ്ത്രങ്ങൾ കെട്ടിപ്പിടിച്ചിരുന്ന് അമ്മയുടെ സാന്നിധ്യം

അറിയിക്കുന്ന മണം ഞാൻ നുകർന്നുകൊണ്ടിരിക്കുമായിരുന്നു.

അമ്മ സ്കൂളിൽ പോകുമ്പോഴൊക്കെ അമ്മമ്മയോടൊപ്പം വല്യമ്മമാരാണ് എന്നെ ശ്രദ്ധിച്ചിരുന്നത്. അതിൽ എന്റെ 'ഏട്ടമ്മ' എന്നുവിളിക്കുന്ന ചെറിയ വല്യമ്മയ്ക്കായിരുന്നു എന്നോട് ഏറെ വാത്സല്യം. അവരുടെ മകൾ, എന്റെ ചേച്ചിയും ഞാനും ബാല്യം ഒന്നിച്ചു ജീവിച്ചു എന്നുവേണം പറയാൻ. എന്തിനും ഞങ്ങൾ ഒന്നിച്ചായിരുന്നു. വലുതാകുമ്പോൾ ജീവിത സാഹചര്യങ്ങൾ നമ്മെ എങ്ങനെ സ്വാധീനിക്കുന്നു എന്നോർക്കുമ്പോൾ കുട്ടിക്കാലം ജീവിതത്തിലെ സ്വർഗ്ഗമാണന്നു ബോധ്യപ്പെടും.

എന്റെ പല്ലുകൾ നിരയൊത്തതായി വളരാൻ പാൽപ്പല്ലുകൾ കൃത്യ സമയത്തുതന്നെ പറിച്ച്, പുത്തൻ പല്ലുകൾക്ക് വളരാനായി സ്ഥലം ഒരുക്കാൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നല്ല ഉറപ്പുള്ള പാൽപ്പല്ലുകൾ ഒട്ടുമിക്കതും അമ്മ തന്നെ പറിച്ചിരുന്നു. എന്നാൽ ബലമേറിയ ചിലതെല്ലാം പറിക്കാൻ പ്രയാസമായിരുന്നു അമ്മയ്ക്ക്. അവയെയും അമ്മ വെറുതെ വിട്ടില്ല.

അന്നൊന്നും പല്ലു പറിക്കാൻ ഡെന്റിസ്റ്റിന്റെയടുക്കലേക്കു ആരും ഓടുമായിരുന്നില്ല പല്ലുകളെ കമ്പിയിട്ടൊതുക്കുന്നതു രണ്ടാം തരമായി കണ്ടിരുന്ന കാലം.

അമ്മമാരും അമ്മമ്മമാരും കുട്ടികളുടെ പല്ലിനെ വേണ്ടവിധം ശ്രദ്ധിച്ചിരുന്നു. അങ്ങനെ ചില പല്ലുകൾ പറിക്കാൻ അമ്മ എന്നെയും കൊണ്ടുപോയി, എന്റെ വലിയമ്മമ്മയുടെ അടുത്തേക്ക്. വല്യമ്മമ്മ അമ്മയുടെ വലിയമ്മയായിരുന്നു. എല്ലാ അർത്ഥത്തിലും സുന്ദരിയായ അമ്മമ്മ. കുട്ടികളുടെ പല്ലുപറിക്കാൻ അവർക്ക് പ്രത്യേക കഴിവായിരുന്നു. പല്ലുപറിക്കുമ്പോഴത്തെ വേദനയോർത്ത് പോകാനെനിക്ക് തീരെ ഇഷ്ടമായിരുന്നില്ല. പക്ഷെ അമ്മയുണ്ടോ വിടുന്നു!

സമയം തെറ്റാതെ പറിച്ചുമാറ്റിയ പല്ലുകളുടെ സ്ഥാനത്ത് നിരയൊത്ത പല്ലുകൾ പിന്നീട് വന്നു, ഭംഗിയുള്ള പല്ലുകൾക്ക് ഉടമയായതിന്റെ ഒരേയൊരു കാരണം എന്റെ അമ്മതന്നെ നല്ല പല്ലുകളുടെ ഭംഗി മറ്റുള്ളവർ പ്രശംസിക്കുമ്പോഴൊക്കെ എന്റെ അമ്മയുടെ നിശ്ചയദാർഢ്യത്തിനുമുമ്പിൽ ഞാൻ കടപ്പാടോടെ തല കുനിക്കുന്നു

'പല്ലു നന്നായാൽ പകുതി നന്നായി' എന്ന് പറഞ്ഞു തന്നിരുന്ന അമ്മയുടെയും ഭംഗിയേറിയ ദന്തനിരകളായിരുന്നു.

അമ്മയെ വിട്ടു ബോർഡിങ്ങിൽ പോയതോടെയാണ് എനിക്ക് അമ്മയുടെ സാമീപ്യം നഷ്ടമായത്. അന്നുമുതൽ ഇന്നുവരെ അമ്മയിൽ നിന്ന് ദുരെ താമസിക്കേണ്ടിവന്നു. എങ്കിലും മനസ്സിൽ ആ രൂപം ചിരപ്രതിഷ്ഠിതമായിരുന്നു.

അമ്മയിൽ നിന്ന് ദുരെ ആയിരുന്നെങ്കിലും ചെറിയമ്മയുടെ സംരക്ഷണത്തിലായിരുന്നു പ്രീഡിഗ്രി വരെയുള്ള കാലം. ചെറിയമ്മ, അമ്മയേക്കാൾ കുറെ ഇളയതായിരുന്നു. ഒരു പക്ഷെ ഒരു മകളെ എന്ന പോലെ അമ്മ ചെറിയമ്മയെ കരുതി. പലപ്പോഴും എന്നെ അറിയാതെ ചെറിയമ്മയുടെ പേരാണ് വിളിച്ചിരുന്നത്. അമ്മ പറയാറുണ്ടായിരുന്നു എനിക്ക് നീയും അമ്മുവും ഒരുപോലെ തോന്നും എന്ന്.

എന്നെ അധികദിവസം കാണാതിരിക്കാൻ അമ്മക്ക് ആവുമായിരുന്നില്ല. ബോർഡിങ്ങിൽ ആയിരുന്നപ്പോഴും ഇടയ്ക്കൊക്കെ വന്നു കണ്ടില്ലെങ്കിൽ അമ്മയ്ക്ക് ശ്വാസം മുട്ടും. ബോർഡിങ് സ്കൂളിൽ ശനിയാഴ്ച ഉച്ചതിരിഞ്ഞാണ് മിക്കവാറും അമ്മ കാണാനായി വരുന്നത്. എന്റെ പാട്ടു ക്ലാസ് നടക്കുന്ന സമയമായിരിക്കും അത്. സ്കൂൾ കോമ്പൗണ്ടിലേക്കു കയറുമ്പോൾ തന്നെ പാട്ടു കേൾക്കാൻ പറ്റും വിധം മുൻവശത്തുള്ള ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു പാട്ട് ക്ലാസ് നടത്തിയിരുന്നത്. അങ്ങനെ കേട്ട 'പുലയനാർ മണിയമ്മ' എന്ന പാട്ട് കേൾക്കുമ്പോഴൊക്കെ അമ്മ സങ്കടം കൊണ്ട് വീർപ്പുമുട്ടി. ആ പാട്ട് എന്നും അമ്മക്ക് വേദനയോടുള്ള ഓരോർമ്മയായിരുന്നു; എന്നെ വേർപെട്ടു നിന്നതിന്റെ വേദന.

പുറം നാടുകളിൽ ഞാൻ പഠിക്കാൻ പോയ

പ്പോഴും നീണ്ട ഇടവേളകൾക്കു കാത്തു നിൽക്കാതെ അമ്മ എന്തായാലും കാണാൻ വരും. ഒറ്റക്കുട്ടി ആയതുകൊണ്ടാവാം ഒരു വല്ലാത്ത പൊസ്സസീവ്നെസ്സ് അമ്മയ്ക്ക് എന്റെ കാര്യത്തിൽ ഉണ്ടായിരുന്നു.

പഠിത്തം കഴിഞ്ഞു ജോലിയായപ്പോഴും അപരിചിതമായ ആ സ്ഥലത്തു എന്നെ തനിച്ചാക്കാൻ അമ്മയുടെ മനസ്സനുവദിച്ചില്ല. തുടർന്നും പഠിക്കാനാണ് അമ്മ പ്രേരിപ്പിച്ചത്. അച്ഛനും ഞാനും എടുത്ത തീരുമാനമായിരുന്നു, ജോലി ഉപേക്ഷിക്കേണ്ട എന്നത്. പഠിക്കാൻ മിടുക്കരായ കുട്ടികൾ എന്നും അമ്മയുടെ പ്രിയപ്പെട്ടവരായിരുന്നു. എന്ത് ത്യാഗം ചെയ്തും അങ്ങേയറ്റം പഠിക്കാൻ അമ്മ എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു.

ഒരധ്യാപികയായി ജോലി നേടിയപ്പോഴും അമ്മ തന്നെയായിരുന്നു എന്റെ മാതൃകാവ്യക്തി. ആത്മാർത്ഥ സേവനം അനുഷ്ഠിച്ച് പ്രധാനാദ്ധ്യാപികയായി വിരമിച്ച അമ്മ കഴിവുറ്റ ഒരു വ്യക്തിത്വമായിരുന്നു. കല, സാഹിത്യം, അധ്യാപനം, കാര്യശേഷി എന്നിവയെല്ലാം തികഞ്ഞ ഒരു വ്യക്തിയായിരുന്നു അവർ. സാഹിത്യ രചനകളിൽ സ്ഥിരം സമ്മാനജേതാവായിരുന്നു അമ്മ.

ഡിഗ്രിക്ക് പഠിക്കുമ്പോൾ ടിച്ചർ ട്രെയിനിംഗിനായി കണ്ണൂരിലെ ഒരു പ്രശസ്ത സ്കൂളിൽ ചെന്ന സമയം ഒരു മാസത്തോളം സഹപാഠികളോടൊപ്പം അവിടെതാമസിച്ച് ട്രെയിനിങ് പൂർത്തിയാക്കേണ്ടിയിരുന്നു ഞങ്ങൾക്ക്. അറബിക്കടലിന്റെ തീരത്തെ ഒരു ഹോസ്റ്റലിലാണ് താമസസൗകര്യം ഒരുക്കിയിരുന്നത്. ഞങ്ങളുടെ പരിശീലനകാലത്തും എന്നെ കാണാനായി അമ്മ എത്തിയിരുന്നു. ഇടയ്ക്കു എന്നെ കണ്ടില്ലെങ്കിൽ ഒരു സമാധാനവുമില്ല അമ്മയ്ക്ക്. വിവാഹ ശേഷം അന്യനാട്ടിൽ താമസിക്കുമ്പോഴും പതിവായി ഞാൻ നാട്ടിലെത്തുമായിരുന്നു. അല്ലങ്കിൽ അച്ഛനും അമ്മയും ഞങ്ങളെ കാണാനെത്തും.

ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു അമ്മ സ്കൂളിലെ H.M ആയത്. കുട്ടികളുടെ കൂടെ ആടാനും പാടാനും ചാടാനും ഓടാനും എന്നുവേണ്ട, എല്ലാ രംഗത്തും അമ്മയും ഉണ്ടാകും. അത്രയൊന്നും പേരില്ലാത്ത ആ സ്കൂളിനെ ജില്ലാതലം വരെ മത്സരങ്ങളിൽ പങ്കെടുപ്പിച്ച് വിജയിപ്പിച്ചത് അമ്മയുടെ ഒത്തുതീർപ്പില്ലാത്ത സ്ഥിരോത്സാഹവും അധ്വാനവുമായിരുന്നു. അമ്മ പ്രധാനാദ്ധ്യാപിക ആയിരുന്ന സമയത്ത് അടുക്കും ചിട്ടയും വ്യവസ്ഥയുമുള്ള ഒരു ഭരണമാണ് അവർ അവിടെ കാഴ്ചവെച്ചത്. ഏറ്റെടുക്കുന്ന ഏതു കാര്യവും ആത്മാർത്ഥയോടെ പര്യവസാനിപ്പിക്കുന്നതിൽ അമ്മ ശ്രദ്ധ പുലർത്തി.

സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന, പരിചയമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് തന്നാലാവുന്ന എല്ലാ സഹായങ്ങളും അവർ ചെയ്തു. കാലങ്ങൾക്കിപ്പുറവും നന്ദിയോടെ അവരെ മനസാസ്മരിക്കുന്ന കുട്ടികൾ ഇന്നും അനവധിയുണ്ട്.

ജോലിയിൽ നിന്നും വിരമിച്ചതോടെ ഇത്രയും അനുഭവസമ്പത്തും വിജ്ഞാനവുമുള്ള അമ്മയുടെ സേവനം വേണ്ടും വിധം പ്രയോഗിപ്പിക്കപ്പെടാതെ പോയല്ലോ എന്ന് ദുഖത്തോടെ ഞാൻ ഓർക്കാറുണ്ട് കുറച്ചൊക്കെ എഴുത്തും വായനയും ഉണ്ടായിരുന്നെങ്കിലും വെറുതെയിരുന്ന് വിരസത കൈയേറിയപ്പോഴാണ് പ്രമേഹം പോലുള്ള മാറാവ്യാധികൾ അവരുടെ ദേഹത്തിൽ ഓടിക്കയറിയത്.

ഭാഗവതം, നാരായണീയം, രാമായണം, എന്നുവേണ്ട എല്ലാ പുരാണങ്ങളും പല ആവൃത്തി വായിച്ച്, വ്യാഖ്യാനിച്ച് അച്ഛനും അമ്മയും തങ്ങളുടെ ആത്മീയതലം ഉറപ്പുള്ളതാക്കിയിരുന്നു. അമ്മ ചൊല്ലുന്ന വ്യാഖ്യാനങ്ങൾ അതേപടി പകർത്തുന്ന അച്ഛന് അത് തന്റെ ആധ്യാത്മികതയിലേക്കുള്ള പാതയായിരുന്നു.

എവിടെപ്പോയാലും അമ്മ അവിടെനിന്നൊക്കെ ഭാഗവതത്തിന്റെ എല്ലാ പതിപ്പുകളും (പല പണ്ഡിതശ്രേഷ്ഠന്മാരുടെ വ്യാഖ്യാനത്തിലുള്ളവ) തന്റെ പുസ്തക ശേഖരത്തിൽ വാങ്ങിച്ചു വെക്കു

മായിരുന്നു. പുസ്തകവായന ഒരു ത്വരയായിരുന്ന അമ്മ ഒട്ടുമിക്ക മഹദ്ഗ്രന്ഥങ്ങളും വാങ്ങി വായിച്ച് തന്റെ ശേഖരത്തിൽ സൂക്ഷിച്ചു. പുസ്തകങ്ങൾ വായിക്കാൻ എനിക്ക് പ്രചോദനമായതും അമ്മതന്നെയായിരുന്നു

ആരോഗ്യം നശിച്ച്, ശരീരം ക്ഷീണിച്ചപ്പോഴും ആ മനസ്സ് ഒരിക്കലും തളർന്നില്ല. ഒരു നുറുങ്ങു വെട്ടം മതി, അമ്മയ്ക്ക് തന്റെ ചുറ്റും പ്രകാശമാനമാക്കാൻ. ഒരിറ്റു സന്തോഷം മതി, ഒരു ദിവസം മുഴുവൻ ആഹ്ലാദിക്കുവാൻ. അതായിരുന്നു അവരുടെ മനസ്സ്

തന്റെ വീടിനെയും നാടിനെയും ഒരുപോലെ അവർ സ്നേഹിച്ചു. തെറ്റാര് ചെയ്താലും മുഖം നോക്കാതെ അവർ വിമർശിച്ചു. പക്ഷഭേദം കാട്ടാതെ കുട്ടികളെ പഠിപ്പിച്ചു കുട്ടിയാരുടെയായിരുന്നാലും ശിക്ഷിക്കേണ്ടിടത്തു ശിക്ഷിച്ചു ...

ചിന്തകൾ ദയാദാക്ഷിണ്യമില്ലാതെ, വന്യമായി എന്നെ വേട്ടയാടി. ഡോക്ടറുടെ വിളി എന്നെ ഓർമ്മകളിൽനിന്ന് പെട്ടെന്നുണർത്തി. സ്ഥലകാലബോധം വീണ്ടെടുത്ത് അനിഷ്ടമായ വാർത്തയ്ക്കായി ഞാൻ ഡോക്ടറുടെ അടുത്തേക്ക് ചെന്നു.

'അകത്തേക്ക് വന്നു വെള്ളം കൊടുത്തോളു, ബന്ധുക്കളാരെങ്കിലുമുണ്ടെങ്കിൽ അവരും കൊടുത്തോട്ടെ,'ഇത്രയും പറഞ്ഞു ഡോക്ടർ എന്നെ ICU വിന്റെ ഉള്ളിലേക്കുകയറ്റി.

ചലനമറ്റ ആ ദേഹത്തിനരികെ നിന്ന് നേഴ്സ് തന്ന വെള്ളം വായിൽ ഒറ്റിച്ച് കൊടുത്തു. പിന്നെയും ആരൊക്കയോ അതാവർത്തിച്ചു പ്രതികരണമില്ലാതെ അതവർ സ്വീകരിച്ചു.

അമ്മയുടെ ഭൗതികശരീരം ഏറ്റുവാങ്ങാനുള്ള കടലാസുകളെല്ലാം ഓരോന്നായി ഒപ്പിട്ടു കൊടുത്തു. ഈ ലോകത്തേക്ക് വരുമ്പോൾ ഈശ്വരൻ ഒരു ഔപചാരികതകളുമില്ലാതെ, പൂർണ്ണവിശ്വാസത്തോടെ അയക്കുന്നു. ഇവിടുന്നു മടങ്ങുമ്പോൾ മനുഷ്യന്റെ ഉപചാരങ്ങളെത്രയെറെ!

എന്റെ അമ്മ ഒരു നീണ്ട ഉറക്കത്തിലാണന്ന് മാത്രം ഞാൻ വിശ്വസിച്ചു. അങ്ങനെ വിശ്വസിക്കാനാണ് ഞാൻ ആഗ്രഹിച്ചത്.

എന്റെ അമ്മ എവിടെയും പോയിട്ടില്ല. അവർ എന്റെ ആത്മാവിന്റെ ഭാഗമാണ്. എന്റെ ഓരോ ശ്വാസത്തിലും ഞാൻ അവരെ അറിയുന്നു

ഞാൻ ഉള്ളിടത്തോളം അവർ എന്റെ കൂടെയുണ്ട്. ആത്മാവിനു മരണമില്ലല്ലോ.

---

**മിനിക്കഥ**

# 'ഏതറ്റംവരെയും'

ഉണ്ണി വാരിയത്ത് - 9867179480

എന്തെങ്കിലുമൊന്ന് നേടണമെന്ന് ആഗ്രഹിച്ചാൽ അതിനുവേണ്ടി ഏതറ്റംവരെ പോകാനുംഅവൻ മടിക്കില്ല.

അവൻ പ്രേമിച്ചവൾക്ക് അവനോട് തീരെ താല്പര്യമില്ലായിരുന്നു. അവന് വാശികൂടി. അവളെ സ്വന്തമാക്കാൻ. അവളുടെ രക്ഷിതാക്കളെ അവൻ പണംകൊണ്ട് പ്രലോഭിപ്പിച്ചു. അവർ അവളുടെ സമ്മതം കൂടാതെ വിവാഹം നിശ്ചയിക്കുകയും ചെയ്യുക.

ഒരു കാര്യം നടക്കാൻ ഏതറ്റംവരെയും പോകുന്നവനെ ഒരു കാര്യം നടക്കാതിരിക്കാനും ഏതറ്റംവരെയും പോകാമെന്ന് അവൾ പഠിപ്പിക്കാൻ തീരുമാനിച്ചു, ആത്മഹത്യയിലൂടെ.

അരുതായിരുന്നു. പക്ഷേ.....

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

ഓം

**1200 വൃശ്ചികമാസ ഫലം**

Ernakulam Karayogam 0484 - 2361160,
8848036518, 9645683491

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു



(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) ഭാഗ്യാനുഭവങ്ങളിലൂടെ ധനലാഭം ഉണ്ടാകും. വിവാഹ വിഷയത്തിൽ അനുകൂല ഫലങ്ങൾ പ്രതീക്ഷിക്കാം വിദ്യാർത്ഥികൾക്ക് ഭാഗ്യത്തിന്റെ ആനുകൂല്യം പ്രതീക്ഷിക്കാം. ഡിസംബർ 1, 2 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ദേവീ പ്രീതികരങ്ങളായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.



( ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) വിദേശത്ത് പോകാൻ ശ്രമിക്കുന്നവർക്കും.നിലവിലെ സാഹചര്യങ്ങളിൽ നിന്നും മാറി നിൽക്കണമെന്ന് ആഗ്രഹിക്കുന്നവർക്കും ആഗ്രഹ സാഫല്യം ഉണ്ടാകും. ഡിസംബർ 3, 4 തിയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ് ശിവ ക്ഷേത്ര ദർശ്ശനം നടത്തി ധാര പിൻവിളക്ക് കൂവളമാല സമർപ്പണവും നടത്തുക.



(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). പൊതുവെ സാമ്പത്തികമായി പ്രയാസം അനുഭവപ്പെടും. സഹോദരസ്ഥാനീയരുടെയും സഹായികളെന്ന് കരുതുന്നവരുടെയും ചില പ്രവർത്തികൾ നിരാശ സൃഷ്ടിക്കും. തൊഴിൽ രംഗത്ത് ഒരു മാന്ദ്യാവസ്ഥ അനുഭവപ്പെടാം. ഡിസംബർ 5, 6 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നത് തടസ്സങ്ങൾ നീങ്ങാൻ ഉപകാരപ്പെടും.



(കർക്കിടകക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) സ്വന്തമായി ആർജിക്കുന്ന ധന കാര്യത്തിൽ അഭിവൃദ്ധി ഉണ്ടാകുമെങ്കിലും പൂർവ്വിക സ്വത്തിന്റേയും സമ്പത്തിന്റേയും കാര്യത്തിൽ നിരാശ ഉണ്ടാകും സന്താനങ്ങളെ കുറിച്ചുള്ള അനാവശ്യ ആകുല മനസമർദ്ധത്തിന് ഇടയാക്കും.വാഹനം നിമിത്തം ശത്രുത വരാം. ഡിസംബർ 8, 9 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ഗണപതി ക്ഷേത്ര ദർശ്ശനം നടത്തുകയും യഥാശക്തി വഴിപാടുകൾ നടത്തുകയും വേണം.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) ആരോഗ്യരംഗത്ത് വിദ്യാഭ്യാസം നടത്തുന്നവർക്ക് ഉന്നത നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കും. കർമ്മരംഗത്ത് ഈശ്വരാനുകൂല്യം ഉണ്ടാകും. ശിരോ രോഗങ്ങളും ഉഷ്ണ സംബന്ധമായ പ്രശ്നങ്ങളും അലട്ടാം. ഡിസംബർ 9, 10തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.ശാസ്താ ക്ഷേത്രത്തിൽ ദർശ്ശനവും ശനിദോഷ നിവാരണ അർച്ചന നടത്തുക .



(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യപകുതി) വ്യവസായ ആവശ്യത്തിനായി വാഹനങ്ങൾ വാങ്ങുവാൻ ഉദേശിക്കുന്നവർക്ക് കാര്യസാധ്യം ഉണ്ടാകും. ദമ്പതികൾ തമ്മിൽ മത്സരം ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. സാമ്പത്തിക ഞെരുക്കം ഉണ്ടാവാം. .ഡിസംബർ 11, 12 ദിവസങ്ങൾ അനുകൂലമല്ല. ക്ഷേത്രത്തിൽ ഗണപതി പ്രീതികരവും. ശൈവ ശാങ്തേയ ക്ഷേത്ര ദർശ്ശനവും യഥാശക്തി വഴിപാടുകൾ നടത്തുന്നതും ദോഷാധിക്യം ഇല്ലാതാക്കും'



തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) ഭൂമി കൊടുക്കൽ വാങ്ങൽ കാര്യങ്ങളിൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകും കർമ്മരംഗത്ത് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. സാമ്പത്തികമായി ചെറിയ ആശ്വാസം ലഭിക്കും. നവംബർ 17, 18 ഡിസംബർ 14, 15 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. .വൈഷ്ണവ ക്ഷേത്ര ദർശ്ശനവും മന്ത്ര ജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വസം ലഭിക്കും. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് ആഗ്രഹസാഫല്യം ഉണ്ടാകും.അതാവശ്യ ചിന്തകൾ മനസിനെ അസ്വസ്ഥമാക്കും . നവംബർ 19, 20 തിയതികൾ അഷ്ടമരാശിക്കുർ നക്ഷത്രങ്ങളായതിനാൽ ശുഭകരമല്ല. നവഗ്രഹക്ഷേത്രത്തിൽ വ്യാഴാഴ്ച ദിവസങ്ങളിൽ ശനി ഗ്രഹ ദോഷ നിവാരണ അർച്ചനയും ശൈവ പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നതും നല്ലതാണ്.




(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) വാഹന ലാഭം ആഗ്രഹിക്കുന്ന ലൗഗീക സുഖങ്ങൾ ലഭിക്കും. മൽസരങ്ങളിൽ മികവ് പുലർത്താൻ കഴിയും. സന്താനങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചുള്ള ചിന്തയും ദാമ്പത്യ വിഷയത്തിലും കരമ്മ രംഗത്തും ഉണ്ടാകാവുന്ന അസ്വാരസ്യങ്ങൾ മാനസിക സമ്മർദ്ധം കൂട്ടും.. നവംബർ 21, 22 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവർക്ക് ഗുണഫലാനുഭവങ്ങൾ പ്രതീക്ഷിക്കാം. പൂർവ്വിക സ്വത്തിന്റെ കാര്യത്തിൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകും. നവംബർ 23, 24 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ഭദ്രകാളി പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും ദേവീ ക്ഷേത്ര ദർശ്ശനവും നെയ്യ് വിളക്ക് കത്തിക്കുകയും നാമജപം ചെയ്യുന്നത് നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) കർമ്മരംഗത്തെ പ്രതിസന്ധി ബുദ്ധിവൈഭവം കൊണ്ടും ഈശ്വരാനുഗ്രഹം കൊണ്ടും പരിഹരിക്കും. വാഹന വാങ്ങുവാൻ ശ്രമിക്കുന്നവർക്ക് പ്രതീക്ഷിക്കുന്ന സഹായം ലഭിക്കും. പഠന കാര്യത്തിൽ അലസത ഉണ്ടാവും.നവംബർ 25, 26 തിയതികൾ പ്രായേണ ഗുണം കുറയും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുന്നതും ദ്വാദശാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) വാഹനമേഖലയുമായി ബന്ധപ്പെട്ട തൊഴിലിനു ശ്രമിക്കുന്നവർക്ക് പുതിയ അവസരങ്ങൾ ലഭിക്കും ബിസിനസ്സ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് കുടുതൽ പണം ചിലവഴിക്കേണ്ടി വന്നേക്കാം. നവംബർ 27, 28 തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു ക്ഷേത്ര ദർശ്ശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും വിഷ്ണു പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയുക

*ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 41/162cm, Pooram, MBA, Business, Pref: Graduate / Diploma, P G, Professional. Mob:9567828143

Email:girijarevikumar@gmail.com
Date of Birth: 17-01-1983 (12 am)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| കു ല | | | | സ മാ ല | ര ശി |
| | ഗു കു | ഗ്രഹനില & അംശകം | | | |
| മ | ര | | | ച | |
| ശു സ | ബു ശി | ഗു | മ | | |
| | | ബു മ | ച ഗു | | |

Contact Address:
ANOOP. V.K.
Haripad,
Kerala 690514,

Nair Boy, 38Yrs/ 177cm,Chithira 1/2 (Kanni) ,BSE.IT, Owner of Travancore system,,Divorced,Mob: 9820446371, 9947819960

Email:rovan7986@gmail.com
Date of Birth:7-9-1986(12am)
Sishta Dasa:Jupiter:1-8-13

| | | | | | |
|---|---|---|---|---|---|
| | സ | | ഗു | | |
| | സ | | | | |
| | ഗു | ഗ്രഹനില & അംശകം | | | മാ |
| | മാ | | | ര ബു | ച |
| ല | കു | മ | ശു ല | ച ശി | ശി |
| | | ശു | ര മ ബു കു | | |

Contact Address:
MR.HARESH PILLAI
MALAD WEST
MUMBAI

## വരനെ ആവശ്യമുണ്ട്

Nair Girl, 30/165cm,Moolam, MTech, Symega (Synthite Industries )
Mob: 9995484601

Email: sunilchelat@gmail.com
Date of Birth: 11- 01- 1994 (12 am)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | | മാ | ല | | |
| ഗു ശി | | | ശി | | |
| | മ | ഗ്രഹനില & അംശകം | | | ച |
| ബു | ബു | | | മാ | |
| | ച ര കു ശു | സ | ഗു ല | | സ |
| | | ര മ ശു | കു | | |

Contact Address:
Sri. C. SUNIL
HARSHA - MAJLIS PARK ROAD
- BEHIND KRISHNA PETRO PUMP-
PERINGANUR - PERAMANGALAM

## ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ് പദ്ധതി

70 വയസ്സ് കഴിഞ്ഞ എല്ലാവർക്കും കേന്ദ്ര സർക്കാരിന്റെ പുതിയ ആയുഷ്മാൻ ഭാരത് ആരോഗ്യ പദ്ധതി പ്രകാരം കുടുംബവാർഷിക വരുമാനം പരിഗണിക്കാതെ അഞ്ചുലക്ഷം രൂപവരെയുള്ള പരിരക്ഷ ലഭിക്കുന്നതാണ്. ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ പേർ ഉണ്ടങ്കിലും ഓരോ പൗരനും 5 ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കും. ഇതിനായി ആരോഗ്യ ഇൻഷ്വറൻസ് എടുക്കണം.

### എങ്ങനെ അപേക്ഷ നൽകാം

**PM-JAY** സൈറ്റിൽ കയറി അല്ലെ (ally) ആപ്പ് വഴിയോ അല്ലെങ്കിൽ **CSC** സെന്റർ വഴിയോ പുതിയ കാർഡ് ലഭിക്കാൻ അപേക്ഷ നൽകണം. **E-KYC** യും നൽകണം.

1) ഗൂഗിൾ പ്ലേ സ്റ്റോറിൽ **ayushman app** ഡൗൺലോഡ് ചെയ്ത് നിങ്ങൾക്കും രജിസ്റ്റർ ചെയ്യാം.
2) അടുത്തുള്ള **CSC** വഴി അപേക്ഷ നൽകാം
3) **https://beneficiary.nha.gov.in** സൈറ്റിൽ കയറി രജിസ്റ്റർ ചെയ്യാം..

**70 വയസ്സ് കഴിഞ്ഞ എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തുക**

## എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ

# ജ്ഞാനപ്പാന പ്രഭാഷണ പരമ്പര

പ്രഭാഷകൻ- ശ്രീ. ശരത്. എ. ഹരിദാസൻ

2024 നവംബർ 18 മുതൽ 22 വരെ

എല്ലാ ദിവസവും 6.00 P.M മുതൽ 8.30 P.M വരെ



പൂന്താനം നമ്പൂതിരിയാൽ രചിക്കപ്പെട്ട ജ്ഞാനപ്പാന ചില പ്രധാന ആത്മീയ ആശയങ്ങൾ അടങ്ങിയിരിക്കുന്നതും എല്ലാ കാലഘട്ടത്തിലും പ്രാധാന്യമുള്ളതുമാണ്. ജീവിതത്തിന്റെ താൽക്കാലികതയെ ഇത് ഊന്നിപ്പറയുന്നു, ഭൗതിക ആവശ്യങ്ങളിൽ അധികം അഭിരമിക്കാതെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു, ഭക്തിയും ആത്മസമർപ്പണവുമാണ് മോക്ഷത്തിലേക്ക് പോകാനുള്ള പാതകളാണെന്ന് ഊന്നിപ്പറയുന്നു ജ്ഞാനപ്പാന. ലോകം എന്നതു തന്നെ മായയാണെന്നും, കർമ്മ സിദ്ധാന്തത്തെ കുറിച്ചും വ്യക്തമായി അത് രേഖപെടുത്തി തരുന്നു. മനുഷ്യജന്മം ആത്മീയ പ്രഗത്ഭതയിലൂടെ മുന്നോട്ട് പോകാനുള്ള ഒരു വിലപ്പെട്ട അവസരമാണെന്നും സുവ്യക്തമായി പൂന്താനം നമ്മൾക്ക് ജ്ഞാനപ്പാനയിലൂടെ പറഞ്ഞു തരികയും ചെയ്യുന്നു. അഹങ്കാരത്തിൽ വീഴരുതെന്ന് അദ്ദേഹം നമുക്ക് മുന്നറിയിപ്പ് നൽകുന്നു, ഒപ്പം വിനയത്തെയും കരുണയെയും, മാനവ സേവയേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് അത്. മനസ്സറിഞ്ഞുള്ള സുചിന്തകളിലൂടെ, ധാർമ്മിക ജീവിതം നയിക്കുന്നതിലൂടെ, ആഴത്തിലുള്ള ആത്മീയ സത്യത്തിന്റെ അന്വേഷണത്തെ ഇന്നത്തെ ലോകത്ത് പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ഔചിത്യത്തെ കുറിച്ചും ഓർമ്മിപ്പിക്കുകയാണ് ജ്ഞാനപ്പാന!

ശ്രീ. ശരത്. എ. ഹരിദാസൻ, എഴുത്തുകാരൻ, കഥാകാരൻ, സംവിധായകൻ, നിർമ്മാതാവ്, പ്രഭാഷകൻ തുടങ്ങി ഒട്ടനവധി മേഖലകളിൽ പ്രശസ്തി നേടിയിട്ടുള്ള, ആത്മീയ ജ്ഞാനമൃതം എഴുത്തിലൂടെയും ആധുനികസാങ്കേതിക വിദ്യയിലുടെയും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാ പ്രതിഭയാണ്. ജ്യോതിഷ വിഷയങ്ങളിലും കേരളീയ ക്ഷേത്രാചാരങ്ങളിലും, ചടങ്ങുകളിലും, ദേവപ്രശ്നം, പ്രായശ്ചിത്ത വിധികൾ എന്നിവയിലും അവഗാഹമായ പാണ്ഡിത്യം നേടിയിട്ടുണ്ട് ഇദ്ദേഹം. ഈ വിഷയങ്ങളെക്കുറിച്ചെല്ലാം ഒട്ടനവധി പ്രഭാഷണങ്ങൾ കേരളത്തിലുടനീളം നടത്തിയിട്ടുമുണ്ട്.

അതി മഹത്തായ ഈ ജ്ഞാനപ്പാനയെ അധികരിച്ച് സാധാരണക്കാർക്കുതകും വിധമുള്ള ഒരു പ്രഭാഷണ പരമ്പരയാണ് നവംബർ 18 മുതൽ 22 വരെ ടി.ഡി.എം ഹാളിൽ അവതരിപ്പിക്കുന്നത്. എല്ലാ ഭക്തജനങ്ങളേയും സാദരം സ്വാഗതം ചെയ്യുന്നു.

Ernakulam Karayogam
TDM Hall Complex, D.H. Road, Kochi - 682016

**എറണാകുളം കരയോഗം, ചെറായി ചൈൽഡ് കെയർ ഹോം (ഗേൾസ് )ന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ശിലാസ്ഥാപന ചടങ്ങുകളിൽ നിന്ന്...**






**എറണാകുളം കരയോഗം ദീപാവലി ഉദ്ഘാടനം....**







DATE OF PUBLICATION: 10-11-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 NOVEMBER 2024 Issue No. 11

## ബീം നവംബർ മാസ പരിപാടി

പ്രശസ്ത സംഗീത സംവിധായകൻ അന്തരിച്ച എം.കെ.അർജുനൻ മാസ്റ്ററുടെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ഗാനങ്ങൾ അവതരിപ്പിക്കുന്നു.

**'തളിർവലയോ'**

**26th Tuesday 6.15 p.m**



Ganamela by music bank Kochi

ഏവർക്കും സ്വാഗതം

## എറണാകുളം കരയോഗം സാഹിതി യോഗം

നവംബർ 24 ഞായറാഴ്ച വൈകുന്നേരം 3.30 ന്
ടി.ഡി.എം. ഹാളിൽ

**നളചരിതം**

അവതരണം - ശ്രീ കെ. രാധാകൃഷ്ണൻ

ഏവർക്കും സ്വാഗതം

## എറണാകുളം കരയോഗം സാംസ്ക്കാരികവേദി

### അകായിലെ സംഗീതം

നവംബർ 17 ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക്
ടി.ഡി.എം. ഹാളിൽ

**വയലാർ, ബ്രഹ്മാനൻ, കമുകറ പുരുഷോത്തമൻ എന്നിവരുടെ ഗാനങ്ങൾ**

ഏവർക്കും സ്വാഗതം

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

നവംബർ 23 മുതൽ 25 വരെ
എറണാകുളം ടി.ഡി.എം ഹാളിൽ.

**WORLD HERITAGE WEEK**

23-ന് ലോക പൈതൃകത്തിലേക്കുള്ള ആമുഖം: 5-7 p.m
24-ന് ഹെറിറ്റേജ് വാക്ക്: 7-9 a.m OR 5-7 p.m
25-ന് കൊച്ചിയുടെ പൈതൃക നയത്തിന്റെ കരട്: 5-7 p.m

**Registration required for participation**
**Mob: 9871568309, 9567044777**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.